05 വെള്ളി ജൂൺ 2020
22 ഇടവം 1196 Vol. 2 Issue No.227
World Environment Day
# കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:
₹ 7.50
പേജ് 12
www.keralapranamam.com
infokeralapranamam@gmail.com
തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

BIG MESSAGE FROM TEAM KERALAPRANAMAM



SAVE PAPER
SAVE TREES
SAVE THE WORLD

ഈ പരിസ്ഥിതി ദിനത്തിൽ കേരളപ്രണാമം വഴി കാട്ടുന്നു

വായിക്കാം... മലയാളത്തിലെ സമ്പൂർണ്ണ ഡിജിറ്റൽ പത്രം സൗജന്യമായി
Visit: keralapranamam.com

# വേണം അതിജാഗ്രത




**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്നലെ 94 പേർക്ക് കൂടി കോവിഡ് 19 സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. പത്തനംതിട്ട ജില്ലയിൽ നിന്നുള്ള 14 പേർക്കും, കാസർഗോഡ് ജില്ലയിൽ നിന്നുള്ള 12 പേർക്കും, കൊല്ലം ജില്ലയിൽ നിന്നുള്ള 11പേർക്കും (ഒരു മരണം), കോഴിക്കോട് ജില്ലയിൽ നിന്നുള്ള 10 പേർക്കും, ആലപ്പുഴ, മലപ്പുറം (ഒരു മരണം) ജില്ലകളിൽ നിന്നുള്ള 8 പേർക്ക് വീതവും, പാലക്കാട് ജില്ലയിൽ നിന്നുള്ള 7 പേർക്കും (മരണം1), കണ്ണൂർ ജില്ലയിൽ നിന്നുള്ള 6 പേർക്കും, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ നിന്നുള്ള 5 പേർക്ക് വീതവും, തൃശൂർ ജില്ലയിൽ നിന്നുള്ള 4 പേർക്കും, എറണാകുളം, വയനാട് ജില്ലകളിൽ നിന്നുള്ള 2 പേർക്ക് വീതവുമാണ് രോഗം സ്ഥിരീകരിച്ചത്. ഇതിൽ 47 പേർ വിദേശത്ത് നിന്നും (കുവൈറ്റ്28, യു.എ.ഇ.12, റഷ്യ3, ഖത്തർ1, സൗദി അറേബ്യ1, മാലിദ്വീപ്1, താജിക്കിസ്ഥാൻ1) 37 പേർ മറ്റ് സംസ്ഥാനങ്ങളിൽ (മഹാരാഷ്ട്ര23, തമിഴ്നാട്8, ഡൽഹി3, ഗുജറാത്ത്2, രാജസ്ഥാൻ1) നിന്നും വന്നതാണ്. 7 പേർക്ക് സമ്പർക്കത്തിലൂടെയാണ് (കോഴിക്കോട്2, മലപ്പുറം2, തൃശൂർ2 കാസർഗോഡ്1) രോഗം സ്ഥിരീകരിച്ചത്.

സംസ്ഥാനത്ത് ഇന്നലെ മൂന്ന് കോവിഡ് മരണങ്ങളും സ്ഥിരീകരിച്ചു. പാലക്കാട് കടമ്പഴിപ്പുറം ചെട്ടിയാംകുളം സ്വദേശിനി മീനാക്ഷിയമ്മാൾ, അബുദാബിയിൽ നിന്ന് എത്തിയ മലപ്പുറം എടപ്പാൾ സ്വദേശി ഷബ്നാസ്, കൊല്ലം ജില്ലയിലെ കാവനാട് സേവ്യർ എന്നിവരാണ് കോവിഡ് ബാധിച്ച് മരിച്ചതായി സ്ഥിരീകരിച്ചത്. മീനാക്ഷിയമ്മാൾ ബുധനാഴ്ചയാണ് മരിച്ചത്. ഷബ്നാസും സേവ്യറും രണ്ട് ദിവസം മുമ്പും മരിച്ചു. മരണ ശേഷമാണ് ഇവർക്ക് കോവിഡ് സ്ഥിരീകരിച്ചത്. സേവ്യറെ മരണമടഞ്ഞ ശേഷമാണ് ആശുപത്രിയിൽ എത്തിച്ചത്. ഷബനാസ് രക്താർബുദ ചികിത്സയിലായിരുന്നു. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 14 ആയി.

അതേസമയം രോഗം സ്ഥിരികരിച്ച് ചികിത്സയിലായിരുന്ന 39 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയി. പാലക്കാട് ജില്ലയിൽ നിന്നുള്ള 13 പേരുടെയും (ഒരു മലപ്പുറം സ്വദേശി), മലപ്പുറം ജില്ലയിൽ നിന്നുള്ള 8 പേരുടെയും കണ്ണൂർ ജില്ലയിൽ നിന്നുള്ള 7 പേരുടെയും (ഒരു കോഴിക്കോട് സ്വദേശി), കോഴിക്കോട് ജില്ലയിൽ നിന്നുള്ള 5 പേരുടെയും, തൃശൂർ, വയനാട് ജികളിൽ നിന്നുള്ള 2 പേരുടെയും തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ള ഓരോരുത്തരുടെ വീതവുമാണ് പരിശോധനാഫലം നെഗറ്റീവ് ആയത്. ഇതോടെ 884 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 690 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

എയർപോർട്ട് വഴി 38,945 പേരും സീപോർട്ട് വഴി 1621 പേരും ചെക്ക് പോസ്റ്റ് വഴി 1,11,592 പേരും റെയിൽവേ വഴി 14,450 പേരും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 1,66,608 പേരാണ് പുറത്തുനിന്നെത്തിയത്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,70,065 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,68,578 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 1487 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 225 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

ഇന്നലെ പുതുതായി 9 ഹോട്ട്സ്പോട്ടുകൾ കൂടി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ ഇരിട്ടി മുൻസിപ്പാലിറ്റി, തില്ലങ്കരി, ആന്തൂർ മുൻസിപ്പാലിറ്റി, ശ്രീകണ്ഠാപുരം, കൊല്ലം ജില്ലയിലെ അഞ്ചൽ, ഏരൂർ, കടക്കൽ, പാലക്കാട് ജില്ലയിലെ കൊപ്പം, എലപ്പുള്ളി എന്നിവയാണ് പുതിയ ഹോട്ട്സ്പോട്ടുകൾ. 13 പ്രദേശങ്ങളെ ഹോട്ട് സ്പോട്ടിൽ നിന്നും ഒഴിവാക്കി. നിലവിൽ 124 ഹോട്ട് സ്പോട്ടുകളാണ് ഉള്ളത്.

## കരിമൂർഖന്റെ ശൗര്യം കൂട്ടാനായി 11 ദിവസം പട്ടിണിക്കിട്ടു;

■ നിർണ്ണായക മൊഴി വെളിപ്പെടുത്തി സൂരജ്

**കൊല്ലം:** ഉത്ര കൊലപാതകത്തിൽ വീണ്ടും സൂരജിന്റെ നിർണായകമൊഴി. ഉത്രയെ കടിപ്പിച്ച കരിമൂർഖന്റെ ശൗര്യം കൂട്ടാനായി 11 ദിവസം പട്ടിണിക്കിട്ട ശേഷമാണ് ഉത്രയെ കടിപ്പിച്ചതെന്ന് ഭർത്താവ് സൂരജ് വെളിപ്പെടുത്തി. ജ്യൂസിൽ മയക്ക ഗുളിക ചേർത്തു നൽകിയതിനു ശേഷം ഉത്രയുടെ ഇടതു ഭാഗത്തു മൂർഖനെ ജാറിൽ നിന്ന് കുടഞ്ഞിടുകയായിരുന്നുവെന്ന് സൂരജ് പൊലീസിന് മൊഴി നൽകി. ഏപ്രിൽ 24 മുതൽ മെയ് ആറു വരെ പ്ലാസ്റ്റിക് ജാറിൽ അടച്ചു സൂക്ഷിച്ച മൂർഖനെ ഉത്രയുടെ ശരീരത്തിൽ കുടഞ്ഞിട്ടപ്പോൾ പാമ്പ് തന്റെ നേരെ ചീറ്റിയെന്നും പിന്നാലെ ഉത്രയെ ആഞ്ഞുകൊത്തുകയുമായിരുന്നുവെന്നാണ് സൂരജിന്റെ മൊഴി.

ഉത്രയെ വകവരുത്താൻ വേണ്ടി മൂന്ന് തവണയാണ് താൻ കെണി ഒരുക്കിയതെന്നും അന്വേഷണ സംഘത്തോട് സൂരജ് വെളിപ്പെടുത്തി.

## തീർത്ഥവും പ്രസാദവുമില്ല, 65 കഴിഞ്ഞ വർക്ക് പ്രവേശനവുമില്ല

■ ആരാധനാലയങ്ങൾ തുറക്കാൻ മാർഗരേഖ

**ന്യൂഡൽഹി:** ആരാധാനലയങ്ങളും റെസ്റ്റോറന്റുകളും തിങ്കളാഴ്ച മുതൽ തുറക്കുന്നതിന് തുറക്കുന്നതിന് കേന്ദ്രം മാർഗനിർദേശം പുറത്തിറക്കി. ആരാധനാലയത്തിലെ വിഗ്രഹത്തിലോ, പരിശുദ്ധ ഗ്രന്ഥങ്ങളിലോ തൊടാൻ അനുവദിക്കരുത്. പ്രസാദം, തീർത്ഥം എന്നിവ ആരാധനാലയാങ്ങളിൽ നൽകാൻ പാടില്ല. ഒരുമിച്ച് ആളുകളെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കരുത്. മാസ്കുകൾ നിർബന്ധമാണ്. കോവിഡ് രോഗലക്ഷണമില്ലാത്തവരെ മാത്രമെ ആരാധാനലയത്തിൽ പ്രവേശിക്കാൻ അനുവദിക്കൂ. ക്ഷേത്രത്തിലെ പ്രവേശന കവാടത്തിൽ താപനില പരിശോധിക്കാൻ സംവിധാനം ഉണ്ടാകണം. ആരാധനാലയത്തിൽ പ്രവേശിക്കുന്നതിന് മുൻപ് കൈയും കാലും സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകണമെന്നും മാർഗരേഖയിൽ പറയുന്നു.

സമൂഹ പ്രാർത്ഥനയ്ക്ക് സ്വന്തം പായകൊണ്ടു വരണം. ഒരുമിച്ച് ആൾക്കാരെ പ്രവേശിപ്പിക്കരുത്. ക്യൂവിൽ സാമൂഹിക അകലം ഉറപ്പാക്കണം. ആരാധനാലയത്തിന് പുറത്ത് ഉള്ള കടകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിലും സാമൂഹിക അകലം ഉറപ്പാക്കണം. ആരാധനാലയത്തിന് പുറത്തേക്ക് പോകാൻ പ്രത്യേക വഴി ഉണ്ടാകണം. വലിയ ആൾക്കൂട്ടം ഉണ്ടാകുന്ന ചടങ്ങുകൾ അനുവദിക്കരുത്. പരാമാവധി റെക്കോർഡ് ചെയ്ത ആത്മീയ ഗാനങ്ങളും, വാദ്യമേളങ്ങളും ആണ് ഉപയോഗിക്കേണ്ടത്. തത്സമയ ചടങ്ങുകൾ അനുവദിക്കരുത്.

ആരാധനാലയം കൃത്യമായ ഇടവേളകളിൽ കഴുകുകയും, അണുവിമുക്തമാക്കുകയും വേണം. 65 വയസ്സ് കഴിഞ്ഞവരും, 10 വയസ്സിന് താഴെ ഉള്ളവരും, ഗർഭിണികളും, മറ്റ് അസുഖങ്ങൾ ഉള്ളവരും വീടുകളിൽ തന്നെ കഴിയണം.

റെസ്റ്റോറന്റുകളിൽ മാസ്ക് നിർബന്ധമാണ് സാമൂഹിക അകലം പാലക്കണം. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും തെർമൽ സ്ക്രീനിങ് നിർബന്ധം. സന്ദർശകർ യാത്രാവിവരങ്ങളും ആരോഗ്യസ്ഥിതിയും സാക്ഷ്യപ്പെടുത്തണം.

## ഡൽഹി എയിംസിലെ 480 ആരോഗ്യ പ്രവർത്തകർക്ക് കോവിഡ്

**ന്യൂഡൽഹി:** ഡൽഹി എയിംസിൽ 19 ഡോക്ടർമാരും 38 നഴ്സുമാരും ഉൾപ്പെടെ 480 ആരോഗ്യപ്രവർത്തകർക്ക് കോവിഡ് ബാധ കണ്ടെത്തി. ഡോക്ടർമാരിൽ രണ്ട് പേർ ഫാക്കൽറ്റി അംഗങ്ങളാണ്. 74 സുരക്ഷാ ജീവനക്കാർ, 75 ഹോസ്പിറ്റൽ അറ്റൻഡേഴ്സ്, 54 ശുചീകരണ തൊഴിലാളികൾ, 14 ലാബ് ടെക്നീഷൻ എന്നിവരിലും കോവിഡ് ബാധ സ്ഥിരീകരിച്ചു.




**ഇന്ത്യയിൽ**
രോഗികൾ 2,16,919
മരണം 6,075

**ലോകത്ത്**
രോഗികൾ 65,75,568
മരണം 3,88,041

### ആശാൻ

ആരാധനാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള മാർഗരേഖ പുറത്തിറക്കി



ദൈവങ്ങൾക്ക് ഇനി ഇരിക്കപ്പൊറുതി ഇല്ലാതായി

## പരിസ്ഥിതി നിയമങ്ങൾ പാലിക്കാതെ എന്തുകൊണ്ട് മണൽ നീക്കം ചെയ്യുന്നുവെന്ന് ഗ്രീൻ ട്രിബ്യൂണൽ

■ റിപ്പോർട്ട് നൽകാൻ പ്രത്യേക സമിതിയെ നിയോഗിച്ചു

**തിരുവനന്തപുരം:** സർക്കാർ ഖജനാവിന് നേരിട്ട് മുതൽ കൂട്ടേണ്ട കോടിക്കണക്കിന് രൂപ പൊതുമേഖലാ സ്ഥാപനത്തിന്റെ പേരു പറഞ്ഞ് സർക്കാർ നഷ്ടപ്പെടുത്തുകയാണെന്നും ഇതിനുപിന്നിൽ അഴിമതിയും ദുരൂഹതയുമുണ്ടെന്നുമുള്ള പ്രതിപക്ഷ ആരോപണത്തെത്തുടർന്ന് ദേശീയ ഹരിത ട്രിബ്യൂണൽ സർക്കാരിനോട് വിശദീകരണം തേടി.

പരിസ്ഥിതി നിയമങ്ങളും നടപടി ക്രമങ്ങളും പരിഗണിക്കാതെ എന്തുകൊണ്ട് ദുരന്ത നിവാരണ നിയമപ്രകാരം മണൽ നീക്കം ചെയ്യാൻ ഉത്തരവിട്ടുവെന്നാണ് ഹരിത ട്രിബ്യൂണൽ ചോദിച്ചത്. മണൽ നീക്കത്തെക്കുറിച്ച് റിപ്പോർട്ട് നൽകാൻ പ്രത്യേക സമിതിയെ ഹരിത ട്രിബ്യൂണൽ നിയോഗിച്ചിട്ടുണ്ട്.

കേന്ദ്ര വനം മന്ത്രാലയത്തിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫിസിൽ നിന്നുള്ള സീനിയർ ഉദ്യോഗസ്ഥൻ, വനം മേധാവി നിയോഗിക്കുന്ന സിസിഎഫിൽ കുറഞ്ഞ യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥൻ, പത്തനംതിട്ട കലക്ടർ , മൈനിങ് ആൻഡ് ജിയോളജി സിനീയർ ഉദ്യോഗസ്ഥൻ, പത്തനംതിട്ട ഡിഎഫ്ഒ, ദുരന്ത നിവാരണ മെംബർ സെക്രട്ടറി എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.എത്ര മണല് നീക്കം ചെയ്യണം എന്നതിനെക്കുറിച്ച് പഠനം നടന്നോ എന്ന് കമ്മിറ്റി പരിശോധിക്കണം. രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് കമ്മിറ്റിയോട് ആവശ്യപ്പെട്ടത്.

### മണലും മാലിന്യങ്ങളും ജില്ലാ ഭരണകൂടം നേരിട്ട് നീക്കൽ ആരംഭിച്ചു

പത്തനംതിട്ട: പമ്പയിലെ 1,28,000 മീറ്റർ ക്യൂബ് മണലും മാലിന്യങ്ങളും ജില്ലാ ഭരണകൂടം നേരിട്ട് ഇടപെട്ട് നീക്കൽ ആരംഭിച്ചെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. 2018ലെ മഹാപ്രളയകാലത്തും അതിനുശേഷവും പമ്പ ത്രിവേണി മുതൽ രണ്ടു കിലോമീറ്ററിലധികം സ്ഥലത്ത് അടിഞ്ഞുകൂടിയ മണൽ ഉൾപ്പെടെയുള്ളവ വെള്ളപ്പൊക്കം സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന് ജില്ലാ ദുരന്തനിവാരണ വിഭാഗം കണ്ടെത്തിയിരുന്നു. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ (ജൂൺ 30 അകം) മണൽ, മാലിന്യങ്ങൾ എന്നിവ നദിയിൽ നിന്ന് നീക്കം ചെയ്യും.

കഴിഞ്ഞ ദിവസം 29 ടിപ്പർ, 7 ജെസിബി, 2 ഹിറ്റാച്ചി എന്നിവ ഉപയോഗിച്ച് 125 ലോഡുകളായി 500 മീറ്റർ ക്യൂബ് മണൽ, മാലിന്യങ്ങളാണ് നീക്കം ചെയ്തത്. ആവശ്യമെങ്കിൽ കൂടുതൽ വാഹനങ്ങൾ അടുത്ത ദിവസങ്ങളിൽ ഉപയോഗിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു. എസ്.ഡി.ആർ.എഫ് ഫണ്ട് ഉപയോഗിച്ചാണ് മണൽ മാറ്റുന്നത്. എടുക്കുന്ന മണൽ വനംവകുപ്പിന്റെ സ്ഥലമായ പമ്പ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിനു പിറകിലുള്ള ഭൂമിയിലാണിടുന്നത്.

### തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത വിദേശികൾക്ക് കേന്ദ്രത്തിന്റെ വിലക്ക്

## പത്ത് വർഷത്തേക്ക് ഇന്ത്യയിലേക്ക് കടക്കരുത്

**ന്യൂഡൽഹി:** ഡൽഹി നിസാമുദ്ദീനിൽ നടന്ന തബ്‌ലീഗ് മതസമ്മേളനത്തിൽ പങ്കെടുത്ത വിദേശികൾ പത്ത് വർഷത്തേക്ക് ഇന്ത്യയിലേക്ക് പ്രവേശിക്കരുതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ വിലക്ക്. 2,550 വിദേശികൾക്കാണ് കേന്ദ്രം വിലക്കേർപ്പെടുത്തിയിരിക്കുന്നത്.

ലോക്ക്ഡൗൺ നിർദ്ദേശങ്ങൾ ലംഘിച്ച് മതസമ്മേളനം നടത്തിയതിന് ഇന്ത്യയിലെ തബ്‌ലീഗ് ജമാഅത്ത് തലവൻ മൗലാന സാദ്, അദ്ദേഹത്തിന്റെ മകൻ എന്നിവരുൾപ്പെടെയുള്ളവർക്കെതിരെ സർക്കാർ നടപടിയെടുത്തിരുന്നു. ഇതിന് പിന്നാലെയാണ് വീണ്ടും നടപടി വന്നിരിക്കുന്നത്. ലോക്ക്ഡൗൺ നിർദ്ദേശങ്ങൾ ലംഘിച്ചതിന് കഴിഞ്ഞ മാസം 960 വിദേശ തബ്‌ലിഗ് അംഗങ്ങളുടെ വിസ റദ്ദാക്കുകയും അവരെ ഇന്ത്യയിൽ പ്രവേശിക്കുന്നതിന് സർക്കാർ വിലക്കേർപ്പെടുത്തുകയും ചെയ്തിരുന്നു.

പ്രവേശന വിലക്ക് നേരിടുന്നവരിൽ നാലുപേർ അമേരിക്കൻ പൗരന്മാരും ഒമ്പത് പേർ ബ്രിട്ടീഷ പൗരത്വമുള്ളവരുമാണ്. ആറ് ചൈനക്കാർക്കും വിലക്കുണ്ട്. ടൂറിസ്റ്റ് വിസയിലാണ് തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്ത വിദേശികളിൽ പലരും ഇന്ത്യയിലെത്തിയത്. ഈ വിസയിലെത്തുന്നവർക്ക് മതപരമായ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ അനുവാദമില്ല. ഇതേതുടർന്ന് ഫോറിനേഴ്സ് ആക്ട്, ദുരന്ത നിവാരണ നിയമം എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപടിയുണ്ടായിരിക്കുന്നത്.

## ഭർത്താവും ആറ് സുഹൃത്തുക്കളും ചേർന്ന് യുവതിയെ മദ്യം കുടിപ്പിച്ച് ബലാത്സംഗം ചെയ്തു

### ഭർത്താവ് കസ്റ്റഡിയിൽ

**തിരുവനന്തപുരം:** ബലമായി മദ്യം നൽകി അബോധാവസ്ഥയിലാക്കിയ ശേഷം യുവതിയെ ഭർത്താവും ആറ് സുഹൃത്തുക്കളും കൂട്ടബലാൽസംഗം ചെയ്തതായി പരാതി. കഠിനംകുളത്താണ് സംഭവം. ആറുപേരടങ്ങിയ സംഘമാണ് യുവതിയെ ബലാൽ സംഗത്തിനിരയാക്കിയത്. ബലമായി മദ്യം നൽകിയ ശേഷം തീരപ്രദേശത്തെ വീട്ടിൽ വച്ചാണ് പീഡനം. അബോധാവസ്ഥയിലായ യുവതിയെ ചിറയിൻകീഴ്



ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഭർത്താവ് കസ്റ്റഡിയിലായി. മറ്റുപ്രതികൾക്കായി തിരച്ചിൽ തുടരുകയാണ്.

ഭർത്താവിന്റെ വീട്ടിൽ താമസിക്കുകയായിരുന്ന യുവതിയെ വൈകിട്ട് നാലരയോടെയാണ് വാഹനത്തിൽ കയറ്റി മറ്റൊരിടത്തേക്ക് കൊണ്ടുപോയത്. അവിടെ വച്ച് നിർബന്ധിച്ച് മദ്യം കുടിപ്പിച്ച ശേഷം ഭർത്താവും സുഹൃത്തുക്കളും ചേർന്ന് യുവതിയെ ബലാത്സംഗം ചെയ്യുകയായിരുന്നു. സ്ഥലത്ത് നിന്ന് രക്ഷപ്പെട്ട് ഇറങ്ങിയോടിയ യുവതിയെ നാട്ടുകാരാണ് കണിയാപുരത്തുള്ള വീട്ടിലെത്തിച്ചത്. അവശയായ യുവതി അബോധാവസ്ഥയിലായതോടെ ആശുപത്രിയിലാക്കി. തുടർന്ന് പൊലീസിനെ വിവരമറിയിച്ചു. അബോധാവസ്ഥയിലായതിനാൽ യുവതിയുടെ മൊഴിയെടുക്കാൻ ആയിട്ടില്ല.

## 'പാഠം 1 കൃഷി' തുടക്കമായി

നെയ്യാറ്റിൻകര: ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി 'സദ്ഗമയാ' സാംസ്കാരിക വേദി ആരംഭിക്കുന്ന 'പാഠം 1 കൃഷി 'എന്ന പദ്ധതിക്ക് വിദ്യാർത്ഥികൾ ചേർന്നത് തുടക്കമായി. നെയ്യാറ്റിൻകര മണലൂർ ഏലായിൽ 30 വർഷത്തിലേറെയായി കൃഷിയില്ലാതെ കിടന്ന തരിശുഭൂമിയാണ് കൃഷി നിലമാക്കി വിദ്യാർത്ഥികൾ പദ്ധതിയുടെ ഭാഗമായത്. ഉദ്ഘാടനം പി.ഗോപിനാഥൻ നായർ നിർവഹിച്ചു. സദ്ഗമയാ പ്രസിഡന്റ് അഡ്വ.സി.ആർ പ്രാണകുമാർ, മുൻസിപ്പൽ കൗൺസിലർമാരായ ശ്രീകണ്ഠൻ നായർ, പുന്നയ്ക്കാട് സജു, നെയ്യാറ്റിൻകര കൃഷി ഓഫീസർ അനിൽ കുമാർ, അഡ്വ.വി.പി.വിഷ്ണു, ഊരുട്ടുകാല സുരേഷ്, ഷിജു.എസ്.കെ, അബിൻകോടങ്കര, സച്ചിൻ മര്യാപുരം, വിനായക് തുടങ്ങിയവർ പങ്കെടുത്തു. വിഷരഹിത പ്രോത്സാഹിപ്പിക്കുന്ന ഈ മാതൃകാ സംരംഭത്തിന് വിദ്യാർത്ഥികളായ ശ്യാംകുമാർ, അച്ചു, ശരൺ, സന്ദീപ് , സച്ചു, സഞ്ചു, ശംഭു, രാമു തുടങ്ങിയവരാണ് നേതൃത്വം നൽകുന്നത്.

## ഉദ്ഘാടനം മാറ്റിവച്ചു

**തിരുവനന്തപുരം:** അഭിനേതാക്കളുടെ സംഘടനയായ അമ്മ ഈ മാസം 28ന് കൊച്ചിയിൽ നടത്താനിരുന്ന വാർഷിക പൊതുയോഗവും ആസ്ഥാന മന്ദിരത്തിന്റെ ഉദ്ഘാടനവും മാറ്റിവച്ചു. ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ തുടരുന്നതു കൊണ്ടാണിതെന്ന് ജനറൽ സെക്രട്ടറി ഇടവേള ബാബു അറിയിച്ചു. സാഹചര്യം മാറിയശേഷം അനുയോജ്യമായ പുതിയ തിയതി എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന്തീരുമാനിച്ചശേഷം അംഗങ്ങളെ അറിയിക്കും.

## വിരമിച്ചു

**തിരുവനന്തപുരം:** 31 വർഷത്തെ സേവനത്തിനുശേഷം ജയിൽ വകുപ്പിൽ നിന്ന് വിരമിച്ച എൻ. സുരേഷ്. ആറ്റിങ്ങൽ സബ് ജയിൽ സൂപ്രണ്ടായും സിക്ക ട്രെയിനിംഗ് സ്കൂളിൽ ലക്ചററായും നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2018 ൽ സ്തുത്യർഹ സേവനത്തിനുള്ള രാഷ്ട്രപതിയുടെ കറക്ഷണൽ സർവീസ് മെഡലും ലഭിച്ചിട്ടുണ്ട്.

# ഭൂരിപക്ഷം കോളേജ് വിദ്യാർത്ഥികളും ഓൺലൈൻ പഠനത്തിന് സജ്ജം

**തിരുവനന്തപുരം:** കോവിഡ് പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്തേണ്ട ക്രമീകരണങ്ങളെ കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽമാരുമായി വീഡിയോ കോൺഫറൻസിൽ ചർച്ച നടത്തി. ഓൺലൈൻ പഠനപ്രവർത്തനങ്ങൾക്ക് 90 ശതമാനത്തിൽ അധികം വിദ്യാർഥികളും സജ്ജരാണ് എന്നാണ് ചർച്ചയിൽ പങ്കെടുത്ത ഭൂരിപക്ഷം പ്രിൻസിപ്പൽമാരും അറിയിച്ചത്. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മേഖലകളിലെ കുട്ടികൾക്കു പോലും ഇലക്ട്രോണിക് പഠനോപകരണങ്ങൾ ലഭ്യമാണ്. അട്ടപ്പാടിയിലെ കോളേജിൽ ഏഴു പേർക്ക് മാത്രമാണ് ഇലക്ട്രോണിക് പഠനോപകരണങ്ങൾ ലഭ്യമല്ലാത്തത്. അതേസമയം മലയോര മേഖലയിൽ നിന്നുള്ള കോളേജുകളിൽ ഇൻറർനെറ്റ് വേഗതയില്ലായ്മയെ കുറിച്ച് ആശങ്കയുണ്ട്. തുടർച്ചയായി അഞ്ചുമണിക്കൂർ ഓൺലൈൻ പഠനത്തിന്റെ വിഷമതകളും ചർച്ചയിൽ ഉയർന്നു. ലൈവ് ക്ലാസ്സുകൾക്ക് പകരം റെക്കോർഡ് ചെയ്ത വീഡിയോ ഉപയോഗിച്ച് ക്ലാസുകൾ നടത്തി ഭൂരിപക്ഷം കോളേജുകളും ഈ പ്രശ്നം മറികടന്നിട്ടുണ്ട്.

സർവകലാശാലാ തലത്തിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ വിദ്യാർഥികൾക്കായി യൂട്യൂബ് ചാനൽ പോലുള്ള സങ്കേതങ്ങൾ ഉപയോഗിച്ച് ക്ലാസ്സുകൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്ന അഭിപ്രായം ഉയർന്നു. കോളേജ് പിടിഎകൾ, പൂർവ വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ കോളേജ് തലത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് പഠനോപകരണങ്ങൾ നൽകുന്ന പദ്ധതി രൂപീകരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു.

പരമ്പരാഗത രീതിയിലെ ക്ലാസ്റൂം പഠനം നൽകുന്ന ഉയർന്ന വൈജ്ഞാനിക തലം ഓൺലൈൻ രീതിയിൽ



ഉറപ്പുവരുത്താൻ ആവില്ലെന്നും അതിനാൽ ഇപ്പോഴത്തെ സാഹചര്യം താൽക്കാലികമാണെന്നും മന്ത്രി ഡോ. കെ. ടി. ജലീൽ അഭിപ്രായപ്പെട്ടു. കോളേജുകളിലെ ഓൺലൈൻ അധ്യയന സമയം രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയാണെങ്കിലും പരീക്ഷാ ജോലികൾക്ക് നിയോഗിക്കപ്പെട്ട അധ്യാപകർക്ക് ഈ സമയക്രമം ബാധകമല്ല.

വിദ്യാർത്ഥികൾക്ക് ലഭ്യമായ ഇലക്ട്രോണിക് പഠന സംവിധാനങ്ങളെ കുറിച്ചുള്ള വിശദമായ റിപ്പോർട്ട് എല്ലാ കോളേജുകളും ഈ മാസം എട്ടിനകം ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കണം. വിദ്യാർഥികൾക്ക് സർക്കാർ തലത്തിൽ ഏതെല്ലാം രീതിയിൽ സഹായം നൽകണമെന്ന് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കും. ഇപ്പോഴത്തെ മാർഗ്ഗനിർദ്ദേശങ്ങൾ താൽക്കാലികമാണെന്ന് മന്ത്രി പറഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ വി. വിഘ്നേശ്വരി തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു.

## ശിവഗിരി ടൂറിസം സർക്യൂട്ട് പദ്ധതി സംസ്ഥാന സർക്കാർ ഏറ്റെടുക്കണം: വി.ഡി. സതീശൻ

തിരുവനന്തപുരം: കേന്ദ്ര സർക്കാർ റദ്ദാക്കിയ ശ്രീനാരായണ ഗുരുവുമായി ബന്ധപ്പെട്ട ക്ഷേത്രങ്ങളെ കോർത്തിണക്കിയുള്ള 69.47 കോടി രൂപയുടെ ശിവഗിരി ശ്രീനാരായണ ഗുരു ടൂറിസം സർക്യൂട്ട് പദ്ധതിയും 85 കോടിയുടെ തീർത്ഥാടക സർക്യൂട്ട് പദ്ധതിയും സംസ്ഥാന സർക്കാർ ഏറ്റെടുത്തു നടപ്പാക്കണമെന്ന് വി.ഡി. സതീശൻ എം.എൽ.എ ആവശ്യപ്പെട്ടു.

പദ്ധതി റദ്ദാക്കിയ കേന്ദ്ര തീരുമാനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് കെ.പി.സി.സി ഒ.ബി സി ഡിപ്പാർട്ട്മെന്റ് സംസ്ഥാന ചെയർമാൻ അഡ്വ. സുമേഷ് അച്യുതൻ ജനറൽ പോസ്റ്റ് ഓഫീസിനു മുമ്പിൽ അനുഷ്ഠിച്ച 24 മണിക്കൂർ ഉപവാസത്തിന്റെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാംസ്കാരിക നിലയങ്ങളുടെ ഉന്നമനത്തിന് കിഫ്ബിയിൽ പ്രഖ്യാപിച്ച 700 കോടി രൂപയിൽ നിന്ന് ഈ പദ്ധതിക്കുവേണ്ട തുക മാറ്റിവയ്ക്കണമെന്നും സതീശൻ പറഞ്ഞു.

കെ.പി.സി.സി ഒ.ബി.സി ഡിപ്പാർട്ട്മെന്റ് സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ആർ.അജിരാജകുമാർ, എൻ.രാജേന്ദ്രബാബു, രാജേഷ് സഹദേവൻ, ജില്ലാ ചെയർമാൻ ഷാജിദാസ്, അഡ്വ: സജിൻ ലാൽ, ജലീൽ മുഹമ്മദ്, ഹരികുമാർ, സജേഷ് ചന്ദ്രൻ, വില്യം ലാൻസി എന്നിവർ സംസാരിച്ചു.

## വിക്ടേഴ്സ് ചാനൽ ക്ലാസ്: കൂടുതൽ അധ്യാപകരെ പങ്കെടുപ്പിക്കാൻ ക്ലാസ് ചലഞ്ച്

**തിരുവനന്തപുരം:** കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ വിക്ടേഴ്സ് ചാനലിലൂടെ സംപ്രേഷണം ആരംഭിച്ച ക്ലാസുകളിൽ കൂടുതൽ അധ്യാപകരെ പങ്കെടുപ്പിക്കാൻ ക്ലാസ് ചലഞ്ചുമായി വിദ്യാഭ്യാസ വകുപ്പ്.

മികച്ച രീതിയിൽ ക്ലാസ്സെടുക്കുന്ന അധ്യാപകർ തത്പരരായി മുന്നോട്ടു വന്ന സാഹചര്യത്തിൽ അവരെ കൂടി പരിഗണിക്കുന്നതിനാണ് ക്ലാസ്സ് ചലഞ്ച് ആരംഭിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ്, എയ്ഡഡ് സ്കൂൾ അധ്യാപകർ, ടി.ടി.ഐ ഡയറ്റ് അധ്യാപകർ, സമഗ്ര ശിക്ഷയ്ക്ക് കീഴിലുള്ള അധ്യാപകർ എന്നിവർക്ക് മൂന്ന് മുതൽ അഞ്ച് മിനിട്ട് വരുന്ന ഒരു വീഡിയോ പാഠം റെക്കോർഡ് ചെയ്ത് 8547869946 എന്ന വാട്ട്സ് ആപ്പ് നമ്പറിലേയ്ക്കോ, രഹമരൈവമഹഹലിഴല. റഴല@ഴാമശഹ.രീാ ലേക്കോ അയയ്ക്കാം. ക്ലാസ്സെടുക്കുന്ന അധ്യാപകരുടേയും സ്കൂളിന്റെയും പേര്, ക്ലാസ്സ്, വിഷയം എന്നിവയും രേഖപ്പെടുത്തണം.

## ക്വാറന്റൈൻ ചെലവ് ധർണ നടത്തി

നെയ്യാറ്റിൻകര : പ്രവാസികളുടെ ക്വാറന്റൈൻ ചെലവ് സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ട് അഖിലേന്ത്യാ അസംഘടിത തൊഴിലാളി കോൺഗ്രസ് നെയ്യാറ്റിൻകര നിയോജകമണ്ഡലം കമ്മിറ്റി പ്രസിഡന്റ് അമരവിള സുദേവകുമാറിന്റെ അദ്ധ്യക്ഷതയിൽ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിനു മുമ്പിൽ ധർണ നടത്തി. ധർണയിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി നിനോ അലക്സ് ,ഡി.സി.സി ഭാരവാഹികളായ അഡ്വ. വിനോദ്സെൻ, കക്കാട് രാമചന്ദ്രൻ നായർ, ജോസ് ഫ്രാങ്ക്ളിൻ, സുമകുമാരി, എ.കെ. പുരുഷോത്തമൻ,ആർ.പദ്മകുമാർ, എം.സി. സെൽവരാജ്, മാരായമുട്ടം സത്യദാസ്,ആയിര സലിം രാജ്, സി. ഗോപാലകൃഷ്ണൻ നായർ,അഡ്വ.എൽ.എസ്.ഷീല പങ്കെടുത്തു.

### യുവതിയെ ഭർത്താവും സുഹൃത്തുക്കളും കൂട്ടബലാത്സംഗം ചെയ്തതായി പരാതി

**തിരുവനന്തപുരം:** തിരുവനന്തപുരം പോത്തൻകോടിന് സമീപം യുവതിയെ ഭർത്താവും സുഹൃത്തുക്കളും ചേർന്ന് മദ്യം കുടിപ്പിച്ചശേഷം കൂട്ടബലാത്സംഗം ചെയ്തതായി റിപ്പോർട്ട്. സംഭവത്തിൽ ഭർത്താവിനെ പോലീസ് കസ്റ്റഡിയിലെടുത്തതായാണ് വിവരം. മറ്റു പ്രതികൾക്കായി തിരച്ചിൽ തുടരുന്നുണ്ട്.

വ്യാഴാഴ്ച വൈകീട്ട് യുവതിയെ പുതുക്കുറിച്ചിയിലുള്ള ഒരു വീട്ടിലെത്തിക്കുകയും ഭർത്താവും കൂട്ടുകാരും മദ്യപിച്ചശേഷം ആക്രമിച്ചുവെന്നുമാണ് റിപ്പോർട്ട്. യുവതിയെ ബലമായി മദ്യം കുടിപ്പിച്ചശേഷമായിരുന്നു പീഡിപ്പിച്ചതെന്നും റിപോർട്ടിൽ പറയുന്നു.

ആക്രമണത്തിനിടെ വീട്ടിൽനിന്ന് ഇറങ്ങിയോടിയ യുവതി ഒരു വാഹനത്തിന് കൈകാണിച്ചതോടെ നാട്ടുകാർ പ്രശ്നത്തിലിടപെടുകയും അബോധാവസ്ഥയിലായ യുവതിയെ ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു. യുവതി അതി ക്രൂരമായ ആക്രമണത്തിന് ഇരയായതായി ആശുപത്രി അധികൃതർ പറഞ്ഞതായി മാതൃഭൂമി റിപ്പോർട്ട് ചെയ്തു. കണിയാപുരം സ്വദേശിനിയാണ് ആക്രമണം നേരിട്ടത്. യുവതി അബോധാവസ്ഥയിൽ തുടരുകയാണ്. ഭർത്താവും അഞ്ച് സുഹൃത്തുക്കളുമാണ് യുവതി ആക്രമിച്ചതെന്ന് 24 ന്യൂസ് റിപോർട്ട് ചെയ്തു. കഠിനം കുളം പൊലീസ് സ്റ്റേഷനിൽ യുവതിയുടെ വീട്ടുകാർ പരാതി നൽകിയതായും റിപ്പോർട്ടിൽ പറയുന്നു.

### ആഡിറ്റോറിയം സൗജന്യമായി നൽകി

ഉഴമലയ്ക്കൽ: സർക്കാരിന്റെ പ്രവർത്തനങ്ങൾക്കായി ഉഴമലയ്ക്കൽ പി.ചക്രപാണി ആഡിറ്റോറിയം സൗജന്യമായി നൽകി ഉഴമലയ്ക്കൽ ശാഖ മാതൃകയായി. ലോക്ക് ഡൗൺ പ്രഖ്യാപിച്ച് ജനങ്ങൾ ദുരിതത്തിലായതോടെ സൗജന്യ റേഷൻ നൽകാൻ എത്തിച്ച സാധനങ്ങൾ സ്റ്റോക്ക് ചെയ്യാൻ നെടുമങ്ങാട് താലൂക്കിൽ സ്ഥലമില്ലാത്ത സാഹചര്യത്തിലാണ് ഉദ്യോഗസ്ഥർ എസ്.എൻ.ഡി.പി യോഗം ഉഴമലയ്ക്കൽ ശാഖയെ സമീപിച്ചത്.കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു പ്രതിഫലവും വാങ്ങാതെ ആഡിറ്റോറിയം സർക്കാരിന് വിട്ടുകൊടുക്കാൻ ശാഖാ കമ്മിറ്റി തീരുമാനമെടുക്കുകയായിരുന്നു.

സർക്കാരിന്റെ മാർഗനിർദ്ദേശം വന്ന് ഗോഡൗൺ മാറ്റിയശേഷമായിരിക്കും ആഡിറ്റോറിയം

ഇനി വിവാഹത്തിനും മറ്റ് ആവശ്യങ്ങൾക്കായി തുറന്നു നൽകുകയെന്ന് ശാഖാ പ്രസിഡന്റ് ഷൈജുപരുത്തിക്കുഴി,സെക്രട്ടറി സി.വിദ്യാധരൻ,ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർസെക്കൻഡറി സ്കൂൾ മാനേജരും മുൻ ഗുരുവായർ ദേവസ്വം ബോർഡംഗവുമായ ഉഴമലയ്ക്കൽ വേണുഗോപാലും അറിയിച്ചു.

### ധർണ നടത്തി

കാട്ടാക്കട: പ്രവാസി മലയാളികളെ കേന്ദ്ര സർക്കാർ സൗജന്യമായി നാട്ടിലെത്തിക്കുക, തൊഴിൽ നഷ്ടപ്പെട്ട് തിരികെ വരുന്ന പ്രവാസികൾക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള പ്രവാസി ഫെഡറേഷൻ സംസ്ഥാന

വ്യാപകമായി നടത്തുന്ന സമരത്തിന്റെ ഭാഗമായി പ്രവാസി ഫെഡറേഷൻ കാട്ടാക്കട മണ്ഡലം കമ്മിറ്റി മലയിൻകീഴ് പോസ്റ്റാഫീസിന് മുന്നിൽ ധർണ നടത്തി. സി.പി.ഐ മലയിൻകീഴ് ലോക്കൽ സെക്രട്ടി ഗോപൻ സാഗരിയുടെ അദ്ധ്യക്ഷതയിൽ പ്രവാസി ഫെഡറേഷൻ കാട്ടാക്കട മണ്ഡലം സെക്രട്ടറി കാട്ടാക്കട സുരേഷ് ഉദ്ഘാടനം ചെയ്തു.

ജില്ലാ കമ്മിറ്റിയംഗം രാജേഷ് , സി.പി.ഐ മണ്ഡലം സെക്രട്ടറിയേറ്റംഗം ബി.സതീഷ് കുമാർ, പ്രവാസി ഫെഡറേഷൻ ജില്ലാ ട്രഷറർ അൻഷാദ്, ജിനു എന്നിവർ സംസാരിച്ചു.



## ആത്മഹത്യയിൽ സമഗ്രമായ അന്വേഷണം വേണം

പരവൂർ: സത്യദേവിയുടെ ആത്മഹത്യയിൽ സമഗ്രമായ അന്വേഷണം നടത്തണമെന്ന് ബി.ജെ.പി മുൻ സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ ആവശ്യപ്പെട്ടു. പൂതക്കുളത്ത് സത്യദേവിയുടെ വീട് സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മരണത്തിന് പിന്നിലെ ദുരൂഹത പുറത്തു കൊണ്ടുവരുന്നതിന് സ്വതന്ത്ര ഏജൻസിയുടെ അന്വേഷണം അനിവാര്യമാണ്. സി.പി.എം നേതൃത്വത്തിലുള്ള ഭരണസമിതിയെ മാറ്റിനിറുത്തി അന്വേഷണം ആരംഭിക്കണമെന്നും അദ്ദേഹം പറഞ്ഞു. ആർ.എസ്.എസ് വിഭാഗ് കാര്യവാഹക് വി. മുരളീധരൻ, വിഭാഗ് സേവാ പ്രമുഖ് മീനാട് ഉണ്ണി, ബി.ജെ.പി ജില്ലാ പ്രസിഡന്റ് ബി.ബി. ഗോപകുമാർ, നിയോജക മണ്ഡലം പ്രസിഡന്റ് എസ്. പ്രശാന്ത്, ജനറൽ സെക്രട്ടറി മുരളി മൈലക്കാട്, ട്രഷറർ പ്രദീപ്, പഞ്ചായത്ത് സമിതി പ്രസിഡന്റ് സുജിത്ത്, ജനറൽ സെക്രട്ടറി ഷില്ലോക്ക്, സജീഷ് എന്നിവർ ഒപ്പമുണ്ടായിരുന്നു.

## 10000 രൂപ പെൻഷൻ നൽകുക ധർണ നടത്തി

കുന്നത്തൂർ: പാവപ്പെട്ട കർഷകരുടെ അഞ്ചു ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുക, നാലു ശതമാനം പലിശയ്ക്കുള്ള സ്വർണപ്പണയ വായ്പ പുന:സ്ഥാപിക്കുക, 60 വയസ് കഴിഞ്ഞ കർഷകർക്ക് 10000 രൂപ മാസം തോറും പെൻഷൻ നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള കോൺഗ്രസ് (എം) കുന്നത്തൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ശാസ്താംകോട്ട പോസ്റ്റ് ഓഫീസ് പടിക്കൽ ധർണ നടത്തി. ജില്ലാ പ്രസിഡന്റ് വഴുതാനത്ത് ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കോട്ടൂർ നൗഷാദ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ഷാജി സാം പാലത്തടത്തിൽ, ആർ. രവീന്ദ്രൻ പിള്ള, മണ്ഡലം പ്രസിഡന്റുമാരായ സി.ജി. ബേബി, ടി.കെ. ബാബു, തോപ്പിൽ നിസാർ എന്നിവർ പ്രസംഗിച്ചു

## സുഹൃത്തിൻറെ അടിയേറ്റ് യുവാവിന് ദാരുണാന്ത്യം; പ്രതി പോലീസ് പിടിയിൽ

കൊല്ലം: സുഹൃത്തിൻറെ അടിയേറ്റ് യുവാവ് മരിച്ചു. അഞ്ചാലുംമൂട് തണ്ടേക്കാട് ജയന്തികോളനിയിൽ ജോസ് (35) ആണ് മരിച്ചത്. സംഭവവുമായി ബന്ധപ്പെട്ട് സുഹൃത്ത് പ്രശാന്തിനെ ഇന്ന് രാവിലെ അഞ്ചാലുംമൂട് എസ്ഐയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തു. ഇന്നലെ രാത്രി പതിനൊന്നോടെ തണ്ടേക്കർ കോളനിക്ക് സമീപമായിരുന്നു സംഭവം. ജോസും പ്രശാന്തും തമ്മിലുള്ള വാക്കേറ്റത്തിനിടയിൽ പ്രശാന്ത് ജോസിനെ അടിക്കുകയായിരുന്നുവെന്നാണ് പ്രാഥമിക വിവരം. അടിയേറ്റ് വീണ ജോസിനെ ഉടൻ തന്നെ അഞ്ചാലുംമൂട്ടിലെ സ്വകാര്യ ആശുപത്രിയിലെ



ജോസ്

ത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം ജില്ലാആശുപത്രി മോർച്ചറിയിൽ. നേരത്തെ ഗൾഫിൽ ജോലിനോക്കിവന്ന ജോസ് നാട്ടിൽ കൂലിപണിക്ക് പോയിവരികയായിരുന്നു. വിവാഹിതനാണ്.

## വീടാക്രമിച്ച രണ്ടുപേർ പിടിയിൽ

കൊല്ലം: കടപ്പാക്കട സ്വദേശിയായ യുവാവിനെ വീടുകയറി കുത്തിക്കൊലപ്പെടുത്തിയ സംഭവത്തിന് പിന്നാലെ നഗരത്തിലുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധമുള്ള യുവാക്കളുടെ വീടുകളിൽ പൊലീസ് വ്യാപക തെരച്ചിൽ നടത്തി. യുവാവിനെ കൊലപ്പെടുത്തിയ കേസിലെ മുഖ്യപ്രതി മൊട്ടവിഷ്ണുവിന്റെ സുഹൃത്തിന്റെ വീട് അടിച്ചുതകർത്ത കേസിൽ രണ്ട് പേർ കസ്റ്റഡിയിലായി.

ബുധനാഴ്ച രാത്രിയും ഇന്നലെ പകലുമായി 50 ഓളം യുവാക്കളുടെ വീടുകളിലായിരുന്നു പരിശോധന. പൊലീസ് എത്തുമെന്ന് ഉറപ്പുള്ളതിനാൽ പലരും ഇന്നലെ വീടുകളിൽ ഉണ്ടായിരുന്നില്ല. യുവാവ് കൊല്ലപ്പെട്ടതിന് പിന്നാലെ നഗരത്തിൽ മൂന്നിടങ്ങളിലാണ് ഗുണ്ടാ ആക്രമണം ഉണ്ടായത്. ഇതിനെ പുറമേ ഉദയകിരണിന്റെ മൃതദേഹം വീട്ടിലെത്തിച്ചപ്പോഴും നൂറുകണക്കിന് യുവാക്കൾ തടിച്ചുകൂടി സംഘർഷാന്തരീക്ഷം രൂപപ്പെട്ടു. വീണ്ടും ആക്രമണങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്താണ് പൊലീസ് പ്രത്യേക പരിശോധന നടത്തിയത്.

## നാടൻ തോട്ടണ്ടി: ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ പദ്ധതി

കൊല്ലം: കശുമാവ് കൃഷി വ്യാപനം ലക്ഷ്യമിട്ട് കാഷ്യൂ കോർപ്പറേഷൻ രണ്ട് ലക്ഷം കശുമാവിൻ തൈകൾ നട്ടു പിടിപ്പിക്കുമെന്ന് ചെയർമാൻ എസ്. ജയമോഹൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ന് രാവിലെ 11ന് കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറി വളപ്പിലും വൈകിട്ട് കൊല്ലം സി.എസ്.ഐ ബിഷപ്പ് ഹൗസ് പരിസരത്തും കശുമാവ് തൈ നട്ട് മന്ത്രി ജെ.മേഴ്സിക്കുട്ടിഅമ്മ പദ്ധതി ഉദ്ഘാടനം ചെയ്യും. അടുത്ത വർഷം നാടൻ തോട്ടണ്ടി ഉപയോഗിച്ച് 250 ദിവസവും ഫാക്ടറികൾ പ്രവർത്തിപ്പിക്കുകയാണ് ലക്ഷ്യം. പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ ഫാക്ടറികൾക്കും പ്രവർത്തിക്കാൻ ആവശ്യമായ നാടൻ തോട്ടണ്ടി ഉൽപ്പാദിക്കുകയെന്ന ലക്ഷ്യം കഴിഞ്ഞ നാല് വർഷത്തിനിടെ 50 ശതമനം പൂർത്തീകരിക്കാനായി. 80,000 മെട്രിക് ടൺ കശുഅണ്ടി ഉൽപ്പാദിപ്പിച്ചിരുന്ന കേരളത്തിൽ ഇതുവരെ ലഭിച്ച കണക്കനുസരിച്ച് 1.20 ലക്ഷം മെട്രിക് ടൺ തോട്ടണ്ടിയാണ് ഉൽപ്പാദിപ്പിച്ചത്. കണ്ണൂരിൽ നിന്ന് മാത്രം 30 കോടി രൂപയുടെ തോട്ടണ്ടി സംഭരിച്ചു.

# ഉത്രവധം: രേണുകയെയും സൂര്യയെയും ഇന്ന് ചോദ്യം ചെയ്യും, അറസ്റ്റിന് സാധ്യത

കൊല്ലം: അഞ്ചൽ ഉത്ര വധക്കേസിൽ ഭർത്താവ് സൂരജ്, പിതാവ് സുരേന്ദ്രൻ.കെ.പണിക്കർ, അമ്മ രേണുക, സഹോദരി സൂര്യ എന്നിവരെ ഒന്നിച്ചിരുത്തി ഇന്ന് ചോദ്യം ചെയ്യാൻ ക്രൈം ബ്രാഞ്ച് തീരുമാനം.

രാവിലെ 10ന് കൊട്ടാരക്കരയിലെ ക്രൈം ബ്രാഞ്ച് ഓഫീസിൽ ഹാജരാകാൻ രേണുകയോടും സൂര്യയോടും ആവശ്യപ്പെട്ടിട്ടുണ്ട്.

വ്യക്തമായ തെളിവുകൾ ലഭിച്ചാൽ രേണുകയുടെയും സുര്യയുടെയും അറസ്റ്റ് ഉണ്ടായേക്കും.

ചൊവ്വാഴ്ച ഇവരെ 6 മണിക്കൂറോളം ചോദ്യം ചെയ്തിരുന്നു. അന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ അന്വേഷണം നടത്തിയ ശേഷമാണ് വീണ്ടും ചോദ്യം ചെയ്യുന്നത്. അടൂർ പറക്കോട്ടെ സൂരജിന്റെ വീട്ടിൽ അണലിയെ കൊണ്ടുവന്നത് കുടുംബാംഗങ്ങളുടെ അറിവോടെയാണെന്ന് സൂരജും പിതാവ് സുരേന്ദ്രനും വെളിപ്പെടുത്തിയിരുന്നു. പിന്നീട് മൂർഖൻ പാമ്പിനെ കൊണ്ട് കടിപ്പിച്ച് ഉത്രയെ കൊലപ്പെടുത്തിയ സംഭവത്തിലും സൂരജിന്റെ വീട്ടിലെ മറ്റുള്ളവർക്ക് അറിവുണ്ടായിരുന്നോ എന്നതാണ് അന്വേഷണ സംഘം തിരയുന്നത്. സൂരജിനെയും അച്ഛൻ സുരേന്ദ്രനെയും ജൂൺ 8 വരെ വീണ്ടും പൊലീസ് കസ്റ്റഡിയിൽ വിട്ട് പുനലൂർ കോടതി ഉത്തരവായി. മൂന്നാം തവണയാണ് സൂരജിന്റെ കസ്റ്റഡി നീട്ടുന്നത്. സുരേന്ദ്രന്റേത് രണ്ടാം തവണയും. നാലുപേരെയും ഒരുമിച്ചിരുത്തിയുള്ള ചോദ്യം ചെയ്യലിനായാണ് കസ്റ്റഡിയിൽ ആവശ്യപ്പെട്ടത്. സൂരജിന്റെ പണമിടപാടെല്ലാം സുരേന്ദ്രനറിയാമായിരുന്നുവെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. എന്നാൽ,അറിയില്ലെന്നാണ് സുരേന്ദ്രൻ ആവർത്തിക്കുന്നത്.

## കാട്ടുകൊമ്പന്റെ കുത്തേറ്റ് പിടിയാന ചരിഞ്ഞു

പുനലൂർ: ഇണചേരാൻ ശ്രമിക്കുന്നതിനിടെ കാട്ടുകൊമ്പന്റെ കുത്തേറ്റ് പിടിയാന ചരിഞ്ഞു. തെന്മല ശെന്തുണി വന്യജീവി സങ്കേതത്തിൽ രണ്ടു ദിവസം മുമ്പാണ് സംഭവം. ഉൾവനത്തിലെ ഉമയാറിലാണ് 18 വയസുള്ള പിടിയാന ചരിഞ്ഞത്.

ഇണചേരാൻ പിടിയാന സമ്മതിക്കാതിരുന്നതാകാം കൊമ്പൻ കുത്തിപ്പരിക്കേൽപ്പിക്കാൻ കാരണമെന്ന് വനപാലകർ പറയുന്നു. രാത്രിയിൽ കാട്ടാനകളുടെ ചിന്നംവിളി കേട്ട വനപാലകർ രാവിലെ ഉൾവനത്തിൽ നടത്തിയ പരിശോധനയിലാണ് കാട്ടാനയെ ചരിഞ്ഞ നിലയിൽ കണ്ടെത്തിയത്. രണ്ടു വാരിയെല്ലുകൾ തകർന്നതായി പോസ്റ്റ് മോർട്ടത്തിൽ കണ്ടെത്തി



*ഐ.എൻ.റ്റി.യു.സി തൊടിയൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃതൃത്തിൽ കോവിഡിനെ പ്രതിരോധിക്കുക എന്ന സന്ദേശം ഉയർത്തി തൊഴിലാളികൾക്ക് മാസ്ക്കും, സാനിറ്റൈസറും കെ.പി.സി.സി ജനറൽ സെക്രട്ടറി സി.ആർ.മഹേഷ വിതരണം ചെയ്യുന്നു*



### ചാരായവും വാറ്റ് ഉപകരണങ്ങളും പിടികുടി

കരുനാഗപ്പള്ളി : കരുനാഗപ്പള്ളി എക്സൈസ് ഇൻസ്പെക്ടർ ജി. പ്രസന്നന് കരുനാഗപ്പള്ളി കടത്തൂർ, നിലയ്ക്കൽ കളരി ക്ഷേത്രത്തിന് സമീപം, പടീറ്റടത്ത് വീട്ടിൽ രാധാകൃഷ്ണപിള്ളയുടെ വീട്ടിൽ ചാരായം വാറ്റി വിൽപ്പന നടത്തുന്നതായി രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് അസി: എക്സൈസ് ഇൻസ്പെക്ടർ അൻവറിന്റെ നേതൃത്തത്തിൽ വീട്ടിൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന 10 ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും പിടികൂടി. റെയ്ഡിൽ ഷാഡോ ഉദ്യോഗസ്ഥരായ ശ്യാംകുമാർ, സജീവ്കുമാർ, സന്തോഷ് എന്നിവർ പങ്കെടുത്തു.

### തൊഴിലാളികൾക്ക് മാസ്ക്കും, സാനിറ്റൈസറും വിതരണം ചെയ്തു

കരുനാഗപ്പള്ളി: ഐ.എൻ.റ്റി.യു.സി തൊടിയൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃതൃത്തിൽ കോവിഡിനെ പ്രതിരോധിക്കുക എന്ന സന്ദേശം ഉയർത്തി തൊഴിലാളികൾക്ക് മാസ്ക്കും, സാനിറ്റൈസറും വിതരണം ചെയ്തു. കെ.പി.സി.സി ജനറൽ സെക്രട്ടറി സി.ആർ.മഹേഷ്, എഫ്.സി.ഐ തൊഴിലാളികൾക്ക് മാസ്ക്കുകൾ, സാനിറ്റയിസർ എന്നിവയുടെ മണ്ഡലതല വിതരണോത്ഘാടനം നിർവ്വഹിച്ചു.എഫ്.സി.ഐ ഡിപ്പോ മാനേജർ സുരേഷ് മാസ് ക്കുകളും, സാനിറ്റയിസറും എറ്റ് വാങ്ങി. റീജണൽ പ്രസിഡന്റ് ചിറ്റ് മൂല നാസർ മുഖ്യ പ്രഭാഷണം നടത്തി ,ഐ. എൻ.റ്റി.യു.സി തൊടിയൂർ മണ്ഡലം പ്രസിഡന്റ് മുടിയിൽ മുഹമ്മദ് കുഞ്ഞ്, അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി, ചൂളൂർ ഷാനി, ഷാജി കൃഷ്ണൻ, നീലികുളം,സദാനന്ദൻ,എൻ.രമണൻ, സതിശൻ, ഷിഹാബായി, ശശിധരൻ, എന്നിവർ സംസാരിച്ചു. തൊടിയൂർ മണ്ഡലത്തിലെ ചുമട്ട് തൊഴിലാളികൾ ലോറിത്തൊഴിലാളികൾ, വെയർ ഹൗസ് തൊഴിലാളികൾ, ഓട്ടോ-ടാസ്കി തൊഴിലാളികൾ എന്നിവർക്കാണ് വിതരണം ചെയ്തത്.കോ വിഡ്'.19 വ്യാപകമായ സാഹചര്യത്തിൽ ആദ്യഘട്ടം മുതൽ സൗജന്യ മരുന്ന് വിതരണം, ഭക്ഷ്യധാന്യ കിറ്റ് കൾ എന്നിവമണ്ഡലത്തിലുടനീളം വിതരണംചെയ്തിരുന്നു. ഐ. എൻ.റ്റി.യു.സി റീജണൽ പ്രസിഡൻറ് ചിറ്റ് മൂല നാസർ

വെയർഹൗസ് സോണൽ മാനേജർ പ്രവീൺ കുമാറിന് തൊഴിലാളികൾക്കുള്ള മാസ്കുകളും, സാനിറ്റയിസറും കൈമാറി. തൊഴിലാളികളായ ഇസ്ഹാക്ക്, സിനോഫർ ,അഷറഫ്, രഞ്ജിത്ത്, എന്നിവർ വിതരണത്തിന് നേതൃത്യം നൽകി.

## വിതരണം ചെയ്തു

ഏഴംകുളം: ഗാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും 60 വയസിന് മുകളിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു ലക്ഷം രൂപാ ചെലവിൽ ആയുർവേദ മരുന്നു വിതരണം ചെയ്തു. മരുന്ന് വിതരണത്തിന്റെ പഞ്ചായത്ത്തല ഉദ്ഘാടനം ചിറ്റയം ഗോപകുമാർ എം.എൽ.എ നിർവഹിച്ചു. കോട്ടമുകൾ വാർഡിൽ ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബി. ലത അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി.മോഹനൻ, വിദ്യാ രാധാകൃഷ്ണൻ, ആയുർവേദ മെഡിക്കൽ ഓഫീസർമാരായ ഡോ. എ. അസിത, ഡോ. വിനീത വേണു, ഷീജ എന്നിവർ പങ്കെടുത്തു.

## യാത്രയായി

തിരുവല്ല : റെയിൽവേ സ്റ്റേഷനിൽ നിന്നും പശ്ചിമ ബംഗാളിലേക്ക് പുറപ്പെട്ട സ്പെഷൽ ട്രെയിനിൽ സ്വദേശത്തേക്ക് മടങ്ങിയത് 1564 അതിഥി തൊഴിലാളികൾ. തിരുവല്ലയിൽ നിന്ന് ഇന്നലെ(ജൂൺ 4) വൈകിട്ട് 5 ന് പുറപ്പെട്ട ട്രെയിനിൽ വിവിധ താലൂക്കുകളിൽ നിന്നും മുപ്പതിൽപരം ബസുകളിലായിട്ടാണ് ഇവരെ സ്റ്റേഷനിൽ എത്തിച്ചത്. മേയ് 27ന് തിരുവല്ലയിൽ നിന്ന് പശ്ചിമ ബംഗാളിലേക്ക് പുറപ്പെട്ട ആദ്യ ട്രെയിനിൽ 1468 പേർ യാത്രയായിരുന്നു.അടൂർ താലൂക്കിൽ നിന്ന് 429, കോന്നി താലൂക്കിൽ നിന്ന് 204, തിരുവല്ല നിന്ന് 350, റാന്നി താലൂക്കിൽ മടങ്ങിയത്.


പമ്പയിൽ അടിഞ്ഞുകൂടിയ മണലും മാലിന്യങ്ങളും ജില്ലാ കളക്ടർ പി.ബി നൂഹ് നേരിട്ട് എത്തി നീക്കം ചെയ്യാൻ ആരംഭിച്ചപ്പോൾ.

## സ്മാർട്ട് ചലഞ്ച് പദ്ധതി

**പത്തനംതിട്ട:** പദ്ധതി നടപ്പിലാക്കുന്നത് ജില്ലാ പഞ്ചായത്ത് മല്ലപ്പള്ളി ഡിവിഷനും പാലയ്ക്കൽത്തകിടി സർക്കാർ പള്ളിക്കൂടവും ജില്ലാ പഞ്ചായത്ത് മല്ലപ്പള്ളി ഡിവിഷനും കുന്നന്താനം പാലയ്ക്കൽത്തകിടി സെന്റ് മേരീസ് ഗവൺമെന്റ് ഹൈസ്കൂളും സംയുക്തമായി ഓൺലൈൻ പഠന സൗകര്യമില്ലാത്ത പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ഏഴ് പഞ്ചായത്തുകളിലുള്ള 182 കുട്ടികൾക്ക് ജനകീയ സഹകരണത്തോടെ സഹായ പദ്ധതി ഒരുക്കുന്നു.മല്ലപ്പള്ളി, കുന്നന്താനം, കല്ലൂപ്പാറ, കവിയൂർ, കുറ്റൂർ പഞ്ചായത്തുകളിലെയും പാലയ്ക്കൽത്തകിടി സ്കൂളിൽ കുട്ടികൾ എത്തുന്ന കറുകച്ചാൽ, മാടപ്പള്ളി പഞ്ചായത്തുകളിലും താമസക്കാരായ കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. ഇരവിപേരൂർ സ്പോർട്സ് കൗൺസിലിലെ കായിക താരങ്ങൾക്കും സഹായം എത്തും.ടെലിവിഷൻ, മൊബൈൽഫോൺ, ടാബ്, ലാപ്ടോപ്പ് തുടങ്ങിയവ ശേഖരിച്ച് കുട്ടികളുടെ വീടുകളിൽ എത്തിക്കും. വിക്ടേഴ്സ് രണ്ടാഴ്ചത്തെ ട്രയലിന് ശേഷം ജൂൺ 15 മുതൽ ആരംഭിക്കുന്ന ക്ലാസുകൾക്ക് മുമ്പായി ലക്ഷ്യം പൂർത്തീകരിക്കുവാനാണ് ശ്രമം.

# പമ്പയിലെ മണലും മാലിന്യങ്ങളും ജില്ലാ ഭരണകൂടം നേരിട്ട് ഇടപെട്ട് നീക്കൽ ആരംഭിച്ചു

**പത്തനംതിട്ട:** പമ്പയിലെ 1,28,000 മീറ്റർ ക്യൂബ് മണലും മാലിന്യങ്ങളും ജില്ലാ ഭരണകൂടം നേരിട്ട് ഇടപെട്ട് നീക്കൽ ആരംഭിച്ചെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. പ്രളയ സമയത്ത് പമ്പാ ത്രിവേണിയിൽ അടിഞ്ഞുകൂടിയ മണലും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പമ്പയിൽ സന്ദർശനം നടത്തി വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

2018ലെ മഹാപ്രളയകാലത്തും അതിനുശേഷവും പമ്പ ത്രിവേണി മുതൽ രണ്ടു കിലോമീറ്ററിലധികം സ്ഥലത്ത് അടിഞ്ഞുകൂടിയ മണൽ ഉൾപ്പെടെയുള്ളവ വെള്ളപ്പൊക്കം സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന് ജില്ലാ ദുരന്തനിവാരണ വിഭാഗം കണ്ടെത്തിയിരുന്നു. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ (ജൂൺ 30 അകം) മണൽ, മാലിന്യങ്ങൾ എന്നിവ നദിയിൽ നിന്ന് നീക്കം ചെയ്യും. ഇന്നലെ 29 ടിപ്പർ, 7 ജെസിബി, 2 ഹിറ്റാച്ചി എന്നിവ ഉപയോഗിച്ച് 125 ലോഡുകളായി 500 മീറ്റർ ക്യൂബ് മണൽ, മാലിന്യങ്ങളാണ് നീക്കം ചെയ്തത്. ആവശ്യമെങ്കിൽ കൂടുതൽ വാഹനങ്ങൾ അടുത്ത ദിവസങ്ങളിൽ ഉപയോഗിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. എസ്.ഡി.ആർ.എഫ് ഫണ്ട് ഉപയോഗിച്ചാണ് മണൽ മാറ്റുന്നത്. എടുക്കുന്ന മണൽ വനംവകുപ്പിന്റെ സ്ഥലമായ പമ്പ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിനു പിറകിലുള്ള ഭൂമിയിലാണിടുന്നത്. സ്ഥലസൗകര്യം തികയാതെ വന്നാൽ മണൽ നിലയ്ക്കലിൽ ഇടുന്ന കാര്യവും പരിഗണിക്കും. ജില്ലാ ദുരന്തനിവാരണ അതോറിട്ടി ചെയർമാൻ എന്ന നിലയിൽ ഡിസാസ്റ്റർ മാനേജ്മെന്റ് 2005 സെക്ഷൻ 34 ഡി ആക്ട് പ്രകാരം ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിട്ടിയുടെ അധികാരമുപയോഗിച്ച് റവന്യൂ വകുപ്പ് നേരിട്ടാണ് മണൽ മാറ്റുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു.

എഡിഎം അലക്സ് പി തോമസ്, തിരുവല്ല സബ് കളക്ടർ ഡോ.വിനയ് ഗോയൽ, റാന്നി തഹസിൽദാർ മിനി.കെ.തോമസ്, ഗൂഡ്രിക്കൽ റെയ്ഞ്ച് ഓഫീസർ എസ്.മണി, പ്ലാപ്പള്ളി ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ കെ.എസ്.ജയൻ, സന്നിധാനം ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ അനിൽ ചക്രവർത്തി, തുടങ്ങിയവർ പങ്കെടുത്തു.

## സ്കൂളുകളിൽ അധിക ടോയ്‌ലറ്റ്

**പത്തനംതിട്ട** : 18, 2019 വർഷങ്ങളിലെ പ്രളയ കാലത്ത് ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ച 63 സ്കൂളുകളിൽ അധിക ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ശുചിത്വകേരളം (റൂറൽ ) പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവായി. പത്തനംതിട്ട ജില്ലയിൽ പ്രളയദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ച സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന 63 സ്കൂളുകളിലാണ് അധിക ടോയ്‌ലറ്റ് നിർമ്മിക്കുന്നത്.സംസ്ഥാന ശുചിത്വമിഷൻ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പ്രകാരം നിർമ്മിക്കുന്ന ടോയ്‌ലറ്റുകൾക്ക് രണ്ടെണ്ണംഉൾക്കൊള്ളുന്ന ഒരു യൂണിറ്റിന് രണ്ടു ലക്ഷം രൂപയാണ് ലഭിക്കുക. അധികമായി വേണ്ടിവരുന്ന തുക തദ്ദേശസ്ഥാപനത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നോ ഇതര ഫണ്ടുകളിൽനിന്നോ കണ്ടെത്തണം.തദ്ദേശസ്ഥാപനത്തിലെ എൻജിനീയറിംഗ് വിഭാഗത്തിനാണ് നിർമ്മാണ ചുമതല. നിലവിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തുകളിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഇതിനാവശ്യമായ പ്രോജക്ടുകൾ രൂപീകരിച്ച് എത്രയും പെട്ടെന്ന് ആസൂത്രണ സമിതി അം

# മുന്നോട്ടുള്ള കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിലും എല്ലാവരും ഒരുമിച്ചുനിൽക്കണം: മന്ത്രി കെ.രാജു

**പത്തനംതിട്ട:** മുന്നോട്ടുള്ള കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിലും എല്ലാവരും ഒരുമിച്ചുനിൽക്കണമെന്ന് വനംമന്ത്രി കെ.രാജു. കോവിഡ് പ്രതിരോധത്തിനായുള്ള വാർഡ്തല കർമ്മസമിതികളിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സഹകരണം കൂടുതലായി ഉണ്ടാകണമെന്നും മന്ത്രി അഭ്യർഥിച്ചു. പത്തനംതിട്ട ജില്ലയിലെ ജനപ്രതിനിധികളുമായും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും കളക്ടറേറ്റിൽ നിന്ന് നടത്തിയ വീഡിയോ കോൺഫറൻസിലാണ് മന്ത്രി സഹകരണം തേടിയത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം എം.എൽ.എമാരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ ജില്ലാതലത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ സർവകക്ഷിയോഗം ചേരാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു യോഗം. പത്തനംതിട്ട ജില്ലയുടെ കോവിഡ് പ്രവർത്തനങ്ങളിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പൊതുവിൽ സംതൃപ്തി രേഖപ്പെടുത്തിയതായി മന്ത്രി പറഞ്ഞു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും രോഗവ്യാപനം തടയുന്നതിലുള്ള പ്രവർത്തനങ്ങളിലും പത്തനംതിട്ട ജില്ല അഭിമാനാർഹമായ പ്രവർത്തനങ്ങളാണ് നടത്തിയത്. വിദേശ രാജ്യങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലെ ഹോട്ട്സ്പോട്ടുകളിൽ നിന്ന് കൂടുതൽ ആളുകൾ എത്തുന്നത് കണക്കിലെടുത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ജാഗ്രത തുടരണം.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ അനിവാര്യമാണ്. കൂടുതൽ പേർ എത്തുന്നത് കണക്കിലെടുത്ത് ആവശ്യത്തിന് ക്വാറന്റൈൻ സൗകര്യങ്ങൾ ഒരുക്കും. കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നിരീക്ഷണ സമിതി യോഗം എം.എൽ.എമാരുടെ നേതൃത്വത്തിൽ വരും ദിവസങ്ങളിൽ വിലയിരുത്തും. കോവിഡ് കെയർ സെന്ററുകളിൽ വോളന്റീയർമാരുടെ കുറവുണ്ടെങ്കിൽ രജിസ്റ്റർ ചെയ്ത തങ്ങളുടെ പ്രവർത്തകരെ സഹകരിപ്പിക്കാൻ രാഷ്ട്രീയ പാർട്ടി നേതാക്കൾ മുൻകൈ എടുക്കണം. മഴക്കാലപൂർവ്വ രോഗങ്ങൾ തുടങ്ങിയവ പ്രവർത്തനങ്ങൾക്ക് പിന്തുണയും മന്ത്രി അഭ്യർത്ഥിച്ചു.

## സ്പെഷ്വൽ ട്രെയിനിൽ ജില്ലക്കാരായ 42 പേർകൂടി എത്തി

**പത്തനംതിട്ട:** ന്യൂഡൽഹി- തിരുവനന്തപുരം സ്പെഷ്യൽ ട്രെയിൻ വ്യാഴാഴ്ച്ച (ജൂൺ 4) പത്തനംതിട്ട ജില്ലക്കാരായ 42 പേർകൂടി എത്തി. രാവിലെ 10.45ന് എറണാകുളം റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ എട്ടു സ്ത്രീകളും 15 പുരുഷന്മാരും ഒരു കുട്ടിയും ഉൾപ്പെടെ പത്തനംതിട്ട ജില്ലക്കാരായ 24 പേർ എറണാകുളം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങി. കെ.എസ്.ആർ.ടി.സി ബസിൽ ഇവരെ തിരുവല്ലയിലും പത്തനംതിട്ട ഇടത്താവളത്തിലും എത്തിച്ചു. ഇവരിൽ ഒരാളെ കോവിഡ് കെയർ സെന്ററിലും 23 പേരെ വീടുകളിലും നിരീക്ഷണത്തിലാക്കി. ട്രെയിൻ 3.45 തിരുവനന്തപുരത്തെത്തിയപ്പോൾ പത്തനംതിട്ട ജില്ലക്കാരായ ഏഴു സ്ത്രീകളും ഒൻപതു പുരുഷൻമാരും രണ്ടു കുട്ടികളും ഉൾപ്പെടെ 18 പേർ ഇറങ്ങി. ഇവരെ കെ.എസ്.ആർ.ടി.സി ബസിൽ വൈകിട്ട് 7 മണിക്ക് പത്തനംതിട്ടയിൽ എത്തിച്ച് മുഴുവൻ പേരും വീടുകളിൽ എത്തി നിരീക്ഷണത്തിൽ പ്രവേശിച്ചു.

## വൃക്ഷതൈകൾ വിതരണം ചെയ്തു

**പത്തനംതിട്ട:** മുന്നോട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും എല്ലാവരും ഒരുമിച്ചുനിൽക്കണമെന്ന് വനംമന്ത്രി കെ.രാജു. കോവിഡ് പ്രതിരോധത്തിനായുള്ള വാർഡ്തല കർമ്മസമിതികളിൽ ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് പത്തനംതിട്ട ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ വിവിധ സ്പോർട്സ് ക്ലബ്ബുകൾക്കും സാമൂഹിക സന്നദ്ധ സംഘടനകൾക്കും വൃക്ഷതൈകൾ വിതരണം ചെയ്തു.

ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ. അനിൽകുമാർ വൃക്ഷതൈകൾ ആരാധ്യയ്ക്ക് നൽകി ഉദ്ഘാടനം ചെയ്തു. പ്രസ് ക്ലബ് മുൻ പ്രസിഡന്റ് സാം ചെമ്പകത്തിൽ പരിശീലകരായ ജഗദീഷ് ആർ കൃഷ്ണ, കുഞ്ഞുമോൻ, ഹോക്കി അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. അബ്ദുൽ മനാഫ്, കെ വി സുരേന്ദ്രൻ, മണിലാൽ, രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു

## ചോളമൺ മഠത്തിൽ ദേവികയുടെ ചിത്രങ്ങളാണ്

**തിരുവല്ല:** ലോക്ഡൗൺകാലത്തെ നേരമ്പോക്ക് മാത്രമല്ല പെരിങ്ങര ചോളമൺ മഠത്തിലെ ദേവികയെന്ന കലാകാരിക്ക് ചിത്ര രചന. വീടിന്റെ ചുമരുകൾക്കെല്ലാം ഈ കൈകളുടെ ചാരുതയിൽ വിരിഞ്ഞ വർണ്ണക്കൂട്ടുകളാണ്. കാപ്പിപ്പൊടിമുതൽ വീട്ടിലെ സകലവസ്തുക്കളും ദേവികയുടെ ചിത്രങ്ങൾക്ക് നിറക്കൂട്ടൊരുക്കുന്നു. വരകളിലെ വൈവിദ്ധ്യവും ആവിഷ്ക്കാരത്തിലെ വ്യത്യസ്തതയുമാണ് ഈ കലാകാരിയെ ശ്രദ്ധേയമാക്കുന്നത്. നന്നേചെറുപ്പം മുതൽ തുടങ്ങിയതാണ് ഈ കലാസപര്യ. കിളിവാതിലിലൂടെ പുറത്തേക്ക് കടക്കാൻ ശ്രമിക്കുന്ന കുരുവിമുതൽ ഗജരാജ പ്രജാപതി തെച്ചിക്കോട്ട്കാവ് രാമചന്ദ്രൻ വരെ ഇവിടുത്തെ ചുമരുകളെ അലംകൃതമാക്കുന്നു. ഗീതാഗോവിന്ദത്തിലെ രാധാകൃഷ്ണ സങ്കല്പവും നടനവിസ്മയം മോഹൻലാലും ഉൾപ്പെടെ അഞ്ഞുറിലധികം ചിത്രങ്ങളാണ് ദേവികയുടെ വരകളിൽ നിറഞ്ഞുനിൽക്കുന്നത്. അച്ഛൻ കൃഷ്ണകുമാറും അമ്മ രതീദേവിയും അനുജൻ ദേവദത്തനും ഈ ചിത്രകാരിക്ക് പ്രോത്സാഹനങ്ങളുമായി എപ്പോഴും ഒപ്പമുണ്ട്. തിരുവല്ല സെന്റ് മേരീസ് കോളേജിലെ ബികോം വിദ്യാർത്ഥിനിയാണ് ഈ കലാകാരി.

## വൃക്ഷത്തൈകൾ നടും

**പത്തനംതിട്ട :** ഹരിത കേരളം മിഷന്റെ ഭാഗമായി പത്തനംതിട്ട റിങ് റോഡിന്റെ ഇരുവശങ്ങളിലുമായി വൃക്ഷത്തൈകൾ നടുന്നു. ഇന്ന് രാവിലെ 11ന് വീണാ ജോർജ് വൃക്ഷത്തൈ നട്ട് ഉദ്ഘാടനം നിർവഹിക്കും.



## മത്സ്യതൊഴിലാളി സംഗമം

**അമ്പലപ്പുഴ** :കായലോര കടലോര മത്സ്യത്തൊഴിലാളി യൂണിയൻ എ.ഐ.റ്റി.യു.സി കരിമണൽ ഖനനത്തിനെതിരെ തോട്ടപ്പള്ളിയിൽ മത്സ്യതൊഴിലാളി സംഗമം സി.പി.ഐ. ജില്ലാ സെക്രട്ടറി റ്റി.ജെ.ആഞ്ചലോസ് ഉദ്ഘാടനം ചെയതു അധ്യക്ഷൻ ഒ.കെ മോഹനൻ സ്വാഗതം വി'.സി മധു ,ഇ കെ ജയൻ, പി സുരേന്ദ്രൻ ,പി വി ജോർജ്ജ് ,പി അനിരുദ്ധൻ ,നിജ അനിൽകുമാർ അജിത ,ഡി.ശാർങ്ഗധരൻ, റ്റി.ആർ. ബാഹുലേയൻ, എ എം സാലി ,സലാം അമ്പലപ്പുഴ എന്നിവർ സംസാരിച്ചു

## വിതരണം നടത്തി

**ഹരിപ്പാട്:** കൊവിഡ്- 19 പ്രതിരോസസസധ പ്രവർത്തനത്തിന്റെ ഭാഗമായി ഒരു ലക്ഷം യുവകർഷക സമിതി സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പ്രതിരോധ കിറ്റ് വിതരണം നടത്തി.സംസ്ഥാന പ്രസിഡന്റ് കെ.പി.ബൈജു ഉദ്ഘാടനം ചെയ്തു. രക്ഷാധികാരി രാജാറാം,ക്ഷേമചന്ദ്രൻ, ഹേമലത എന്നിവർ സംസാരിച്ചു.

## കിറ്റ് നൽകി

**പത്തനംതിട്ട** : ജില്ലാ ഭരണകൂടത്തിന് ഫെഡറൽ ബാങ്ക് പത്തനംതിട്ട റീജിയൺ ഒരു ലക്ഷം രൂപ വിലമതിക്കുന്ന 450 പി.പി.ഇ കിറ്റ് നൽകി. കളക്ടറേറ്റിൽ ജില്ലാ കളക്ടർ പി.ബി നൂഹിന് ഫെഡറൽ ബാങ്ക് പത്തനംതിട്ട റീജിയൺ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ജോസ് തോമസ് പി.പി.ഇ കിറ്റുകൾ കൈമാറി.

# കാലവർഷ ദുരന്തനിവാരണം; പ്രത്യേക മുന്നൊരുക്കങ്ങൾ

**ആലപ്പുഴ:** കോവിഡിൻറ പശ്ചാത്തലത്തിൽ ദുരിതാശ്വാസ ക്യാമ്പുകള് ഒരുക്കുന്നതിനും മറ്റ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലയുടെ ചുമതലയുള്ള പൊതുമരാമത്ത് രജിസ്ട്രേഷൻ മന്ത്രി ജി.സുധാകരൻറെ അധ്യക്ഷതയിൽ യോഗം ചേർന്നു. എ.എം.ആരിഫ് എം.പി, എം.എൽ.എമാരായ സജി ചെറിയാൻ, ആർ.രാജേഷ്, യു.പ്രതിഭ, ഷാനിമോൾ ഉസ്മാൻ , ജില്ല പഞ്ചായത്ത് പ്രസിഡൻറ് ജി.വേണുഗോപാൽ, ജില്ല കളക്ടർ എ.അലക്സാണ്ടർ, പ്രതിപക്ഷ നേതാവിൻറെ പ്രതിനിധി ജോൺ തോമസ് എന്നിവർ പങ്കെടുത്തു.

പ്രകൃതിക്ഷോഭം, കടൽക്ഷോഭം എന്നിവ മൂലം ദുരിതശ്യാസ ക്യാമ്പുകൾ തുറക്കേണ്ടി വരുന്ന സാഹചര്യങ്ങൾ ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ ദുരിതാശ്വാസ ക്യാമ്പുകൾ മുൻകൂട്ടി ഏർപ്പാടാക്കുവാനും മുൻവർഷങ്ങളിൽ ക്യാമ്പിനായി ഉപയോഗിച്ചിരുന്ന സ്കൂളുകളും മറ്റു കേന്ദ്രങ്ങളും മതിയായ സജ്ജീകരണങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുവാനും തഹസിൽദാർമാർക്ക് മന്ത്രി നിർദ്ദേശം നൽകി. ദുരിതാശ്വാസ ക്യാമ്പുകൾക്കായി നാല് തരം കെട്ടിടങ്ങൾ കണ്ടെത്താൻ നിർദ്ദേശം നൽകി.

പൊതുവായ ദുരിതാശ്വാസ ക്യാമ്പുകൾക്ക് പുറമേ , അറുപത് വയസ്സിന് മുകളിലുള്ളവർക്കും കോവിഡിതര രോഗമുള്ളവരും ദുരിതാശ്വാസ് ക്യാമ്പുകളിലെത്തിയാൽ അവരെ പ്രത്യേകം താമസിപ്പിക്കാൻ കെട്ടിടം കണ്ടെത്തണം. കോവിഡ് രോഗ ലക്ഷണമുള്ളവരെ പാർപ്പിക്കാനുള്ള പ്രത്യേക കെട്ടിടങ്ങൾ ഉണ്ടായിരിക്കണം. മുറിയോട് ചേർന്ന് ടോയ്‌ലറ്റ് സംവിധാനങ്ങളുള്ള കെട്ടിടങ്ങളാണ് ഇതിന് ഉപയോഗിക്കുക. ഹോം ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളെ താമസിപ്പിക്കാനായി മുറിയോട് ചേർന്ന് ടോയ് ലറ്റ് സംവിധാനമുള്ള കെട്ടിടങ്ങൾ സജ്ജീകരിക്കണം. ഹോം ക്വാറന്റൈൻ കഴിയുന്ന മുറക്ക് ആരോഗ്യ വകുപ്പിന്റെ അനുമതിയോടെ അവരെ പൊതു ക്യാമ്പുകളിൽ താമസിപ്പിക്കും.

അടിയന്തിര സാഹചര്യങ്ങളിൽ ക്യാമ്പുകൾ ആരംഭിക്കേണ്ടി വരുമ്പോൾ ഭക്ഷണ വിതരണത്തിന് ആവശ്യമായ ഭക്ഷണ സാധനങ്ങൾ എത്തിച്ചു നൽകാൻ സപ്ലൈകൊ, മാവേലി സ്റ്റോർ, സിവിൽ സപ്ലൈസ്, കൺസ്യൂമർ ഫെഡ്, ഹോർട്ടികോർപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങളുടെ ചില്ലുകൾ വെട്ടിമാറ്റുവാനും തകരാറിലായിരിക്കുന്ന ട്രാൻസ്ഫോർമറുകൾ, വൈദ്യുത ലൈനുകൾ, പോസ്റ്റുകൾ അടിയന്തിരമായി പൂർവസ്ഥിയിലാക്കി വൈദ്യുതി തടസ്സമില്ലാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ കെ എസ് ഇ ബിക്ക് നിർദ്ദേശം നൽകി. ജില്ലയിലെ മുഴുവൻ തോടുകളിലെയും ആറുകളിലെയും തടസങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കാൻ ജലസേചന വകുപ്പിനു നിർദ്ദേശം നൽകി.

കുട്ടനാട് കാർഷിക മേഖലയിൽ കൊയ്ത്തു വിജയകരമായി പൂർത്തിയാക്കുകയാണ്. പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കേണ്ടതും അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള മണൽ ചാക്കുകൾ, പമ്പ് സെറ്റുകൾ തുടങ്ങിയവ കണ്ടത്തേണ്ടതുമാണ്.

കോവിഡ് 19 രോഗവ്യാപന നിയന്ത്രണം, മഴക്കാല മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായി ശുചിത്വ പരിശോധന, ആവശ്യത്തിന് ആരോഗ്യ പ്രവർത്തകർ ഉണ്ടെന്ന് ഉറപ്പു വരുത്തൽ തുടങ്ങിയവയ്ക്ക് ഡി എം ഓ (ആരോഗ്യം, ആയുർവേദം, ഹോമിയോ,) ശുചിത്യമിഷൻ എന്നിവർക്ക് നിർദ്ദേശം നൽകി. മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, മഴക്കാലത്തിനു മുന്നോടിയായുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുവാനും ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകി. ഈ കാലയളവിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ മുന്നിൽ കണ്ടു ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാനും ഹൗസ്ബോട്ട് പോലെയുള്ള ജലയാനങ്ങളിൽ മുൻകരുതലുകൾ സ്വീകരിക്കുവാനും ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കണം.

പിഡബ്ല്യുഡി അറ്റകുറ്റപ്പണികൾ നടത്തേണ്ട മുഴുവൻ റോഡുകളും മഴക്കാലത്തിനു മുൻപായി തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. റോഡരികിലെ ഓടകൾ മുഴുവനും വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

ഗതാഗത തടസ്സം സൃഷ്ടിക്കുന്ന തരത്തിൽ സ്ഥാപിച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായിട്ടുള്ള ബോർഡുകൾ, ബാനറുകൾ, കട്ടൗട്ടുകൾ തുടങ്ങിയവർ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്. പഞ്ചായത്തുതല ശുചീകരണം ഓരോ പഞ്ചായത്തിന്റെയും ഉത്തരവാദിത്തമാണ്.

പഞ്ചായത്തു തല ദുരന്ത നിവാരണ കമ്മറ്റികൾ കൂടണം. അടിയന്തര ഘട്ടങ്ങളിൽ പ്രവർത്തിക്കുന്നതിന് എല്ലാവിധ സജ്ജീകരണങ്ങളും ഏർപ്പെടുത്തി ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് പോലീസും ഫയർ ആൻഡ് റെസ്ക്യൂവും ശ്രദ്ധിക്കേണ്ടതാണ്.

മഴക്കാലത്ത് വളർത്തുമൃഗങ്ങളെ മാറ്റിപ്പാർപ്പിക്കാൻ അതിനുള്ള ഷെൽട്ടറുകൾ മുൻകൂട്ടി തന്നെ കണ്ടെത്തേണ്ടതും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മൃഗസംരക്ഷണവകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.



## കരിമണൽ ഖനന പ്രദേശം കുമ്മനം രാജശേഖരൻ സന്ദർശിച്ചു

**അമ്പലപ്പുഴ** : തോട്ടപ്പള്ളിയിലെ കരിമണൽ ഖനന പ്രദേശം മിസ്സോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ സന്ദർശിച്ചു. കുമ്മനത്തിനൊപ്പം ഹിന്ദു ഐക്യവേദി സംസ്ഥാന സംഘടനാ സെക്രട്ടറി സി .ബാബു ,ബി ജെ പി ദക്ഷിണമേഖലാ പ്രസിഡന്റ് കെ .സോമൻ ,ദക്ഷിണമേഖലാ വൈസ് പ്രസിഡന്റ് കൊട്ടാരം ഉണ്ണികൃഷ്ണൻ ,ജില്ലാ പ്രസിഡന്റ് എം .വി. ഗോപകുമാർ ,ഒ ബി സി മോർച്ച ജില്ലാ പ്രസിഡന്റ് കെ .പ്രദീപ് ,ന്യൂനപക്ഷ മാർച്ച ജില്ലാ സെക്രട്ടറി ഫ്രാൻസിസ് പണിക്കർ ,ജില്ലാ ജനറൽ സെക്രട്ടറി പി .കെ .വാസുദേവൻ ,ജില്ലാ വൈസ് പ്രസിഡന്റ് എൽ .പി .ജയചന്ദ്രൻമഹിളാ മോർച്ച ജില്ലാ വൈസ് പ്രസിഡന്റ് ആശാ രുദ്രാണി ,ജില്ലാ സമിതി അംഗങ്ങളായ ആർ .പ്രസാദ്, അരുൺ അനിരുദ്ധൻനിയോജക മണ്ഡലം ജനറൽ സെക്രട്ടറിമാരായ കെ .അനിൽകുമാർ ,വി .ബാബുരാജ് .തോട്ടപ്പള്ളി ഏരിയാ പ്രസിഡന്റ് പി .ആരോമൽ ,സെക്രട്ടറി പി .യശോധരൻ അനുഗമിച്ചു.

തോട്ടപ്പള്ളിയിലെ കരിമണൽ ഖനന പ്രദേശം മിസ്സോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ സന്ദർശിച്ചു

## നഗരസഭ കവാടത്തിൽ സിപിഎം ധർണ്ണ സമരം നടത്തി

**ഹരിപ്പാട്:**കോവിഡ്- പ്രതിരോധ പ്രവർത്തനം അട്ടിമറിക്കുന്ന നഗരസഭാ ഭരണസമിതി നിലപാടിനെതിരെ സിപിഐ എം നേതൃത്വത്തിൽ പ്രതിഷേധസമരം സംഘടിപ്പിച്ചു. കോവിഡ് പ്രതിരോധത്തിലെ അലംഭാവം അവസാനിപ്പിക്കുക, സുഭിക്ഷ കേരളം പദ്ധതി അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, മഴക്കാലപൂർവ ശുചീകരണം ഫലപ്രദമാക്കുക, സമൂഹ അടുക്കള നടത്തിപ്പിലെ അഴിമതി അന്വേഷിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചായിരുന്നു സമരം.

നഗരസഭാ കവാടത്തിൽ നടന്ന ധർണ സിപിഐ എം ജില്ലാ സെക്രട്ടറി ആർ നാസർ ഉദ്ഘാടനംചെയ്തു. ജില്ലാ സെക്രട്ടറിയറ്റംഗം എം സത്യപാലൻ അധ്യക്ഷനായി. സിപിഐ എം ഏരിയാ സെക്രട്ടറി എൻ സോമൻ, കർഷകസംഘം ജില്ലാ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, സി പ്രസാദ്, ആർ ഗോപി, എസ് സുരേഷ്, ബി. കൃഷ്ണകുമാർ, പി എം ചന്ദ്രൻ, എം എം അനസ് അലി, എം എസ് വി അംബിക എന്നിവർ സംസാരിച്ചു. ഇന്ന് വൈകിട്ട് വാർഡുകളിൽ സമരം സംഘടിപ്പിക്കും.

## വ്യാജ പ്രചാരണം : കേസെടുത്തു

**ഹരിപ്പാട്:** നഗരത്തിലെ ചില വ്യാപാര സ്ഥാപനങ്ങളിൽ കൊവിഡ് ബാധിതനായ ആൾ എത്തിയിരുന്നതായി വ്യാജ പ്രചാരണം നടത്തിയതിനു പ്രവാസിയായ മലയാളിക്ക് എതിരെ പൊലീസ് കേസെടുത്തു.കച്ചേരി ജംഗ്ഷനിലെ കടകളിൽ കൊവിഡ് ബാധിതനായ ആൾ എത്തിയിരുന്നതായി സാമൂഹിക മാധ്യമങ്ങളിൽ പ്രചാരണം നടത്തിയതിനെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പൊലീസിൽ പരാതി നൽകിയിരുന്നു.പൊലീസ് സൈബർ സെല്ലിന്റെ സഹായത്തോടെ അന്വേഷണം നടത്തി.ബഹ്‌റൈനിലുള്ള വീയപുരം സ്വദേശി കോശി തോമസിനെതിരെ കേസെടുത്തതായി സി.ഐ ഫയാസ് പറഞ്ഞു.

## സുരേഷ് മണ്ണാറശാല വിരമിച്ചു

**ഹരിപ്പാട്:** യക്ഷഗാന കലയെ സ്കൂൾ യുവജനോത്സവ വേദികളിലൂടെ ദക്ഷിണ കേരളത്തിനു പരിചിതമാക്കിയ മുതുകുളം വി.എച്ച്.എസ്.എസ് പ്രഥമാധ്യാപകൻ സുരേഷ് മണ്ണാറശ്ശാല വിരമിച്ചു.കാസർകോട്,കർണ്ണാടകയിലെ കുടക് എന്നിവിടെങ്ങളിൽ നിന്നും കലാകാരന്മാരെ കൊണ്ടു വന്ന് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി സംസ്ഥാന കലോത്സവ വേദിയിൽ എ ഗ്രേഡ് നേടിയെടുക്കാൻ സഹായിച്ചത് ഇദ്ദേഹത്തിന്റെ പ്രവർത്തന ഫലമായാണ്.യക്ഷഗാന കലയെക്കുറിച്ച് പഠനം നടത്തി പുസ്തകം രചിച്ച ഇദ്ദേഹം പരിസ്ഥിതി പ്രവർത്തനും സാഹിത്യകാരനുമാണ്.കാവുകൾ,കണ്ടൽക്കാടുകൾ എന്നിവയെപ്പറ്റിയുള്ള പുസ്തകങ്ങൾ വളരെയേറെ ശ്രദ്ധനേടി.ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.ഭാര്യ ആർ.ബീന,മക്കൾ: സന്ദീപ് എസ് കുമാർ,ശ്രീദീപ് എസ് കുമാർ,സാന്ദ്ര അനൂപ്.

## ബാങ്ക് ശാഖ ഉദ്ഘാടനം

**ഹരിപ്പാട്:** കുമാരപുരം സർവീസ് സഹകരണ ബാങ്ക് 2147-ാം നമ്പർ സ്പെഷ്യൽ ഗ്രേഡ് ബാങ്കിന്റെ ആദുനിക സൗകര്യങ്ങളോടു കൂടിയ നവീകരിച്ച നാരകത്തറ ശാഖ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.ബാങ്ക് പ്രസിഡന്റ് എ.കെ രാജൻ അധ്യക്ഷത വഹിച്ചു.മൊബൈൽ ബാങ്കിങ് സംവിധാനത്തിന്റെ ഉദ്ഘാടനം ജില്ലാ സഹകരണ സംഘം ജോ:രജിസ്ട്രാർ ബി.എസ് പ്രവീൺ ദാസ് നിർവഹിച്ചു.കെ.സജികുമാർ,എം.എം ബഷീർ,ബൈജു രമേശ്,ബി.സലീം തുടങ്ങിയവർ പ്രസംഗിച്ചു.

കുമാരപുരം സർവീസ് സഹകരണ ബാങ്കിന്റെ നവീകരിച്ച നാരകത്തറ ശാഖ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു.ബാങ്ക് പ്രസിഡന്റെ എ.കെ രാജൻ സമീപം.

# താഴത്തങ്ങാടി കൊലപാതകം : പ്രതി അറസ്റ്റിൽ

- അരുംകൊല നടത്തി ബിലാൽ മടങ്ങിയത് ഗ്യാസ് സിലിണ്ടർ തുറന്നു വിട്ട്
- ആരെങ്കിലും വീട്ടിലെത്തി സ്വിച്ച് ഇട്ടാൽ തീ പിടിപ്പിക്കാനുള്ള കെണി

**കോട്ടയം:** മോഷണം മാത്രമായിരുന്നു ലക്ഷ്യമെന്ന് താഴത്തങ്ങാടി കൊലപാതകക്കേസിൽ പിടിയിലായ പ്രതി പൊലീസിനോട് വ്യക്തമാക്കി. കൊല്ലപ്പെട്ട പാറപ്പാടം ഷാനി മൻസിലിൽ ഷീബയുടെ (60) വീടുമായി അടുത്ത ബന്ധമുള്ള സഹോദരന്റെ വീട്ടിൽ വാടകയ്ക്ക് താമസിച്ചിരുന്ന മുഹമ്മദ് ബിലാൽ (23) ആണ് അരുംകൊല നടത്തിയശേഷം സ്വർണവും പണവും പോർച്ചിൽ കിടന്നിരുന്ന കാറുമായി കടന്നുകളഞ്ഞത്. എറണാകുളത്ത് താമസിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എറണാകുളത്തുനിന്നുമാണ് ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി ഗിരീഷ് പി.സാരഥിയുടെ നേതൃത്വത്തിലുള്ള സംഘം ഇയാളെ പിടികൂടിയത്. മോഷ്ടിച്ചെടുത്ത കാറും പിടിച്ചെടുത്തു.

താഴത്തങ്ങാടിയിൽ ഹോട്ടൽ നടത്തിയിരുന്ന ബിലാൽ കഴിഞ്ഞ തിങ്കളാഴ്ച രാവിലെ ഒൻപതുമണിയോടെ മുഹമ്മദ് സാലിക്കിന്റെ (65) വീട്ടിലെത്തി. മുൻവശത്തെ വാതിലിലൂടെ അകത്തുകയറിയ ബിലാൽ സെറ്റിയിൽ ഇരുന്നു. ഇതിനിടയിൽ സാലിക്ക് എത്തി. ഉടനടി യാതൊരു പ്രകോപനവുമില്ലാതെ മുറിയിൽ കിടന്നിരുന്ന ടീപ്പോയി ചവിട്ടിപ്പൊട്ടിച്ച് അതിന്റെ കാൽ എടുത്ത് സാലിക്കിന്റെ തലിയിൽ അടിക്കുകയായിരുന്നു. ശബ്ദംകേട്ട് അടുക്കളയിൽ നിന്നും ഓടിയെത്തിയ ഷീബയേയും അടിച്ചുവീഴ്ത്തി. ബോധം നഷ്ടമായി കിടന്നിരുന്ന ഇരുവരും മരിച്ചുവെന്നാണ് ബിലാൽ കരുതിയത്. തുടർന്നാണ് അലമാരി പരിശോധിച്ചത്. അവിടെനിന്നും ലഭിച്ച സ്വർണാഭരണങ്ങളും പണവും കൈക്കലാക്കിയ ശേഷം ഷീബയുടെ മൃതദേഹത്തിൽ നിന്ന് സ്വർണമാലയും വളയും മോതിരവും ഊരിയെടുത്തു. തുടർന്നാണ് സ്വീകരണ മുറിയിലെ മേശപ്പുറത്ത് കിടന്നിരുന്ന വാഗൺആർ കാറിന്റെ താക്കോൽ കൈക്കലാക്കിയത്. പത്തുമണിയോടെ കാറുമായി സ്ഥലം വിട്ടു.

തെളിവുകൾ നശിപ്പിക്കാനും ബിലാൽ ശ്രമിച്ചിരുന്നു. അതിനായിട്ടാണ് ഗ്യാസ് സിലിണ്ടർ തുറന്നുവിട്ടത്. ആരെങ്കിലും വൈദ്യുതി ബൾബ് പ്രകാശിപ്പിക്കാൻ സ്വിച്ച് ഇട്ടാൽ തീ പടരുമെന്നും ഇരുവരും കത്തി ച്ചാമ്പലാവുമെന്നുമാണ് കരുതിയത്. കൂടാതെ വീട് പുറത്തുനിന്നും പൂട്ടിയതിനാൽ ഷീബയും സാലിക്കും പുറത്തുപോയതായി അയൽക്കാർ കരുതുമെന്നും ഇയാൾ ഉറപ്പിച്ചിച്ചിരുന്നു. വൈദ്യുതി കടത്തിവിട്ട് കൊലപ്പെടുത്താനും ശ്രമിച്ചിരുന്നു.ഇരുവരും മരിച്ചുവെന്ന് കരുതി പുറത്തിറങ്ങിയ ബിലാൽ കാറുമായി സ്ഥലം വിടുകയായിരുന്നു. വൈക്കത്ത് എത്തിയ ഇയാൾ നേരെ പോയത് ആലപ്പുഴയിലേക്കാണ്. തുടർന്നാണ് എറണാകുളത്തേക്ക് പോയത്. കാറിനായി എറണാകുളത്ത് പൊലീസ് സംഘം തിരച്ചിൽ നടത്തിവരികയാണ്. എത്ര സ്വർണം കവർന്നെന്നോ പണം എത്ര എടുത്തെന്നോ വിവരം ലഭിച്ചിട്ടില്ല.ഇന്നുതന്നെ പ്രതിയെ കോടതിയിൽ ഹാജരാക്കും. പ്രായപൂർത്തിയാവും മുമ്പേ ബിലാൽ രണ്ട് മോഷണക്കേസുകളിൽ പ്രതിയായിട്ടുണ്ടെന്ന് ജില്ലാ പൊലീസ് മേധാവി ജി.ജയദേവ് വ്യക്തമാക്കി.

ഷീബയുടെ മരണം തലയ്ക്കടിയേറ്റെന്നാണു പോസ്റ്റ് മോർട്ടം റിപ്പോർട്ട്. തലയുടെ ഇരുവശങ്ങളിലും ക്ഷതമുണ്ട്. ദേഹമാസകലം മർദ്ദനമേറ്റ സാലിക്ക് ഗുരുതര നിലയിൽ മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലാണ്. രണ്ടു യുവാക്കൾ വാടകയ്ക്ക് വീട് തേടി ഇവരുടെ വീട്ടിൽ എത്തിയതോടെയാണ് സംഭവം പുറംലോകം അറിയുന്നത്. ഇവരുടെ വീടിനടുത്തുള്ള ഒരു വീട് ഒഴിഞ്ഞു കിടക്കുന്നുണ്ട്. ആ വീട് തേടിയെത്തിയ യുവാക്കൾ അക്രമം നടന്ന വീട്ടിലേക്കാണ് എത്തിയത്. വീട്ടിൽ ആളനക്കം കണ്ടില്ല. ഗ്യാസിന്റെ മണവും വ്യാപിച്ചിരുന്നു. ഇവർ ഫയർഫോഴ്സിൽ വിളിക്കുകയും അടുത്തുള്ളവരെ വിളിച്ചു കൂട്ടുകയും ചെയ്തു. ഫയർഫോഴ്സാണ് വാതിൽ തുറന്നു അകത്ത് കയറുകയും ഗ്യാസ് ഓഫ് ചെയ്യുകയും ചെയ്തത്.



# അതിഥി തൊഴിലാളികളുടെ മടക്കം തുടരുന്നു

**കോട്ടയം :** ജില്ലയിൽനിന്ന് വിവിധ സംസ്ഥാനങ്ങളിലേക്കുള്ള അതിഥി തൊഴിലാളികളുടെ മടക്കയാത്ര തുടരുന്നു. പശ്ചിമ ബംഗാളിലേക്കുള്ള അഞ്ചാമത്തെ ട്രെയിൻ ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് കോട്ടയം റെയിൽവേ സ്റ്റേഷനിൽനിന്ന് പുറപ്പെട്ടു. ഹൗറ സ്റ്റേഷനിലേക്കുള്ള ഈ ട്രെയിനിൽ ജില്ലയിൽ നിന്നുള്ള 1320 തൊഴിലാളികളാണുണ്ടായിരുന്നത്. തിങ്കളാഴ്ച രാത്രി ബിഹാറിലേക്ക് 1153 പേർ മടങ്ങി. ഇതോടെ ജില്ലയിൽനിന്ന് ഇതുവരെ സ്വദേശത്തേക്ക് പോയ അതിഥി തൊഴിലാളികളുടെ എണ്ണം 9937 ആയി.

ചങ്ങനാശേരി -350, മീനച്ചിൽ- 345, കോട്ടയം-300, കാഞ്ഞിരപ്പള്ളി - 205, വൈക്കം- 120 എന്നിങ്ങനെയാണ് പശ്ചിമബംഗാളിലേക്ക് പോയവരുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക്. ഇടുക്കിയിൽ നിന്നുള്ള 144 പേരും ഇതേ ട്രെയിനിലുണ്ടായിരുന്നു.

ചങ്ങനാശേരി- 541, കോട്ടയം- 342, മീനച്ചിൽ 134, വൈക്കം 69, കാഞ്ഞിരപ്പള്ളി- 67 എന്നിങ്ങനെയാണ് തിങ്കളാഴ്ച ബിഹാറിലേക്ക് പോയവരുടെ താലൂക്ക് തിരിച്ചുള്ള കണക്ക്.

നേരത്തെ രജിസ്റ്റർ ചെയ്ത ക്രമത്തിലാണ് ജില്ലാ ഭരണകൂടം തൊഴിലാളികൾക്ക് മടക്കയാത്രയ്ക്ക് സൗകര്യമേർപ്പെടുത്തുന്നത്. രജിസ്റ്റർചെയ്യാൻ അവസരം ലഭിക്കാതിരുന്ന തൊഴിലാളികൾക്കായി അസി. ലേബർ ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ കേന്ദ്രങ്ങളിൽനിന്ന് പൊലീസ് സംരക്ഷണയിൽ കെഎസ്ആർടിസി ബസുകളിലാണ് തൊഴിലാളികളെ റെയിൽവേ സ്റ്റേഷനിലെത്തിക്കുന്നത്. ഇതിനു പുറമെ എറണാകുളത്തുനിന്ന് പുറപ്പെടുന്ന ട്രെയിനുകളിൽ ഇവിടെനിന്ന് തൊഴിലാളികളെ എത്തിച്ച് നാട്ടിലേക്ക് അയയ്ക്കുന്നുണ്ട്.



കലക്ടറുടെ ചുമതല വഹിക്കുന്ന എഡിഎം അനിൽ ഉമ്മൻ, ആർഡിഒ ജോളി ജോസഫ്, ഡെപ്യൂട്ടി കലക്ടർമാരായ ജെസി ജോൺ, ജിയോ ടി മനോജ്, തഹസിൽദാർമാർ എന്നിവർ തൊഴിലാളികളുടെ മടക്കയാത്രയ്ക്കുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## സന്തോഷിന് എഷ്യാ ബുക്ക് ഓഫ് റെക്കോഡ്

**വൈക്കം:** പാചകകലയിൽ കഴിവു തെളിയിച്ച സന്തോഷിന് എഷ്യാ ബുക്ക് ഓഫ് റെക്കോഡ് അവാർഡ് ലഭിച്ചു. ഇതിനു മുൻപ് ഇദ്ദേഹത്തിന് ഇൻഡ്യാ ബുക്ക് ഓഫ് റെക്കോഡ്, ബെസ്റ്റ് ഇന്ത്യ നാഷണൽ അവാർഡ് എന്നീ അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. വൈക്കം വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് പി.ശിവദാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അവാർഡ് സി.കെ. ആശ എം.എൽ.എയും ബെൽറ്റ് നഗരസഭാ ചെയർമാൻ ബിജു വി.കണ്ണേഴനും സമ്മാനിച്ചു. സമിതി സെക്രട്ടറി റെജി എം.ആർ, ജോർജ് കൂടല്ലി, ജയ് ജോ പേരയിൽ , എൻ.ബാലചന്ദ്രൻ നായർ എന്നിവരും സംസാരിച്ചു. കേവലം 58 മിനിട്ട് സമയം കൊണ്ട് 33 തരം വിഭവങ്ങൾ ഒരുക്കിയാണ് അവാർഡിന് അർഹനായത്. 11 ഗ്യാസ് ബർണറുകളും ഓവനും ഉപയോഗിച്ചു. സന്തോഷ് സീരിയൽ , സിനിമ, ആൽബങ്ങൾ, കോമഡി ഷോ, കുക്കറി ഷോ എന്നീ നിലകളിലും കഴിവു തെളിയിച്ചിട്ടുണ്ട്. സഹായത്തിന് ഭാര്യ മായ മക്കളായ ജിക്കു,ഡിക്കു,ജ്യോതിലക്ഷ്മി എന്നിവരുമുണ്ട്.

## നടപടി എടുക്കണം

**കോട്ടയം:** ക്ഷേത്ര ഭൂമി ക്ഷേത്രാവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കു എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കോടതിക്ക് നൽകിയ ഉറപ്പ് ലംഘിക്കപ്പെട്ടതായി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് കുറ്റപ്പെടുത്തിയ സാഹചര്യത്തിൽ വാഴപ്പള്ളി ക്ഷേത്രഭൂമിയിൽ കൃഷി ചെയ്യാൻ അനുവാദം കൊടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന് ഹിന്ദു ഐക്യവേദി ജില്ലാ സെക്രട്ടറി രാജേഷ് നന്നാശേരി ആവശ്യപ്പെട്ടു. ക്ഷേത്രഭൂമിയിലെ കപ്പ കൃഷിക്കെതിരേ ഹിന്ദു ഐക്യവേദി നൽകിയ പരാതിയിലാണ് ഹൈക്കോടതി പരാമർശം. ലോക് ഡൗണിന്റെ മറവിൽ ക്ഷേത്ര സ്വത്തുക്കൾ കൊള്ളയടിക്കാനും ക്ഷേത്രഭൂമി കൈയേറാനും ദേവസ്വം ബോർഡ് കൂട്ടുനിൽക്കുന്നതായി ഹിന്ദു ഐക്യവേദി ആരോപിച്ചു

## കുളിക്കാനിറങ്ങിയ യുവാവിനെ കാണാതായി

**കോട്ടയം:** മീനച്ചിലാറ്റിൽ ആറുമാനൂർ കടവിൽ കുളിക്കാനിറങ്ങിയ യുവാവിനെ കാണാതായി. ആറുമാനൂർ തുരുത്തിമറ്റത്തിൽ അനീഷ് ഗോപാലനെയാണ് (25) ഒഴുക്കിൽപ്പെട്ട് കാണാതായത്.

അനീഷും മൂു സുഹൃത്തുക്കളും വൈകിട്ട് അഞ്ചു മണിയോടെ മീനച്ചിലാറ്റിൽ ടാപ്പുഴ കടവിൽ കുളിക്കാനിറങ്ങിയതായിരുു. ഈ സമയം അനീഷിന്റെ അമ്മ കടവിൽ തുണിയലക്കുുായിരുന്നു. കുളിക്കടവിൽ നിന്ന് കയറി പോകാൻ അമ്മ ആവശ്യപ്പെട്ടെങ്കിലും അനീഷ് സുഹൃത്തുക്കൾക്കൊപ്പം നീന്തൽ തുടരുകയായിരുന്നു. ഇതിനിടെ അനീഷിനെ ഒഴുക്കിൽപ്പെട്ടു കാണാതായി. സുഹൃത്തുക്കൾ ബഹളം വച്ചതോടെ ഓടിയെത്തിയ നാ‘ട്ടുകാർ തെരച്ചിൽ നടത്തിയെങ്കിലും ഫലമുായില്ല. തുടർന്ന് അഗ്നിരക്ഷാ സേനയെ അറിയിച്ചു. വെളിച്ചക്കുറവിനെ തുടർന്ന് അവർ ഏഴരയോടെ തെരച്ചിൽ അവസാനിപ്പിച്ചു. ആനപ്പാപ്പാനായി ജോലി ചെയ്തിരുന്ന അനീഷ്, പെയിന്റിംഗ് അടക്കമുള്ള ജോലികൾക്കും പോയിരുന്നു.

## ജില്ലാ പഞ്ചായത്തിൻറെ 'തണലോരം' പദ്ധതിക്ക് ഇന്ന് തുടക്കം

**കോട്ടയം :** ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വനം വകുപ്പ്, ഹരിതകേരള മിഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ജില്ലയിൽ അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന തണലോരം പദ്ധതിക്ക് ഇന്ന് തുടക്കമാവും. പൊതു സ്ഥാപനങ്ങളുടെ കോന്പൗണ്ടുകൾ, വിദ്യാഭ്യാസ സ്ഥാപന കോന്പൗണ്ടുകൾ, നദികളുടെയും തോടുകളുടെയും തീരങ്ങൾ എന്നിവിടങ്ങൾ ഉൾപ്പെടെ സ്ഥലലഭ്യതയുള്ള പൊതു ഇടങ്ങളിലായി തേക്ക്, ഈട്ടി, ആഞ്ഞിലി, കന്പകം തുടങ്ങിയ വൃക്ഷങ്ങളും ഫലദായകങ്ങളായ പ്ലാവ്, മാവ്, റന്പൂട്ടാൻ, പേര, നെല്ലി, നാരകം, ഞാവൽ എന്നിവയും ഔഷധസസ്യങ്ങളായ ആര്യവേപ്പ്, രക്തചന്ദനം, മണിമരുത്, ലക്ഷ്മിതരു, ബദാം, രാമച്ചം, കണിക്കൊന്ന തുടങ്ങി യുൾപ്പെടെ 40 ഇനം തൈകളും കൂടാതെ കണ്ടൽ ഇനത്തിൽപ്പെട്ട തൈകളും ഉൾപ്പെടെ അഞ്ചു ലക്ഷം തൈകൾ ജില്ലയൊട്ടാകെ വച്ചുപിടിപ്പിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇതിൽ നാല് ലക്ഷത്തോളം തൈകൾ ഇതിനോടകം സാമൂഹ്യ വനവത്കരണ വിഭാഗത്തിൻറെ ജില്ലാ നഴ്സറികളായ വൈക്കം, ഇടയാഴം, തോട്ടുവക്കം, കനകപ്പലം, പനക്കച്ചിറ, മുത്തേടത്ത്കാവ് എന്നീ നഴ്സറികളിൽ നിന്നു വിതരണം ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്ന വൃക്ഷത്തൈകളും ഏതാനും ദിവസങ്ങൾക്കുള്ളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, സാമൂഹിക - സന്നദ്ധ സംഘടനകൾ, പ്രസ്ഥാനങ്ങൾ ഇവരുടെ സഹകരണത്തോടെ, വിതരണം ചെയ്യും. വൃക്ഷത്തൈകൾ നടുന്നതും തുടർന്ന് അഞ്ചു വർഷത്തേയ്ക്ക് പരിപാലിക്കുന്നതും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സെബാസ്റ്റ്യൻ കുളത്തുങ്കൽ അറിയിച്ചു. തണലോരം പദ്ധതിയുടെയും പരിസ്ഥിതി ദിനാചരണത്തിൻറെയും ഉദ്ഘാടനം നാളെ രാവിലെ 10.30നു കോട്ടയം മുൻസിപ്പൽ പാർക്കിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സെബാസ്റ്റ്യൻ കുളത്തുങ്കലിൻറെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ നിർവഹിക്കും. മുൻസിപ്പൽ ചെയർപേഴ്സൺ ഡോ.പി.ആർ. സോന പരിസ്ഥിതി ദിന സന്ദേശം നൽകും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഡോ. ശോഭാ സലിമോൻ മുഖ്യപ്രഭാഷണം നടത്തും.



# കോവിഡ് 19 പ്രതിരോധം: നിയോജക മണ്ഡലതലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും സർവ്വകക്ഷി യോഗം ചേരും

**ഇടുക്കി:** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലയിലെ ഓരോ നിയോജകമണ്ഡലതലത്തിലും ഗ്രാമ പഞ്ചായത്ത് തലത്തിലും സർവകക്ഷി യോഗം ചേർന്ന് പ്രതിരോധ പരിപാടി ഊർജിതമാക്കും. ഇടുക്കി കലക്ട്രേറ്റ് ഹാളിൽ ചേർന്ന രാഷ്ട്രീയ പാർട്ടികളുടെ അവലോകന യോഗത്തിന്റേതാണ് തീരുമാനം. വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണി യോഗം ഉദ്ഘാടനം ചെയ്തു. മറ്റു രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ആളുകൾ എത്തി തുടങ്ങിയതോടെ കോവിഡ് പ്രതിരോധത്തിൽ വലിയ ഉത്തരവാദിത്വമാണ് സംസ്ഥാനത്തിന് ഉണ്ടായിരിക്കുന്നതെന്നും കൂട്ടായ പ്രതിരോധ പ്രവർത്തനം ഉണ്ടാകണമെന്നും മന്ത്രി പറഞ്ഞു. ഏലം ലേലം സംബന്ധിച്ച് ലേലത്തിൽ പങ്കെടുക്കാൻ തമിഴ്നാട്ടിൽ നിന്നെത്തുന്ന വ്യാപാരികൾ കോറന്റയിനിൽ പോകേണ്ടതില്ല എന്ന് ജില്ലാ കലക്ടർ യോഗത്തിൽ അറിയിച്ചു. ലേലത്തിനെത്തുവാൻ തേനി കലക്ടർ ശുപാർശ ചെയ്ത 437 പേർക്കും പാസ് നല്കിയിട്ടുണ്ട്. ലേലത്തിൽ പങ്കെടുക്കാൻ ഇരു സംസ്ഥാനങ്ങളിലേക്കും പോകുന്നവർക്ക് പ്രത്യേക പാസ് ലഭ്യമാക്കി അനുവാദം നല്കിയിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ മൂന്നാമത്തെ ഐസിയുവിന്റെ അവസാന ഘട്ട നിർമ്മാണ പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്. ഡയാലിസിസ് ബ്ലോക്കും ഉടൻ പ്രവർത്തിപ്പിക്കാനാകും. ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രത്യേക ഒ.പിയും ഉടൻ ആരംഭിക്കും. ഓൺലൈൻ ക്ലാസുകൾ എല്ലാ വിദ്യാർത്ഥികളിലും എത്തിക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കും. റോഷി അഗസ്റ്റിൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. അഡ്വ. ഡീൻ കുര്യാക്കോസ് എം.പി, ഇ.എസ്.ബിജിമോൾ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യാ പൗലോസ്, ജില്ലാ കലക്ടർ എച്ച്. ദിനേശൻ, ആർ ഡി ഒ ആന്റണി സ്കറിയ, ഡി എം ഒ എൻ. പ്രിയ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



*കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളെ കുറിച്ച് കലക്ട്രേറ്റിൽ നടന്ന സർവ്വകക്ഷി യോഗത്തിൽ വൈദ്യുതി വകുപ്പ് മന്ത്രി എം.എം.മണി സംസാരിക്കുന്നു*

## ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ജില്ലാ തല ഉദ്ഘാടനം

**ഇടുക്കി:** സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ ഇടുക്കി ജില്ലാ യുവജന കേന്ദ്രം, തൊടുപുഴ സ്പോർട്സ് ആൻഡ് ഗെയിംസ് വെൽഫെയർ അസോസിയേഷന്റെ സഹകരണത്തോടെ ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിലെ യൂത്ത് കോർഡിനേറ്റർമാർ യൂത്ത് വോളന്റിയർമാർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് സോക്കർ സ്കൂൾ ഗ്രൗണ്ടും പരിസരവും കാടു വെട്ടി വൃത്തിയാക്കലും വൃക്ഷത്തൈ നടീലും സംഘടിപ്പിക്കും. ജില്ലയിൽ ഉടനീളം യൂത്ത് കോർഡിനേറ്റർമാരുടെയും യൂത്ത് വോളന്റിയർമാരുടെയും നേതൃത്വത്തിൽ ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ നടീലും സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടിയുടെ ജില്ലാ തല ഉദ്ഘാടനം അഡ്വ. ഡീൻ കുര്യാക്കോസ് എം.പി. ഇന്ന് (5) രാവിലെ 8.30 ന് സോക്കർ സ്കൂൾ ഗ്രൗണ്ടിൽ വൃക്ഷത്തൈ നട്ട് നിർവഹിക്കും.

## ഹരിത ചെക്ക്പോസ്റ്റ് പ്രവർത്തനസജ്ജം

**തൊടുപുഴ:** ഏലപ്പാറ പഞ്ചായത്തും ഹരിതകേരളവും സംയുക്തമായി നടപ്പാക്കുന്ന 'വഴികാട്ടാൻ വാഗമൺ പദ്ധതി'യുടെ ഭാഗമായി അഞ്ച് ഹരിത ചെക്ക്പോസ്റ്റുകൾ പ്രവർത്തനസജ്ജമായി. സർക്കാരിന്റെ ഹരിതടൂറിസത്തിലെ ആദ്യ ഗ്രീൻ ചെക്ക്പോസ്റ്റുകളാണ് ഇവിടെ യാഥാർഥ്യമാകുന്നത്. ടൗണിലെ ചെക്ക്പോസ്റ്റ് ഏലപ്പാറയിൽ വെള്ളിയാഴ്ച മുതൽ പ്രവർത്തിച്ചുതുടങ്ങും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സഞ്ചാരികളും തേക്കടി കണ്ട് മടങ്ങുന്നവരുമെല്ലാം തെരഞ്ഞെടുക്കുന്ന പ്രധാന പാതയിലാണ് ഏലപ്പാറ ഹരിത ചെക്ക്പോസ്റ്റ്. ചെക്ക്പോസ്റ്റുകൾ 24 മണിക്കൂറുംതൊടുപുഴഹരിത ചെക്ക്പോസ്റ്റുകൾ 24 മണിക്കൂറും പ്രവർത്തിക്കും. പഞ്ചായത്തിലെ ഹരിതകർമസേനാ അംഗങ്ങൾക്കാണ് ചെക്ക്പോസ്റ്റിന്റെ നടത്തിപ്പ് ചുമതല. രണ്ട് ഹരിതകർമ സേനാഗങ്ങൾ രാവിലെ ആറുമുതൽ വൈകിട്ട് ആറുവരെ ഡ്യൂട്ടി ചെയ്യും. ആറു മുതൽ പുലർച്ചെ വരെ ഒരു പുരുഷനാണ് ചുമതല.

# മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു: പാറമടയിലെ സ്ഫോടനത്തിന് നിയന്ത്രണം

കട്ടപ്പന കൂന്തളാം പാറയിൽ പ്രവർത്തിക്കുന്ന പാറമടകളിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശ പ്രകാരം നഗരസഭയും ജില്ലാ ഭരണകൂടവും ഇടപെട്ട് ശക്തി കുറഞ്ഞ നിയന്ത്രിത സ്ഫോടനം ഏർപ്പെടുത്തി.

പാറമടയുടെ പ്രവർത്തനം കാരണം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി പരാതിപ്പെട്ട് ഫിലിപ്പ് ജോൺ കോഴിമല സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ഇടപെട്ടത്. ജില്ലാ കളക്ടർ, ജില്ലാ ജിയോളജിസ്റ്റ്, നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങിയിരുന്നു. ഭാവിയിൽ സ്ഫോടനം കാരണം ബുദ്ധിമുട്ടുണ്ടായാൽ പുതിയ പരാതി നൽകാവുന്നതാണെന്നും കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ഉത്തരവിൽ പറഞ്ഞു.

പാറമട ഉടമകളും കട്ടപ്പന നഗരസഭാ ചെയർമാനും ചർച്ച നടത്തിയതായി നഗരസഭാ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. സ്ഫോടനങ്ങളുടെ ശക്തി കുറച്ചതിനാൽ ഇപ്പോൾ കാര്യമായ പ്രശ്നങ്ങളില്ലെന്ന് പരിസരവാസികൾ അറിയിച്ചതായി റിപ്പോർട്ടിൽ പറയുന്നു. പാറമടകളിൽ ഒരെണ്ണത്തിന്റെ കാലാവധി 2020 ലും മറ്റൊരെണ്ണത്തിന്റെ കാലാവധി 2021 ലും അവസാനിക്കും. തുടർന്ന് ഇവക്ക് പ്രവർത്തനാനുമതി നൽകില്ലെന്നും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നു.

## മൂന്ന് ദിവസത്തിനിടെ ജില്ലയിൽ എത്തിയത് 19 പ്രവാസികൾ

**ഇടുക്കി:** കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ അഞ്ച് രാജ്യങ്ങളിൽ നിന്നായി 19 പ്രവാസികൾ ജില്ലയിലെത്തി. ആരോഗ്യ പരിശോധനകൾക്ക് ശേഷം ഇതിൽ ഒമ്പത് പേരെ വീടുകളിലും 10 പേരെ വിവിധ കോവിഡ് കെയർ സെന്ററുകളിലും പ്രവേശിപ്പിച്ചു. കുവൈറ്റിൽ നിന്ന് എത്തിയ ആറ് പേരിൽ 10 വയസിൽ താഴെയുള്ള രണ്ട് പെൺകുട്ടികളടക്കം നാല് വനിതകളും രണ്ട് പുരുഷൻമാരും ഉൾപ്പെടുന്നു. ഇതിൽ മൂന്ന് പേരെ വീടുകളിൽ നിരീക്ഷണത്തിലാക്കി. രണ്ട് പേരെ തൊടുപുഴയിലും ഒരാളെ മുട്ടം റൈഫിൾ ക്ലബ്ബിലും പ്രവർത്തിക്കുന്ന കോവിഡ് കെയർ സെന്ററുകളിലാക്കി. ദുബായിൽ നിന്ന് നാല് വനിതകളും മൂന്ന് പുരുഷൻമാരുമടക്കം ഏഴ് പേരാണെത്തിയത്. ഇതിൽ മൂന്ന് പേർ വീടുകളിലാണ് നിരീക്ഷണത്തിൽ കഴിയുന്നത്. രണ്ട് പേരെ തൊടുപുഴയിലും ഒരാളെ വീതം മുട്ടത്തും പെരുമ്പള്ളിച്ചിറയിലുമുള്ള കോവിഡ് കെയർ സെന്ററുകളിലാണ് താമസിപ്പിച്ചിരിക്കുന്നത്. ദോഹയിൽ നിന്ന് ഒരു വനിതയാണെത്തിയത്. ഇവരെ തൊടുപുഴയിലെ സ്വകാര്യ ഹോട്ടലിൽ നിരീക്ഷണത്തിലാക്കി. സൗദി അറേബ്യയിൽ നിന്നും നാല് പുരുഷന്മാരാണെത്തിയത്. ഇതിൽ മൂന്ന് പേരെ വീടുകളിൽ നിരീക്ഷണത്തിലാക്കി. ഒരാളെ പെരുമ്പള്ളിച്ചിറ കോവിഡ് കെയർ സെന്ററിലാക്കി. അബുദാബിയിൽ നിന്നെത്തിയ ഒരു പുരുഷനെ തൊടുപുഴയിലെ ക്വാറന്റൈൻ സെന്ററിലാണ് താമസിപ്പിച്ചിരിക്കുന്നത്.

# തൊഴിലുറപ്പ് തൊഴിലാളികൾക്ക് മാസ്ക്കുകൾ നൽകി




**തൊടുപുഴ:** ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിലെ തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മാസ്കുകൾ നൽകി. കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് മാസ്കുകൾ വിതരണം ചെയ്തത്. കോവിഡ് പ്രോട്ടോകോൾ പാലിച്ച് കുമാരമംഗലം ഗ്രാമ പഞ്ചായത്തിലെ പതിനൊന്നാം വാർഡിലെ പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾക്ക് മാസ്കുകൾ നൽകിക്കൊണ്ട് മാസ്ക് വിതരണ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിനോജ് എരിച്ചിരിക്കാട്ട് നിർവഹിച്ചു കുമാരമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ലിന്റാ സിബിൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ.വി.ജോസ്, ഗ്രാമ പഞ്ചായത്ത് അംഗം കെ.ജി.സിന്ധുകുമാർ, ജോയിന്റ് ബിഡിഒ എം.എൻ.ബേബി, ബിഡിഒ ജോസൺ മാത്യു, ഓവർസിയർ രേഖ ശേഖരൻ തുടങ്ങിയവർ പങ്കെടുത്തു.

## സുഭിക്ഷ കേരളം പദ്ധതി : ചിന്നപ്പാറകുടിയിൽ കരനെല്ലും റാഗിയും വിളയും



**ഇടുക്കി:** സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ചതോടെ കോവിഡ് കാലത്ത് കൂടുതൽ കൃഷിയിടങ്ങൾ സജ്ജീവമാകുകയാണ്. സുഭിക്ഷ കേരളം പദ്ധതി ജില്ലയിൽ ആവിഷ്കരിച്ചപ്പോൾ അടിമാലി പഞ്ചായത്തിലെ ചിന്നപ്പാറകുടിയിൽ വിളയുന്നത് കരനെല്ലും റാഗിയും. ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ, ഹരിത കേരള മിഷൻ, യുഎൻഡിപി, കാർഷിക കർമമസേന എന്നിവയുടെ സഹകരണത്തോടെ അഞ്ചോളം കർഷകരാണ് ചിന്നപ്പാറകുടിയിൽ കരനെല്ലും റാഗിയും കൃഷിയിറക്കുന്നത്. വരുംനാളുകളിൽ ഭക്ഷ്യ വസ്തുക്കളുടെ സുരക്ഷയുറപ്പാക്കേണ്ടതിന്റെ ആവശ്യകതയേറെയുള്ളതിനാൽ പരമാവധി കൃഷിയിടങ്ങളിൽ കർഷകർ കൃഷിയിറക്കുന്ന സമയമാണിത്. സുഭിക്ഷ കേരളം പദ്ധതിയിൽ വിവിധ വകുപ്പുകളുടെ സഹകരണംകൂടി ലഭിക്കുന്നതിനാൽ കൂടുതൽ കർഷകർ കൃഷിയിലേക്ക് തിരിയുന്നു. ഇത്തരത്തിൽ ചിന്നപ്പാറകുടിയിലും കർഷകർക്ക് മികച്ച പിന്തുണയാണ് വിവിധ വകുപ്പുകൾ നൽകുന്നത്.കാർഷിക കർമ്മസേനയുടെ നേതൃത്വത്തിൽ ചിന്നപ്പാറയിൽ കൃഷിയിറക്കുന്നതിനുള്ള നിലമൊരുക്കൽ ആരംഭിച്ചു. ജെ.സി.ബി ഉപയോഗിച്ച് മണ്ണ് കൃഷിയ്ക്കാനുയോജ്യമാക്കുന്ന പ്രവർത്തനങ്ങളാണ് പൂർത്തിയായി വരുന്നത്. ആദ്യഘട്ടത്തിൽ രണ്ടേക്കറോളം ഭൂമിയിൽ കൃഷിയിറക്കും. കരനെല്ലിനൊപ്പം റാഗിയും കൃഷി ചെയ്യും. കൃഷിയിറക്കുന്നതിനും വിവിധ ഘട്ടത്തിൽ കർഷകർക്കാവശ്യമായ പിന്തുണ നൽകുന്നതിനും കൃഷിഭവൻ, ഹരിത കേരളമിഷൻ ,യു, എൻ , ഡിപി, എന്നിവയുടെ സഹകരണം ഉണ്ടാകും. കൃഷി ഓഫീസർ ഷാജി കെ, യു.എൻ.ഡി.പി ഭാരവാഹിയായ കാർത്തിക, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദീപ രീജീവ്, സെക്രട്ടറി കെ.എൻ സഹജൻ, പഞ്ചായത്തംഗങ്ങൾ തുടങ്ങിവരുമാണ് കൃഷിയ്ക്ക് നേതൃത്വം നൽകുന്നത്. വൈകാതെ നിലമൊരുക്കൽ പൂർത്തിയാകുമെന്നും വരും ദിവസങ്ങളിൽതന്നെ വിത്ത് വിതക്കുമെന്ന് കൃഷി ഓഫീസർ അറിയിച്ചു. ചിന്നപ്പാറയിൽ മുമ്പ് കൃഷിഭവന്റെയും അടിമാലി ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ റാഗി കൃഷിയും നടത്തിയിരുന്നു.




കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ



സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്.

മഹാത്മാ ഗാന്ധി

# വരികെ പ്രിയരേ, എന്ന് പറയേണ്ട കേരളം കൊഞ്ഞണം കുത്തരുത്

നഷ്ട സ്വപ്നങ്ങളുമായി പ്രവാസികൾ നാട്ടിലേയ്ക്ക് തിരിച്ച് എത്തികൊണ്ടിരിക്കുന്നു. കോവിഡ്മൂലം പ്രതിസന്ധിയിലായ, വിദേശ രാജ്യങ്ങളിലെ ഇന്ത്യാക്കാരാണ് മാതൃരാജ്യത്തേയ്ക്ക് മടങ്ങി എത്തുന്നത്. ഇനിയും വളരെപേർ തിരിച്ച് എത്താനുണ്ട് താനും. തിരിച്ചെത്തുന്നപ്രവാസികൾക്ക് മാനസിക പിന്തുണനല്കേണ്ടത് കേന്ദ്ര -സംസ്ഥാന സർക്കാറുകൾ ആണ്. വിദേശത്ത് ഒത്തിരി സമ്മർദ്ദങ്ങൾക്കിടയിൽനിന്നാണ് അവർ മടങ്ങിഎത്തികൊണ്ടിരിക്കുന്നത്. അവരെ ചേർത്ത് നിർത്തുക നമ്മുടെ കടമയാണ്. വിദേശത്ത് നിന്ന് വരുന്നവരെല്ലാം രോഗസാധ്യത ഉള്ള വരാണെന്നുള്ള മിഥ്യാധാരണഒന്നും വേണ്ട. അങ്ങനെ നമ്മൾ കതുതിയാൽ പ്രവാസികളെ അത് സമ്മർദ്ദത്തിലാക്കും ഒറ്റപെടൽ മാനസികമായി അവരെ തളർത്തും കോറന്റൈയിൻ കർശനമായി പാലിച്ച് കൊണ്ട് അവർക്ക് ഒപ്പം നിൽക്കുകയാണ് വേണ്ടതെങ്കിലും സംസ്ഥാനം ഒരുക്കിയിട്ടുള്ള സൗകര്യങ്ങളിൽ അപര്യാപ്തതനിരവധിയാണെന്നാണ് അവർ പരാതിപെടുന്നത്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തി മറ്റ് ജില്ലകളിലേയ്ക്ക് ക്വാറന്റൈയിനിൽപോകുന്ന പ്രവാസികളോട് സംസ്ഥാനസർക്കാറിന്റെ ഉദ്യോഗസ്ഥന്മാർ ക്രൂരമായി പെരുമാറുന്നതായി ആക്ഷേപം ഉയരുന്നു. സിനിമാനടൻ പ്രിഥിരാജ് ജോർദ്ദാനിൽനിന്നും ഈയിടെ എത്തിയപ്പോൾ സ്വന്തമായി പണം നല്കിയുള്ള ക്വാറന്റൈയിനിൽ കാർഡ്രൈവ് ചെയ്ത് പോകാൻ അദ്ദേഹത്തെ അനുവദിച്ചു. എന്നാൽ ഈ അടുത്ത ദിവസങ്ങളിൽ നെടുമ്പാശ്ശേരി വിമാനതാവളത്തിൽ വന്ന പ്രവാസികൾ സ്വന്തമായി പണംനല്കി ക്വാറന്റെയിനിൽ പോകാൻ ഉദ്യോഗസ്ഥന്മാർ പോകാൻ അനുവദിച്ചില്ല എന്നാണ് പരാതി. ജൂൺ ഒന്നിന് തിങ്കളാഴ്ച ദുബൈയിൽ നിന്ന് എത്തിയ കോട്ടയം കഞ്ഞിക്കുഴി സ്വദേശി ജോസഫ് ബെന്നി അയാളോടൊപ്പം ഉണ്ടായിരുന്ന മറ്റ് ചിലരും രാത്രിയിൽ ക്വാറന്റെയിനിൽ പോകാൻ അനുവാദം ചോദിച്ചപ്പോൾ നല്കിയില്ല. പ്രിഥിരാജിന് നൽകിയ അതേ ആനുകൂല്യം തനിയ്ക്കും നല്കണം എന്ന് ആവിശ്യപ്പെട്ടപ്പോൾ അറസ്റ്റ് ചെയ്ത് അകത്താക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞതായി ജോസഫ് ബെന്നി ആരോപിക്കുന്നു. ജൂൺ ഒന്നിന് വെളുപ്പിന് 5 മണിയ്ക്ക് വിമാനത്തിൽ പുറപ്പെട്ട ജോസഫ് ബെന്നിയുടെ സംഘത്തിൽ സ്ത്രീകളും , കുട്ടികളുമുൾപ്പെടെ ഒരു വലിയ സംഘം ഉണ്ടായിരുന്നു. ഇവരെല്ലാം കൊച്ചി വിമാനത്താവളത്തിൽ അനുഭവിച്ച ദുരന്തകഥയാണ് ഇപ്പോൾ പുറത്ത് വരുന്നത്. വെളുപ്പിന് അഞ്ച് മണിയ്ക്ക് പുറപ്പെട്ട അവർ രാത്രി വളരെ വൈകിയാണ് കൊച്ചിയിൽ എത്തിയത്. റവന്യൂ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും , എയർപോർട്ടിലേയും ഉദ്യോഗസ്ഥരാണ് അവരെ സ്വീകരിച്ചത്. തങ്ങളുടെ പ്രയാസങ്ങളെ പറ്റി ഉദ്യോഗസ്ഥന്മാരോട് വിവരിച്ചപ്പോൾ കെ.എസ്.ആർ.ടി.സി ബസ് ചൂണ്ടികാട്ടി അതിൽ കയറാൻ ആജ്ഞാപിച്ചു. വണ്ടിയിൽ കയറിക്കഴിഞ്ഞപ്പോൾ തന്നെ അത് ലോക്ക് ചെയ്തു. നിങ്ങൾക്ക് ചെല്ലേണ്ട സ്ഥലങ്ങളിൽ നിങ്ങളെ എത്തിക്കുമെന്നും ആർക്കും പുറത്തേയ്ക്ക് ഇറങ്ങാൻ ആവില്ലെന്നും വിശദീകരിച്ചു. വണ്ടി വിട്ടു. രാത്രി പന്ത്രണ്ട് മണിയോടെ പാലായിൽഎത്തി. പാലായിൽ എത്തിയപ്പോൾ ആകെ അരക്ഷിതാവസ്ഥ. ഈ വിവരം പൊലീസുകാരോട് പരാതിപ്പെടാൻ സമയം ചോദിച്ചപ്പോൾ ഉദ്യോഗസ്ഥന്മാർ അനുവദിച്ചില്ല. ആലപ്പുഴ, കോട്ടയം, പത്തനം തിട്ട ജില്ലയിൽ ഉൾപ്പെട്ടവരായിരുന്നു കൂടുതൽ പ്രവാസികളും. കോട്ടയത്തുള്ള സർക്കാർ വക ക്വാറന്റൈയിനിൽ താമസിക്കാൻ അവരോട് ആവിശ്യപ്പെട്ടു. അവരവർക്കുള്ള സ്ഥലങ്ങളിലെ ക്വാറന്റൈയിനിൽ ഇറക്കി വിടാമെന്ന് നേരുത്തേപറഞ്ഞിരുന്നെങ്കിലും അത് പാലിക്കപ്പെട്ടില്ല. പൂട്ടിയിട്ട വണ്ടിയിൽ കയറ്റിയ അവരെ കള്ളന്മാരോട് പെരുമാറുന്നത് പോലെയാണ് പെരുമാറിയതെന്ന് പ്രവാസികൾ സങ്കടം പറയുന്നു.

> തിരിച്ചെത്തുന്ന പ്രവാസികൾക്ക് മാനസിക പിന്തുണ നല്കേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ ആണ്. വിദേശത്ത് ഒത്തിരി സമ്മർദ്ദങ്ങൾക്കിടയിൽനിന്നാണ് അവർ മടങ്ങിഎത്തികൊണ്ടിരിക്കുന്നത്. അവരെ ചേർത്ത് നിർത്തുക നമ്മുടെ കടമയാണ്.

വിദേശത്ത് നിന്ന് കോവിഡ് കാലത്തിന്റെ പലവിധക്ലേശങ്ങളും സഹിച്ച് ജന്മദേശത്ത് എത്തിയ പ്രവാസികളോട് കാണിച്ച മര്യാദകേടിന് ആര് ഉത്തരം പറയും?. അന്യദേശങ്ങളിൽ കുരുങ്ങികിടക്കുന്നവരുടേയും, നാട്ടിൽ അവർക്കായി കാത്തിരിക്കുന്നവരുടേയും നോവുന്ന മനസ്സുകളെ തിരിച്ചറിയാൻ സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ആവുന്നില്ല. സർക്കാർ നല്കേണ്ട കരുതലും മുന്നൊരുക്കങ്ങളും ,സൗകര്യങ്ങളും ഇങ്ങനെയായത് എന്ത് കൊണ്ട് എന്ന നെഞ്ചത്ത് കൈവച്ച് പ്രവാസികൾ ചോദിക്കുന്നു. തിരിച്ചെത്തുന്നവരായാലും വിദേശത്ത് ഉള്ളവരായാലും രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പ്രവാസികൾ അഭിവാജ്യഘടകങ്ങൾ ആണ്. ലോകത്തിന് മുമ്പിൽ കേരളത്തെ തലഉയർത്തി നിർത്താൻ പ്രാപ്തമാക്കിയ പ്രവാസികളെ മറക്കരുത്. ഒരു നോട്ടം കൊണ്ട് പോലും അവരെ ദുഖിപ്പിക്കരുത്. മടക്കവഴിയിൽ അവർക്ക് ആത്മവിശ്വാസം പകരാൻ സർക്കാറിന് കഴിഞ്ഞില്ലെങ്കിലും അവരെ അവഹേളിക്കാതെഎങ്കിലും ഇരുന്നുകൂടേ ?



# നമുക്ക് ഭൂമിയുടെ കാവലാളാകാം

**ശ്രീമൻ നാരായണൻ**

ജൂൺ 5 പരിസ്ഥിതി ദിനം
ജൂൺമഴത്തുള്ളികളുടെ മേളപ്പെരുക്കങ്ങൾ അകമ്പടി സേവിക്കുന്ന പരിസ്ഥിതിദിന സന്ദേശങ്ങൾ മനുഷ്യഹൃദയങ്ങൾ കൂടുതൽ ആർദ്രതയോടും ഏറെ ഗൗരവത്തോടും സ്വീകരിക്കേണ്ടതുണ്ട്.
''നമുക്കു ജീവിക്കാൻ ഈ ഒരു ഭൂമി മാത്രം.''
ഇതായിരുന്നു 1973 ൽ പരിസ്ഥിതി ദിനാചരണത്തിന് തുടംകുറിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭ നൽകിയ സന്ദേശം.അന്ന് ലോകജനസംഖ്യ 391 കോടിയായിരുന്നു.ആ 391 ൽ നിന്നും 2020 ൽ ജനസംഖ്യ 760 കോടിയായി വളർന്നു.ഭൂമി ഒരിഞ്ചുപോലും വളർന്നില്ല, ഏറെ തളരുകയും ചെയ്തു.
ഒരാൾക്ക് ഒരു ദിവസം ശ്വസിക്കാൻ വേണ്ടത് 650 ഗ്രാം ഓക്സിജൻ ആണ്.ഒരു മരം ഒരു ദിവസം ഉല്പാദിപ്പിക്കുന്ന ഓക്സിജന്റെ അളവ് 23.3 ഗ്രാമാണ്.അതായത് ഒരു മനുഷ്യന് ഒരു ദിവസം ശ്വസിക്കാൻ 28 മരങ്ങൾ വേണം.760 കോടി ജനങ്ങൾക്ക് എത്ര മരങ്ങൾ വേണ്ടിവരും? അല്ലെങ്കിൽ 140 കോടി ഇന്ത്യക്കാർക്ക് എത്ര മരങ്ങൾ വേണ്ടി വരും? അതുമല്ലെങ്കിൽ മൂന്നരക്കോടി മലയാളിക്ക് എത്ര മരങ്ങൾ വേണ്ടിവരും?ചിന്തിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു.
അതുകൊണ്ട് ഉറപ്പിച്ചോളൂ:
മരമില്ലയെങ്കിൽക്കഴിഞ്ഞു – പിന്നെ മരണമാണെങ്ങും മനുഷ്യാ!
മതമില്ലയെങ്കിലും വാഴാം – എന്നാൽ മരമില്ലയെങ്കിൽ വാഴില്ല...
'ദൈവം മരങ്ങളെ വരൾച്ചയിൽനിന്നും കൊടുങ്കാറ്റിൽനിന്നും മഹാപ്രളയത്തിൽനിന്നും രക്ഷിച്ചു.മനുഷ്യൻെറ വിഡ്ഢിത്തത്തിൽനിന്നും മരങ്ങളെ രക്ഷിക്കാൻ ദൈവത്തിനു കഴിഞ്ഞില്ല' എന്ന ജോൺ മൂയറുടെ വിലാപം പരിസ്ഥിതി ദിനത്തിലെ കലാപമാണ്.
മനുഷ്യൻെറ ജീവനും ആരോഗ്യവും നിലനിർത്തുന്നത് മരങ്ങളാണല്ലോ. മരങ്ങളുടെ പ്രധാന്യത്തെ ഉൾക്കൊണ്ടു പ്രവർത്തിക്കുന്നതിൽ നാം തീർത്തും പരാജയപ്പെട്ടിരിക്കയാണ്.പൂർവ്വികർ മരങ്ങളെ ആരാധനയോടെയാണ് സമീപിച്ചിരുന്നത്. നമ്മുടെ സമീപനം മിക്കവാറും വൈകല്യങ്ങൾ നിറഞ്ഞതും! നാം തടിയുടെ മൂല്യം നോക്കിയാണ് വൃക്ഷത്തിന് വിലയിടുന്നത്.അച്ഛനും അമ്മയും കേവലം മനുഷ്യനെന്നതിലുമപ്പുറം മറ്റെന്തൊക്കെയുമാണെന്ന് നാം അറിയുന്നില്ല!
ദശ കൂപ സമാ വാപി
ദശ വാപി സമാ ഹ്രദഃ
ദശ ഹ്രദ സമാ പുത്ര
ദശ പുത്ര സമഃ ദ്രുമഃ
പത്തു കിണർ ഒരു കുളത്തിനു സമം.പത്തു കുളം ഒരു തടാകത്തിനു സമം.പത്തു തടാകം ഒരു പുത്രനു സമം.പത്തു പുത്രൻ ഒരു വൃക്ഷത്തിനു സമം. ഇതാണ് വൃക്ഷത്തിന് പൂർവ്വികാചാര്യന്മാർ നല്കിയ നിർവ്വചനം.
അതുകൊണ്ട് ഈ ഭൂമി വിട്ടു പോകുമ്പോൾ ''ഞാൻ നട്ടുവളർത്തിയ ഒരു വൃക്ഷം ഇവിടെ വളരുന്നുണ്ട് '' എന്ന് മിനിമം ആശ്വസിക്കാനെങ്കിലും നമുക്കു കഴിയണം!
ഈ ഭൂമി അമ്മയാണ്,അച്ഛനാണ്,ഗുരുവാണ്,ദൈവമാണ് നമ്മുടെ എല്ലാമാണ്.നമ്മെ ഊട്ടുന്നതും ഉറക്കുന്നതും ഉണർത്തുന്നതും ഈ ഭൂമിയാണ്.ആ അമ്മക്ക് ഒരാപത്തും സംഭവിക്കരുത്. നമ്മുടെ ഭൂമിയെ രക്ഷിക്കാൻ നാം ആഫ്രിക്കയിലോ അമേരിക്കയിലോ ഒന്നും പോകണ്ട.നാം നില്ക്കുന്ന ഇടമാണ് നമ്മുടെ ഭൂമി.നാം ഓരോരുത്തരും നമ്മുടെ പരിസരം മലിനമാകാതെ സൂക്ഷിച്ചാൽ മതി.ആരും കാണുന്നില്ലെങ്കിൽ ഏതു മാലിന്യവും എവിടേയും വലിച്ചെറിയാം എന്ന കുടിലചിന്ത പോകണം.അപ്പോൾ ഭൂമി നന്നാവും.
''ദൈവം മനുഷ്യനു ചിറകുകൾ നല്കാഞ്ഞതു നന്നായി.അല്ലെങ്കിൽ അവൻ ആകാശത്തും മാലിന്യങ്ങൾ വിതറിയേനെ''എന്ന് ഒരു ചിന്തകൻ പറഞ്ഞതോർക്കുന്നു.ഈ പരിസ്ഥിതി ദിനം മുതലെങ്കിലും നമുക്ക് ഭൂമിയെപ്പറ്റി,പ്രകൃതിയെപ്പറ്റി കരുതലുള്ളവരാകാം.നമുക്ക് നമ്മുടെ കാവലാളാകാം!

# നഷ്ടപ്പെടുന്ന ആകാശവും ഭൂമിയും



**ഡോ.വി.ജി. പ്രദീപ്കുമാർ**

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന് സഹായകരമായ സാമ്പത്തിക പാക്കേജ് പ്രഖ്യാപനത്തിന്റെ അവസാന ഘട്ടങ്ങളിൽ കേന്ദ്ര ധനമന്ത്രി പ്രഖ്യാപിച്ച പല പരിഷ്ക്കാരങ്ങളും പൊതുസമൂഹത്തിൽ ചില സംശയങ്ങളുയർത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട തീരുമാനങ്ങളിൽ ചിലത് കൽക്കരിഖനികളുടെ സ്വകാര്യവൽക്കരണം, ഓർഡനൻസ് ഫാക്ടറി (സൈനിക സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറി) കളുടെ സ്വകാര്യവൽക്കരണം, ബഹിരാകാശ ഗവേഷണം തുടങ്ങിയ തന്ത്രപ്രധാനമായ മേഖലകളിലെ കൂടുതൽ സ്വകാര്യപങ്കാളിത്തവും അതിനേക്കാളുപരി പൊതുമേഖലകൾക്കുള്ള നിയന്ത്രണം എന്നിവ ഇവയിൽ പ്രമുഖമാണ്. ലോകത്താകമാനം കോവിഡ് കാലഘട്ടത്തിൽ വിവിധ രാജ്യങ്ങൾ അവരവരുടെ ജനതയുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ട വിവിധ പദ്ധതികളും പരിപാടികളും ആവിഷ്ക്കരിക്കുന്നതും നമുക്ക് കാണാവുന്നതാണ്. ഇവയിൽ ഹോങ്കോങ്ങ്, കാനഡ, ഫ്രാൻസ്, സ്പെയിൻ തുടങ്ങിയ രാജ്യങ്ങൾ പൗരന്മാരുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ടു പണം എത്തിക്കുകയാണ് ചെയ്തത്. ഏറ്റവുമാദ്യം ഇത്തരം നടപടികൾ സ്വീകരിച്ച രാജ്യങ്ങളിലൊന്നാണ് ഹോങ്കോങ്ങ്. രാജ്യത്തെ എല്ലാ പൗരന്മാർക്കും 1200 യു.എസ്. ഡോളർ പ്രതിമാസം വീതം 3 മാസത്തേയ്ക്കാണ് ഗവൺമെന്റ് നൽകിയത്. കാനഡയാകട്ടെ തൊഴിലാളികൾക്ക് 27 ബില്യൻ യു.എസ്. ഡോളറിന്റെയും കടബാധ്യത എഴുതിത്തള്ളുന്നതിന് 55 ബില്യൻ ഡോളറിന്റെയും പാക്കേജ് പ്രഖ്യാപിച്ചു. ഇതിനുപുറമെ രാജ്യത്തെ അടിയന്തിര ചികിത്സാ മേഖലയുടെ ശാക്തീകരണത്തിന് ഒരു ബില്യൻ ഡോളറും പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനങ്ങൾ ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിനും അവിടുത്തെ വ്യവസായ സംരംഭങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും സഹായകരമാകുന്നുണ്ട്. ഇവ കൂടാതെ നിരാലംബർക്കും, ഭിന്നശേഷിക്കാർക്കും, സ്ത്രീകൾക്കും കുട്ടികൾക്കുമെല്ലാം പ്രത്യേകം പദ്ധതികളും കനേഡിയൻ പ്രധാനമന്ത്രി ശ്രീ. ജസ്റ്റിൻ ട്യൂഡർ പ്രഖ്യാപിച്ചു. അതുപോലെ സ്പെയിനും 220 ബില്യൻ ഡോളറിന്റെ സാമ്പത്തിക ഉത്തേജന പാക്കേജ് അവതരിപ്പിച്ചിരിക്കുന്നു. ഇത് രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.ഡി.പി.) 20 ശതമാനം വരും. അമേരിക്ക വിവിധ ഘട്ടങ്ങളിലായി ഏകദേശം 3 ട്രില്യൻ ഡോളറിന്റെ സഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

ഇനി ഇന്ത്യയുടെ സാമ്പത്തിക പാക്കേജിനെപ്പറ്റി നോക്കാം. കേന്ദ്രം പ്രഖ്യാപിച്ച 20 ലക്ഷം കോടിയുടെ പാക്കേജിൽ നേരിട്ട് പൗരന്മാർക്കു കിട്ടുന്ന ധനസഹായം തുലോം കുറവാണെന്നോ അതോ നാമ മാത്രമാണെന്നോ കാണാവുന്നതാണ്. തൊഴിലുറപ്പു പദ്ധതിയ്ക്കു പ്രഖ്യാപിച്ച 40,000 കോടിരൂപയും, ആരോഗ്യരംഗത്തേയ്ക്ക് വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ച 20,000 കോടി രൂപയും മാത്രമാണ് നേരിട്ടുള്ള ധനസഹായ രൂപത്തിൽ വന്നിട്ടുള്ളത്. ആരോഗ്യരംഗത്തെ ആഭ്യന്തര മൊത്ത വരുമാനത്തിന്റെ 7 ശതമാനമെങ്കിലും ചെലവഴിക്കുന്നതിനു പകരം 2 ശതമാനത്തിൽ താഴെ മാത്രമേ ഇപ്പോൾ ചെലവഴിക്കുന്നുള്ളു. ഈ സ്ഥിതി മാറണമെന്ന് ആരോഗ്യരംഗത്തെ വിദഗ്ദ്ധരും, മെഡിക്കൽ പ്രൊഫഷണൽ സംഘടനകളും ആവശ്യപ്പെടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. രാഷ്ട്രീയ നേതൃത്വങ്ങളുടെ മുൻഗണനകളിൽ, സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും, ആരോഗ്യരംഗത്തിനു നീക്കിവെയ്ക്കുന്ന ബഡ്ജറ്റ് വിഹിതം തുച്ഛമായി പോകുന്നത് ആശ്ചര്യകരമാണ്. ലോകത്തിലെ വിവിധ രാജ്യങ്ങളിലെ തെരെഞ്ഞെടുപ്പുകളിൽ പ്രധാന ചർച്ചാ വിഷയമാകുന്നതുപോലും അവിടുത്തെ ആരോഗ്യ ചികിത്സാരംഗത്തെ കർമ്മപദ്ധതികളാണെന്നിരിക്കെ ഇന്ത്യ പോലെയുള്ള ഒരു രാജ്യത്ത് ഇക്കാര്യം എല്ലായ്പ്പോഴും തികച്ചും അവഗണിക്കപ്പെടുകയാണ് ചെയ്യുന്നത്.



തൊഴിൽരംഗത്തെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്നതും, കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളതുമായ രണ്ടു രംഗങ്ങളാണ് ഖനികളും, വെടിക്കോപ്പ് നിർമ്മാണ (ഓർഡനൻസ്) ഫാക്ടറികളും. കൽക്കരി ഖനനത്തിൽ ഇന്ത്യ ലോകരാജ്യങ്ങളിൽ അഞ്ചാം സ്ഥാനത്താണ്. ഇന്ത്യയിലെ പ്രധാനപ്പെട്ട കൽക്കരി ഖനികൾ സ്ഥിതിചെയ്യുന്നത് ജാർഖണ്ഡ്, ഒഡീഷ, ഛത്തീസ്ഗഢ്, പശ്ചിമബംഗാൾ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ്. ഇവയിൽ നിന്നും ശരാശരി 663 മില്യൻ മെട്രിക് ടൺ കൽക്കരി ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. കോൾ ഇന്ത്യ ലിമിറ്റഡ് കമ്പനിയുടെ വിറ്റുവരവ് 2.03 ലക്ഷം കോടി രൂപയാണെന്നാണ്




2019ലെ കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ കേന്ദ്രസർക്കാർ ലാഭകരമായ ഖനികൾ സ്വകാര്യമേഖലയ്ക്ക് അനുവദിക്കുന്നതിനുള്ള നിയമം കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. മാത്രവുമല്ല, കുഴിച്ചെടുക്കപ്പെടുന്ന കൽക്കരി സൂക്ഷിക്കുന്നതിനും ഖനികളിൽ നിന്നു പുറത്തേയ്ക്കു കൊണ്ടുപോകുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് 50,000 കോടി രൂപ ചെലവാക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. ഈ തുക സർക്കാർ ചെലവഴിക്കേണ്ടതാണോയെന്ന ന്യായമായ സംശയം സാധാരണക്കാരിൽ ഉയർന്നുവരാം. ഉൽപ്പാദനപ്രവർത്തിപ്പിക്കൽകൈമാറൽ (ആൗശഹറ, ഛുലൃമലേ & ൃമിളെലൃ) മാതൃകയിലാണെങ്കിൽപ്പോലും ഈ തുക സർക്കാർ ചെലവഴിക്കേണ്ടതില്ല. വെടിക്കോപ്പ് നിർമ്മാണശാലകളുടെ സ്ഥിതിയും വിഭിന്നമല്ല. രാജ്യത്തെ യുദ്ധ സാമഗ്രികൾ, വെടിക്കോപ്പുകൾ എന്നിവ നിർമ്മിക്കുന്ന 39 ഓർഡനൻസ് ഫാക്ടറികളാണുള്ളത്. ലോകത്തെ ഏറ്റവും വലിയ ഉൽപ്പാദന മേഖലയും ഇന്ത്യാ ഗവൺമെന്റിന്റെ ഏറ്റവു മാദ്യത്തെ പൊതുമേഖലാ സംരംഭവുമാണ് ഓർഡനൻസ് ഫാക്ടറികൾ.

ബഹിരാകാശ ഗവേഷണരംഗത്ത് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി വൻ കുതിച്ചു ചാട്ടമാണ് ഇന്ത്യ കാഴ്ചവെച്ചത്. ഇന്ത്യക്കുവേണ്ടി സ്വതന്ത്രമായ ഒരു ബഹിരാകാശ ഗവേഷണ പദ്ധതി 1969 ലാണ് ആദ്യമായി രൂപീകരിച്ചത്. ബാംഗ്ലൂർ ആസ്ഥാനമായി ആരംഭിച്ച ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ഐ.എസ്.ആർ.ഒ.) യ്ക്ക് അഹമ്മദാബാദ്, തിരുവനന്തപുരം, ഹൈദ്രാബാദ് എന്നിവിടങ്ങളിൽ ഉപകേന്ദ്രങ്ങളുണ്ട്. ആര്യഭട്ട, സ്കൈലാബ്, ഇൻസാറ്റ്, റിസാറ്റ്, സരൾ (ടഅഞഅഘ), ചന്ദ്രയാൻ എന്നിവ ഇന്ത്യ വിക്ഷേപിച്ച വിവിധ കൃത്രിമ ഉപഗ്രഹങ്ങളാണ്. വാർത്താവിനിമയരംഗത്തും കാലാവസ്ഥാ നിരീക്ഷണത്തിലും മാത്രമല്ല, ചൊവ്വ തുടങ്ങിയ ഗ്രഹങ്ങളെപ്പറ്റിയുള്ള കൂടുതൽ പഠനങ്ങൾക്കും നമ്മുടെ ബഹിരാകാശ ഗവേഷണം ഉപകാരപ്രദമായിട്ടുണ്ട്. ഈ രംഗത്തെ അതികായനായ അമേരിക്കക്കുപോലും അസൂയയുണ്ടാക്കുന്ന രീതിയിലാണ് ഇന്ത്യൻ ശാസ്ത്രജ്ഞരും, ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങളും മുന്നേറിയിട്ടുള്ളത്. രാജ്യത്തിന്റെ ഏറ്റവും വലിയ പ്രശംസയ്ക്കുപാത്രമായ ശാസ്ത്രഗവേഷണ രംഗത്തെ സ്വകാര്യവൽക്കരിക്കുന്നതിന്റെ പ്രസക്തി ചോദ്യം ചെയ്യപ്പെടുന്നതിൽ അതിശയോക്തിയില്ല.

ഈ മൂന്നുരംഗത്തും സമാന്തരമായ ചില സവിശേഷതകൾ ഉള്ളതായി കാണാം. കർശനമായ തൊഴിൽ അച്ചടക്ക നിയമങ്ങൾ, കാര്യക്ഷമമായ ഉൽപ്പാദനം, നഷ്ടരഹിതമായ വ്യാവസായികാന്തരീക്ഷം ഇതുതന്നെയാകണം സ്വകാര്യ സംരംഭകരുടെ താൽപ്പര്യത്തിനു കാരണവും. ഏതൊരു രാജ്യത്തിനും അഭിമാനിക്കാവുന്ന രീതിയിൽ മുന്നോട്ടുപോകുന്ന ഈ രംഗങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിലൂടെ നമ്മുടെ ആത്മാഭിമാനമാണ് നാം അടിയറ വെയ്ക്കുന്നത്. കോവിഡ് പ്രതിരോധരംഗത്തു ചെലവഴിക്കേണ്ട അധികതുക സമാഹരണത്തിനാണോ ഈ നീക്കം ? കോവിഡ് പ്രതിരോധത്തിനു വേണ്ടത് സാർവത്രികമായ ചികിത്സാവ്യക്തി സുരക്ഷ ഉപകരണങ്ങൾ, മാസ്കുകൾ, വെന്റിലേറ്ററുകൾ, ആശുപത്രിതീവ്രപരിചരണ കിടക്കകളുടെ ലഭ്യത എന്നിവയും, രാജ്യത്തെ പൗരന്മാർക്ക് ക്രയവിനിയോഗത്തിനുള്ള സാമ്പത്തിക സഹായം നേരിട്ടു നൽകലുമാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണത്തിന് പകരം റിസർവ് ബാങ്കിനെ സമീപിച്ചും തുടർന്ന് വെൽത്ത് ടാക്സ്, അതിസമ്പന്നർക്ക് ഏർപ്പെടുത്താവുന്ന പ്രത്യേക നികുതി തുടങ്ങിയവയിലൂടെ പണം കണ്ടെത്തി നേരിട്ട് ജനങ്ങൾക്ക് പണവും ഭക്ഷ്യധാന്യവും എത്തിക്കുന്ന നടപടി ആയിരുന്നു സ്വീകരിക്കേണ്ടിയിരുന്നത്. എങ്കിൽ മാത്രമേ ഇന്ത്യപോലെയുള്ള വികസ്വര രാജ്യത്തിന് ഈ പ്രതിസന്ധി തരണം ചെയ്യാനാകു. മാത്രമല്ല, വരുംവർഷങ്ങളിലെ ബഡ്ജറ്റുകളിൽ ആരോഗ്യ ചികിത്സാ പ്രതിരോധ പ്രവർത്തനത്തിനു വേണ്ടി കൂടുതൽ തുക വകയിരുത്തുന്നതിനുള്ള രാഷ്ട്രീയ തീരുമാനവും വേണം. രാജ്യത്തെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സംസ്ഥാന സർക്കാരുകൾ, മെഡിക്കൽ രംഗത്തെ പ്രൊഫഷണൽ സംഘടനകൾ എന്നിവരുമായി കൂടിയാലോചിച്ച് അടുത്ത പത്തുകൊല്ലത്തിനുള്ളിൽ 'ആരോഗ്യ ഭാരതം സുരക്ഷിത ഭാരതം' എന്ന മുദ്രാവാക്യം മുന്നോട്ടുവെച്ചുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകി നടപ്പിലാക്കേണ്ടതുണ്ട്. അതിനു പകരം ബഹിരാകാശ ഖനന മേഖലകളുടെ സ്വകാര്യവൽക്കരണത്തിന് കോവിഡ് പശ്ചാത്തലം ഉപയോഗിക്കുന്നതിലൂടെ നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ ആകാശവും ഭൂമിയും തന്നെയായിരിക്കും.

**(പ്രൊഫഷണൽ നെറ്റ്‌വർക്ക് സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)**

## വിളവെടുപ്പ് ആരംഭിച്ചു

**അങ്കമാലി :** ലോക്ക്ഡൗൺ കാലത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കായികശേഷി വർദ്ധിപ്പിക്കുന്നതിനുമായി അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ സമഗ്ര പച്ചക്കറികൃഷിയുടെ വിളവെടുപ്പുദ്ഘാടിച്ചു. ജില്ലയിലെ മികച്ച പച്ചക്കറി കർഷകനുള്ള അവാർഡ് ജേതാവ് കെ. എൽ. വർഗീസിന്റെ മുക്കന്നൂരിലെ കൃഷിയിടത്തിൽ നടന്ന വിളവെടുപ്പുത്സവം റോജി എം. ജോൺ എം. എൽ. എ. ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ടി. പോൾ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജയ രാധാകൃഷ്ണൻ, കൃഷി അസിസന്റ് ഡയറക്ടർ ആർ. ശ്രീലേഖ, ഏലിയാസ് കെ. തരിയൻ, മോളി വിൻസെന്റ്, ലീലാമ്മ പോൾ, കെ. വി. ബിബീഷ്, ജിഷ ജോജി, കൃഷി ഓഫീസർ സബിത എന്നിവർ പ്രസംഗിച്ചു.

## ചരമം



**മരിയുമ്മ (80)**

പറവൂർ: വാണിയക്കാട് ചരുപറമ്പ് പരേതനായ മുസ്തഫ ഭാര്യ മരിയുമ്മ നിര്യാതയായി.മക്കൾ: അബ്ദുല്ല, അസ്മ, ഐഷാബി, റംല, സുഹറ, നാസർ, റസാഖ് മരുമക്കൾ:ജബ്ബാർ, അബ്ദുറഹിമാൻ, മുഹമ്മദ് കുട്ടി, ലൈല, റസിയ, ആരിഫ്.



**കേശവ അയ്യർ**

**പറവൂർ:** മൂകാംബി റോഡിൽ മൂകാംബി പുത്തൻ മഠത്തിൽ പരേതനായ ജി. രാമയ്യരുടെ മകൻ ആർ. കേശവ അയ്യർ (95) അന്തരിച്ചു. സ്വാമീസ് പ്രൊഡക്റ്റ് ഉടമയായിരുന്നു. ശവസംസ്ക്കാരം നടത്തി. മക്കൾ .ഇന്ദിര , രമേശ് , കുമാർ ഹരീഷ്, മരുമക്കൾ: മുരളി , രാധ, ചിത്ര കുമാർ

# ഡാമിനു സമീപം പുലി; ഫോറസ്റ്റ് വാച്ചർക്ക് പരിക്ക്

**കോതമംഗലം:** വനത്തിലെ ജോലിസ്ഥലത്തേക്ക് പോകുന്നതിനിടെ ഇടമലയാറിൽ പുലിയെ കണ്ട് ഭയന്നതുമൂലം ബൈക്ക് നിയന്ത്രണംവിട്ട് മറിഞ്ഞ് വനംകുപ്പ് താത്കാലിക വാച്ചർക്ക് സാരമായ പരിക്കേറ്റു. വടാട്ടുപാറ മർത്തോമ പള്ളിക്ക് സമീപം കിഴക്കേച്ചാലിച്ചിറ പൊടിയനാണ് (60) പരിക്കേറ്റത്.

ബുധനാഴ്ച രാവിലെ 6.45 നാണ് സംഭവം. ഇടമലയാർ ഡാമിന് ഉദ്ദേശം 200 മീറ്റർ ഇപ്പുറം എത്തിയപ്പോൾ റോഡരികിൽ പുലി നിൽക്കുന്നതായി പൊടിയൻ കണ്ടിരുന്നു. ബൈക്ക് പുലിയുടെ സമീപം എത്തിയതും പുലി റോഡിന് കുറുകെ ചാടി എതിർദിശയിലെ വനഭാഗത്തേക്ക് ഓടിമറഞ്ഞു. പുലി ചാടുന്നതുകണ്ട് വെപ്രാളത്തിനിടെ വേഗത്തിലായിരുന്ന ബൈക്ക് ബ്രേക്കിട്ടപ്പോൾ റോഡിൽ തെന്നി മറിയുകയായിരുന്നുവെന്ന് വനംവകുപ്പ് അധികൃതർ പറഞ്ഞു. വീഴ്ചയിൽ പൊടിയന്റെ ഇടതുകവിളിന് സാരമായി പരിക്കേറ്റു.

ഡാം സുരക്ഷാ ജീവനക്കാരാണ് വനപാലകരെ വിവരം അറിയിച്ചത്. ഭയന്നുവിറച്ച്



റോഡിൽക്കിടന്ന പൊടിയനെ ഓട്ടോറിക്ഷയിൽ വടാട്ടുപാറയിൽ എത്തിച്ച് അവിടെനിന്ന് വനംവകുപ്പിന്റെ ജീപ്പിലാണ് കോതമംഗലം താലൂക്ക് ആശുപത്രിയിൽ എത്തിച്ചത്. കാട്ടിൽ വനംവകുപ്പിന്റെ ക്യാമ്പ് ഷെഡ്ഡിലേക്ക് പോകുകയായിരുന്നു പൊടിയൻ.

ബൈക്ക് ഡാമിന് സമീപം പാർക്ക് ചെയ്ത് ബോട്ടിലാണ് ക്യാമ്പ് ഷെഡ്ഡിലേക്ക് പോകാറുള്ളത്. ആനയെയാണ് റോഡിൽ കൂടുതലായി കാണാറുള്ളത്. കടുവയും പുലിയും കരടിയുമുള്ള ഇടമലയാറിൽ അപൂർവമായേ ഇവയെ റോഡിലും മറ്റും കാണാറുള്ളൂവെന്ന് വനപാലകർ പറഞ്ഞു. വനംവകുപ്പ് വടാട്ടുപാറ സ്റ്റേഷൻ അധികൃതർ സ്ഥലത്തെത്തി പുലിതന്നെയാണോ എന്ന് പരിശോധിച്ചു.

# വനിതാ എസ്ഐയെ തെറി വിളിച്ച കേസ്: അന്വേഷണം അട്ടിമറിക്കാൻ നീക്കം

### സിപിഎം നേതാക്കൾ ഇടപെട്ടു; അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി

**പറവൂർ:** ഓൺലൈൻ മാധ്യമപ്രവർത്തകൻ പോലീസ് സ്റ്റേഷനിൽ അതിക്രമിച്ച് കയറി കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരുന്ന വനിതാ എസ് ഐയെ തെറി വിളിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ സിപിഎം നേതാക്കൾ ഇടപെട്ട് കേസ് അട്ടിമറിക്കാൻ ശ്രമം.വനിതാ എസ് ഐ യുടെ പരാതിയിൽ പോലീസ് ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്.ഇതിന് ശേഷം സി പി എം ജില്ലാ നേതൃത്വം കേസിൽ ഇടപെടുകയും അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി കേസ് അട്ടിമറിക്കാൻ നീക്കം ആരംഭിക്കുകയും ചെയ്തത് പോലീസുകാരെ അത്ഭുതപ്പെടുത്തിയിരിക്കുകയാണ്

ചൊവ്വാഴ്ച വൈകീട്ടാണ് സ്റ്റേഷനിൽ അതിക്രമിച്ച് കടന്ന 'സമദർശി 'ഓൺലൈൻ മാധ്യമപ്രവർത്തകൻ വടക്കേക്കര സ്വദേശി നയിബ് വനിതാ എസ് ഐയെ തെറി വിളിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തത്. വനിതാ എസ് ഐ അന്നു തന്നെ പറവൂർ സി ഐ ക്ക് പരാതി നൽകിയെങ്കിലും രാഷ്ട്രീയ ഇടപെടലുകളെത്തുടർന്ന് കേസെടുക്കാൻ സി ഐ കൂട്ടാക്കിയില്ല. ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഇടപെട്ടതിനാൽ അടുത്ത ദിവസം സി ഐ കേസെടുക്കാൻ നിർബന്ധിതനായി. മാത്രമല്ല, കേസ് അന്വേഷണം പുത്തൻവേലിക്കര സിഐക്ക് കൈമാറുകയും ചെയ്തു

ബുധനാഴ്ച വൈകീട്ടോടെ അന്വേഷണ ഫയൽ പുത്തൻവേലിക്കര സിഐക്ക് ലഭിച്ചു. എന്നാൽ വ്യാഴാഴ്ച രാവിലെ അദ്ദേഹത്തെ കേസ് അന്വേഷണത്തിൽ നിന്ന് ഒഴിവാക്കി ഫയൽ തിരിച്ചു വാങ്ങി പറവൂർ സി ഐ യെ തിരിച്ചേൽപ്പിച്ചിരിക്കുകയാണ്. പുത്തൻവേലിക്കര സിഐ കേസ് അന്വേഷിച്ചാൽ പാർട്ടിക്കാരനായ മാധ്യമ പ്രവർത്തകന് പ്രതികൂലമാകുമോ എന്ന ഭയമാണ് അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റാനുള്ള കാരണമെന്നറിയുന്നു. ഇതോടെ വനിതാ എസ് ഐക്ക് നീതി ലഭിക്കില്ലെന്ന് ഉറപ്പായി

സി പി എം നീണ്ടൂർ ഈസ്റ്റ് ബ്രാഞ്ച് കമ്മിറ്റിയംഗമായ നയിബ് പാർട്ടിയുടെ സൈബർ സെല്ലിന്റെ ചുമതലക്കാരനാണ്. എതിർ രാഷ്ട്രീയ പാർട്ടി നേതാക്കൾക്കെതിരെ ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിച്ച് സമൂഹമധ്യത്തിൽ അവഹേളിക്കുക എന്ന ചുമതലയാണ് പാർട്ടി ഇയാളെ ഏൽപ്പിച്ചിരിക്കുന്നത്. ഇത് കൃത്യമായി നിർവഹിച്ചു വരുന്ന ഇയാളെ പാർട്ടിക്ക് കൈവിടാനാകില്ലെന്നതിന് തെളിവാണ് പാർട്ടി ഉന്നതരുടെ ഇടപെടൽ .സി പി എം ഏരിയ കമ്മിറ്റി കൈ ഒഴിഞ്ഞ കേസിൽ ജില്ലാ നേതൃത്വം ഇടപെട്ടത് പ്രാദേശിക സി പി എം നേതാക്കളെ ഞെട്ടിച്ചിരിക്കുകയാണ്

## പച്ചത്തുരുത്ത് പദ്ധതിക്ക് ഇന്ന് തുടക്കമാകും : എം.എൽ.എ

**പെരുമ്പാവൂർ :** എൽദോസ് കുന്നപ്പിള്ളി എം.എൽ.എ മണ്ഡലത്തിൽ കാർഷിക രംഗത്ത് നടപ്പിലാക്കുന്ന പച്ചത്തുരുത്ത് പദ്ധതിക്ക് ഇന്ന് തുടക്കമാകും.

മണ്ഡലത്തിലെ ഏഴ് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. 100 യുവകർഷകർക്ക് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ നിന്നും കൃഷി ചെയ്യുന്നതിനുള്ള അവസരം ഒരുക്കും.

പദ്ധതിക്ക് ആവശ്യമായ കാർഷിക ഉപകരണങ്ങളും ലഭ്യമാക്കും. എം.എൽ.എ ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉൾപ്പെടെയുള്ളവ പദ്ധതിക്കായി വിനിയോഗിക്കും.


രാവിലെ 9.30 ന് വെങ്ങോല ഗ്രാമ പഞ്ചായത്തിലെ പെരുമാനിയിൽ പദ്ധതിയുടെ നിയോജക മണ്ഡല തല ഉദ്ഘാടനം എൽദോസ് കുന്നപ്പിള്ളി നിർവഹിക്കും.

# സഹോദരൻ അയ്യപ്പന്റെ മകൻ ഡോ.കെ.എ. സുഗതൻ നിര്യാതനായി

**കൊച്ചി:** നവോത്ഥാനനായകനും സ്വാതന്ത്ര്യസമരസേനാനിയും തിരു-കൊച്ചി മന്ത്രിയുമായിരുന്ന സഹോദരൻ അയ്യപ്പന്റെ മകൻ ഡോ.കെ.എ. സുഗതൻ (90) ഇംഗ്ലണ്ടിൽ നിര്യാതനായി. സംസ്കാരം പിന്നീട്. ഭാര്യ: സൂസൻ. മക്കൾ: പോൾ സുഗതൻ, സമാന്ത റയാൻ. മരുമക്കൾ: അലിസൺ പോൾ, ജോൺ റയാൻ. സഹോദരി: ഐഷ ഗോപാലകൃഷ്ണൻ (കൊച്ചി).

ചെന്നൈയിൽ നിന്ന് എം.ബി.ബി.എസ് പാസായ ശേഷം എഫ്.ആർ.സി.എസ് നേടാനാണ് ഇംഗ്ലണ്ടിൽ പോയത്. തുടർന്ന് അവിടെ പ്രാക്ടീസ് ആരംഭിച്ചു. ഐറിഷ് വനിതയായ സൂസനെ വിവാഹം ചെയ്ത് ഇംഗ്ലണ്ടിലെ ബ്ളാക്ക്ബേണിൽ സ്ഥിരതാമസമാക്കി. 15 വർഷം മുമ്പ് ചികിത്സ അവസാനിപ്പിച്ച് വിശ്രമത്തിൽ കഴിയുകയായിരുന്നു. രണ്ടാഴ്ച മുമ്പ് ആരോഗ്യസ്ഥിതി മോശമായി. ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും അദ്ദേഹത്തിന്റെ താത്പര്യപ്രകാരം വീട്ടിലേക്ക് കൊണ്ടുവന്നു. ഇന്ത്യൻ സമയം ബുധനാഴ്ച ഉച്ച കഴിഞ്ഞായിരുന്നു അന്ത്യം.

സഹോദരൻ അയ്യപ്പനെപ്പോലെ യുക്തിചിന്തകനായിരുന്നു ഡോ. സുഗതന



ും. ക്രിസ്ത്യൻ യുവതിയെ വിവാഹം ചെയ്തപ്പോൾ സഹോദരൻ അയ്യപ്പനും അമ്മ പാർവതി അയ്യപ്പനും പിന്തുണ നൽകി. സഹോദരൻ സ്മാരക പ്രവർത്തനത്തിന് സംഭാവന നൽകിയിരുന്നു. കടവന്ത്ര ജി.സി.ഡി.എ ഓഫീസിന് മുൻപിൽ സഹോദരൻ അയ്യപ്പന്റെ പ്രതിമ സ്ഥാപിച്ച ചടങ്ങിലും പങ്കെടുത്തു. സഹോദരൻ അയ്യപ്പൻ എഴുതിയിരുന്ന പംക്തി തേടി കേരളകൗമുദി കൊച്ചി ഓഫീസിലും അദ്ദേഹം എത്തിയിരുന്നു.

ഇടതുപക്ഷ അനുഭാവിയായിരുന്ന അദ്ദേഹം ഇംഗ്ലണ്ടിലെ ലേബർ പാർട്ടിയുമായും ആഭിമുഖ്യം പുലർത്തിയിരുന്നു. സംസ്കാരം സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ലെന്ന് ഐഷ ഗോപാലകൃഷ്ണന്റെ മകൻ ഡോ. ബാലകൃഷ്ണൻ പറഞ്ഞു.

## ഉപേക്ഷിച്ച നിലയിൽ അസ്ഥികൂടം കണ്ടെത്തി



**ആലുവ:** തടിക്കകടവ് വെളിയത്തുനാട് മില്ലുപടി സാം റോഡിനരികിൽ ഉപേക്ഷിച്ച നിലയിൽ അസ്ഥികൂടും കണ്ടെത്തി. കാർഡ് ബോഡ് ബോക്സിൽ ആക്കിയാണ് ഉപേക്ഷിച്ചിരിക്കുന്നത് രാത്രി 9 മണിയോടെയാണ് കണ്ടത് – ആലുവ വെസ്റ്റ് പോലീസ് സ്ഥലത്ത് എത്തി എങ്കിലും പരിശോധനകൾ രാവിലെയെ ഉണ്ടാകൂ എന്നറിയുന്നു.

## വീട്ടിൽ കഞ്ചാവ് ചെടികൾ നട്ടുവളർത്തിയ ആൾ പോലീസ് പിടിയിൽ



**കോതമംഗലം :** മൂന്ന് മാസം പ്രായമുള്ള രണ്ട് കഞ്ചാവ്ചെടികൾ നട്ടു വളർത്തിയ കോട്ടപ്പടി വടാശ്ശേരി വെള്ളാരപ്പിള്ളി വീട്ടിൽ വാസുവിന്റെ മകൻ സൂരജ് (34) നെ കോട്ടപ്പടി പോലീസ് അറസ്റ്റ് ചെയ്തു. ഇന്ന് രാവിലെ പെരുമ്പാവൂർ ഡി വൈ എസ് പി ബിജുമോന് ലഭിച്ച രഹസ്യ സന്ദേശമാണ് പ്രതിയെ പിടികൂടാൻ സഹായിച്ചത്. വടാശ്ശേരിയിലെ ഒരു കുടുംബ ക്ഷേത്രത്തിനോട് ചേർന്നുള്ള കപ്പ നട്ടിരിക്കുന്ന സ്ഥലത്തിന് സമീപമുള്ള പുരയിടത്തിലാണ് കഞ്ചാവ് ചെടി പോലെ തോന്നിക്കുന്ന ഒരു ചെടി നിൽക്കുന്നതായി കണ്ടത്തുകയും, ചെടി കഞ്ചാവാണെന്ന് സ്ഥിതീകരിക്കുകയുമായിരുന്നു. ചെടി പോലീസ് കസ്റ്റഡിയിൽ എടുത്തു. കൊറോണ കാലത്തു ഒരു രസത്തിന് വേണ്ടി വളർത്തിയതാണെന്ന് പ്രതി പോലീസിനോട് വെളിപ്പെടുത്തിയിരിക്കുന്നത്. കോട്ടപ്പടി പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസർ സി.ശ്രീജിത്ത്, സബ് ഇൻസ്പെക്ടർമാരായ എൽദോ സി.കെ, സാബു എം. പീറ്റർ, എ എസ് ഐ സിദ്ധിക്ക് കെ.എം, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ സാബു ജോൺ, അനീഷ് കുര്യാക്കോസ്, പ്രദീപ് കുമാർ, സിവിൽ പോലീസ് ഓഫീസർമാരായ അഭിലാഷ് എം.എം, ലിജേഷ് എം.ആർ, ജിജോ വർഗീസ്, രഞ്ജിത് എം.ആർ തുടങ്ങിയവർ റെയ്ഡിൽ പങ്കെടുത്തു.



## പച്ചക്കറി തൈകൾ വിതരണം ചെയ്തു

**തൃശൂർ:** മുല്ലശ്ശേരിയിൽ ജീവനി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് കൃഷിഭവൻ മുഖേന പച്ചക്കറി തൈകൾ വിതരണം ചെയ്തു. പയർ, പച്ചമുളക്, വഴുതന തുടങ്ങിയവയുടെ തൈകളാണ് വിതരണം ചെയ്തത്. തുടർന്ന് ജനപ്രതിനിധികൾ മുഖേന പഞ്ചായത്തിലെ 15 വാർഡുകളിലും എല്ലാ വീടുകളിലും തൈകൾ ലഭ്യമാക്കാനാണ് തീരുമാനം.

പഞ്ചായത്ത് ഓഫീസിൽ നടന്ന ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് എ പി ബെന്നി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീദേവി ജയരാജൻ അധ്യക്ഷയായി. ജനപ്രതിനിധികളായ സീമ ഉണ്ണി കൃഷ്ണൻ, ചന്ദ്രകല മനോജ്, പി കെ രാജൻ, ഷെരിഫ് ചിറക്കൽ, ക്ലമന്റ് ഫ്രാൻസിസ്, ടി ജി പ്രവീൺ എന്നിവർ സംസാരിച്ചു.

## ഓഫീസ് അറ്റൻഡന്റ് ഇന്റർവ്യൂ 22 ന്

**തൃശൂർ:** കേരള വാട്ടർ അതോറിറ്റി പ്രൊജക്ട് ഡിവിഷൻ നാട്ടികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഏപ്രിൽ മൂന്നിന് നടത്താനിരുന്ന ഓഫീസ് അറ്റൻഡന്റ് (താത്കാലികം) തസ്തികയിലേക്കുള്ള ഇന്റർവ്യൂ ജൂൺ 22 ന് രാവിലെ 11 മണിക്ക് നടത്തും. ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിച്ച ഉദ്യോഗാർത്ഥികൾ മാത്രം ഹാജരാകേണ്ടതാണ്.

## അടിയന്തിര യോഗം ഇന്ന്

**തൃശൂർ:** ഒന്ന് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കായുള്ള ഓൺലൈൻ പഠനം ഉറപ്പ് വരുത്താൻ അടിയന്തര നടപടികളുമായി ജില്ല. ഓൺലൈൻ ക്ലാസുകളുടെ നടത്തിപ്പ് സുഗമമാക്കാൻ ജില്ലയിൽ അടിയന്തര യോഗം ഇന്ന് (ജൂൺ 5) ഉച്ചയ്ക്ക് 2.30ന് കളക്ടറേറ്റിൽ ചേരും. ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിലാണ് യോഗം. ജില്ലയിൽ എത്ര കുട്ടികൾക്കാണ് നിലവിൽ കൈറ്റ് വിക്ടേഴ്സ് ചാനൽ വഴിയും ഇന്റർനെറ്റ് വഴിയും ഇതിനോടകം സംപ്രേഷണം ചെയ്ത ക്ലാസുകൾ ലഭ്യമാകാത്തത് എന്നതിന്റെ വിശദാംശങ്ങൾ യോഗം ചർച്ച ചെയ്യും. ഇത് അനുസരിച്ചാവും വിവിധ വകുപ്പുതലത്തിൽ താഴേ തട്ടിലേക്ക് വേണ്ട നിർദേശങ്ങൾ വേണ്ട നിർദ്ദേശങ്ങൾ നൽകുക.

# റെയിൽസ്റ്റേഷൻ പരിസരത്ത് സംസ്ഥാന പാതയിൽ അപകടങ്ങൾ തുടർക്കഥ

**വടക്കാഞ്ചേരി:** റെയിൽസ്റ്റേഷൻ പരിസരത്ത് സംസ്ഥാന പാതയിൽ അപകടങ്ങൾ തുടർക്കഥയാവുന്നു. അമിതവേഗതയും അശ്രദ്ധയും മാത്രമല്ല പ്രദേശത്തെ റോഡിന്റെ മിനുസമേറിയ പ്രതലവും അപകട സാധ്യത വർധിപ്പിക്കുന്നതെന്നാണ് നാട്ടുകാരുടെ ഭാഷ്യം . മഴ പെയ്തു തുടങ്ങിയതോടെ റോഡ് നനഞ്ഞു കിടക്കുന്നതും അപകട സാധ്യത വർധിപ്പിക്കുന്നതായി പ്രദേശവാസികൾ പറയുന്നു.

ഇന്നലെ ഉച്ചയോടെ ഷൊർണൂർ ഭാഗത്തേക്കു പോവുകയായിരുന്ന കുടുംബം സഞ്ചരിച്ച ടവേര കാറിനു പുറകിൽ ടിപ്പറും അതിനു പുറകിൽ ടോറസ് ലോറിയും ഇടിച്ചുണ്ടായ അപകടമാണ് അവസാനത്തെ സംഭവം. അപകടത്തിൽ ആർക്കും പരുക്കില്ലെങ്കിലും വാഹനങ്ങൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചു. ഇതിനു തൊട്ടു മുൻപുള്ള ദിവസങ്ങളിലും ഇവിടെ അപകടങ്ങൾ ആവർത്തിച്ചിരുന്നു. 2 ന് രാവിലെ 11 മണിയോടെ പാലക്കാടു നിന്നും വാഹനാപകടത്തിൽ പരുക്കേറ്റ യുവതിയുമായി മെഡി: കോളേജിലേക്കു വന്നിരുന്ന ആംബുലൻസ് മറിഞ്ഞ് യുവാവായ നഴ്സിന് ദാരുണാന്ത്യം സംഭവിച്ചതും സമാന പ്രദേശത്തു തന്നെയാണ്.

പാലക്കാട്കണ്ണാടിയിൽ പ്രവർത്തിക്കുന്നപാലന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്മെഡിക്കൽസയൻസിലെ നഴ്സ് കോട്ടയം വാകത്താനം പട്ടുവളപ്പിൽ വീട്ടിൽ കുരിയാക്കോസിന്റെ മകൻ ജി ബു (32) ആണ് ദിവസങ്ങൾക്ക് മുൻപ് ദുരന്തത്തിനിരയായത്.

ജിബു മരണമടഞ്ഞതിന്റെ വേദന മാറും മുമ്പ് പ്രദേശത്ത് നടന്നത് മൂന്ന് അപകടങ്ങളാണ്. ബൈക്കും, സ്കൂട്ടറും കൂട്ടിയിടിച്ച് മംഗലം ചെമ്പൻ തൊടിയിൽ ചന്ദ്രൻ (60), വേലൂർ പനക്കൽ എമ (24), പല്ലമന ബ്ലെസി(27) എന്നിവർക്കുംമൂന്ന് ബൈക്കുകളും പിക്കപ്പ് വാനും കൂട്ടിയിടിച്ച് എളവള്ളി കല്ലായി വീട്ടിൽ ധന്യ (32), ഷിനോയ് (38), ദേശമംഗലംചങ്കാവത്ത് വീട്ടിൽ പ്രശാന്ത്(38), സത്യനാരായണൻ (40) എന്നിവർക്കുമാണ്പരുക്കേറ്റത്.

ഇവരെവടക്കാഞ്ചേരിആക്ട്സ് പ്രവർത്തകരെത്തിയാണ് മെഡിക്കൽകോളജിൽപ്രവേശിപ്പിച്ചത് അപകടങ്ങൾ ആവർത്തിക്കുന്നത് തുടരുമ്പോൾ ആവശ്യമായ സുരക്ഷാ നടപടികൾ കൈക്കൊള്ളണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



ഇന്നലെ അപകടത്തിൽപ്പെട്ട ടോറസ് ലോറി.

## ഗുരുവായൂരിൽ ക്ഷേത്രത്തിൽ ഇന്ന് ആറ് വിവാഹങ്ങൾ

**തൃശൂർ:** ലോക്ക് ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് നൽകിയ ശേഷം ഗുരുവായൂർ ക്ഷേത്രത്തിൽ ഇന്ന് (വിവാഹ ചടങ്ങുകൾ പുനരാരംഭിക്കും. ഇന്ന് ആറ് വിവാഹങ്ങളാണ് ബുക്ക് ചെയ്തിരിക്കുന്നത്. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള സുരക്ഷയെ മുൻനിർത്തി ക്ഷേത്രത്തിൽ ഭക്തർക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല. വിവാഹങ്ങൾ താൽക്കാലികമായി നിർത്തിവെക്കുകയും ചെയ്തിരുന്നു. ലോക്ക്ഡൗണിൽ ഇളവുകൾ വരുത്തിയതോടെയാണ് ഗുരുവായൂർ ക്ഷേത്രത്തിൽ വിവാഹങ്ങൾക്ക് സർക്കാർ അനുമതി നൽകിയത്.

ജൂൺ 4 മുതൽ വിവാഹങ്ങൾ നടത്താനാണ് ദേവസ്വം തീരുമാനിച്ചത്.

ആദ്യ ദിവസം വിവാഹങ്ങൾക്ക് ആരും രജിസ്റ്റർ ചെയ്തില്ല. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നാണ് ഇന്നേക്ക് (ജൂൺ 5) ആറ് വിവാഹങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. മൂന്ന് മാസം വരെയാണ് മുൻകൂട്ടി രജിസ്ട്രേഷൻ നടത്താൻ കഴിയുക. ഇത് വരെ 55 വിവാഹങ്ങൾ രജിസ്റ്റർ ചെയ്ത് കഴിഞ്ഞുവെന്ന് ദേവസ്വം അഡ്മിനിസ്ട്രേറ്റർ വി. വി ശിശിർ അറിയിച്ചു. ഒരു വിവാഹത്തിൽ 50 പേർക്ക് വരെ പങ്കെടുക്കാം.

പരമാവധി 60 വിവാഹങ്ങൾ ഒരു ദിവസം നടത്താനും അനുമതിയുണ്ട്. ക്ഷേത്രത്തിലേക്കുള്ള പ്രവേശനം നിർത്തിവെച്ചിരുന്നത് കഴിഞ്ഞ ദിവസങ്ങളിലെ ഇളവ് ലഭിച്ചതിനെ തുടർന്ന് മാറ്റം വരുത്തിയിരുന്നു. ക്ഷേത്രനട വരെ ചെന്ന് തൊഴാൻ ഭക്തരെ ഇപ്പോൾ അനുവദിക്കും.



*ജീവനി പദ്ധതിയുടെ ഭാഗമായി മുല്ലശ്ശേരിയിൽ പച്ചക്കറി തൈകൾവിതരണം ചെയ്തപ്പോൾ*



*ഗുരുവായൂരിൽ വീടുകളിലേക്ക് പച്ചക്കറി വിത്തും മാസ്കും നൽകുന്നതിന്റെ ഉദ്ഘാടനം ടി എൻ പ്രതാപൻ എം പി നിർവഹിക്കുന്നു*

## വൈദ്യുതി മുടങ്ങും

പുന്നയൂർക്കുളം 110 കെ.വി. സബ്സ്റ്റേഷൻ പരിധിയിലെ ചെമ്മണ്ണൂർ, അണ്ടത്തോട്, കൊരഞ്ഞൂർ, പെരുമ്പടപ്പ്, കല്ലൂർമ്മ, ആൽത്തറ, എന്നീ ഫീഡറുകളിൽ ഇന്ന് (ജൂൺ 5) രാവിലെ എട്ട് മുതൽ വൈകീട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങുമെന്ന് അസി. എൻജിനീയർ അറിയിച്ചു.

## ജില്ലയിൽ നാല് പേർക്ക് കൂടി കോവിഡ്; 13498 പേർ നിരീക്ഷണത്തിൽ

**തൃശൂർ:** ജില്ലയിൽ മൂന്ന് പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. മുംബൈയിൽ നിന്നെത്തിയ രണ്ടുപേർക്കും റഷ്യയിൽ നിന്നെത്തിയ ഒരാൾക്കുമാണ് രോഗബാധ. ജൂൺ 1 ന് റഷ്യയിൽ നിന്നെത്തിയ മുരിയാട് സ്വദേശി (35), മെയ് 27 ന് മുംബൈയിൽ നിന്നെത്തിയ ഇരിങ്ങാലക്കുട സ്വദേശിനി (26), 27 ന് മുംബൈയിൽ നിന്നെത്തിയ വലപ്പാട് സ്വദേശി (35) എന്നിവർക്കാണ് രോഗം സ്ഥിരീകരിച്ചത്.

തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള പാലക്കാട് സ്വദേശിയായ 5 വയസ്സുള്ള കുട്ടിയ്ക്കും രോഗം സ്ഥിരീകരിച്ചു. ഇതുവരെ ആകെ ജില്ലയിൽ 86 കോവിഡ് 19 പോസിറ്റീവ് കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വ്യാഴാഴ്ച രണ്ട് പേർ രോഗമുക്തരായി.

വീടുകളിൽ 13410 പേരും ആശുപത്രികളിൽ 88 പേരും ഉൾപ്പെടെ ആകെ 13498 പേരാണ് നിരീക്ഷണത്തിൽ കഴിയുന്നത്. വ്യാഴാഴ്ച 5 പേരെ ആശുപത്രിയിൽ പുതുതായി പ്രവേശിപ്പിച്ചിട്ടുണ്ട്.

ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന 2 പേർ ആശുപത്രി വിട്ടു. നിരീക്ഷണത്തിൽ കഴിയുന്നവരുടെ പട്ടികയിൽ 928 പേരെയാണ് പുതുതായി ചേർത്തിട്ടുള്ളത്. 589 പേരെയാണ് നിരീക്ഷണ കാലഘട്ടം പൂർത്തീകരിച്ചതിനെത്തുടർന്നു പട്ടികയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളത്.വ്യാഴാഴ്ച 137 സാമ്പിളുകളാണ് പരിശോധനക്കയച്ചത്.

ഇതുവരെ ആകെ 3167 സാമ്പിളുകളാണ് പരിശോധനക്ക് അയച്ചിട്ടുള്ളത്. ഇതിൽ 2517 സാമ്പിളുകളുടെ പരിശോധനാ ഫലം വന്നിട്ടുണ്ട്. ഇനി 650 സാമ്പിളുകളുടെ പരിശോധനാ ഫലം ലഭിക്കുവാനുണ്ട്.

## നൂറ് മേനി വിളവെടുത്ത് തൃശൂർ; സപ്ലൈകോ സംഭരിച്ചത് 99961 ടൺ നെല്ല്

**തൃശൂർ:** കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിലും നൂറ് മേനി വിളവെടുത്ത് തൃശൂർ ജില്ല. സപ്ലൈകോ മുഖേന 99961 ടൺ നെല്ല് ഇതിനോടകം സംഭരിച്ചു കഴിഞ്ഞു. 269 കോടി രൂപയാണ് ഇതിന്റെ മൂല്യം. പാഡി റെസീപ്റ്റ് ഷീറ്റ് (പി ആർ എസ്) ബാങ്കുകളിൽ ഹാജരാക്കുന്നതനുസരിച്ച് ലഭിക്കുന്ന തുക ബാങ്കുകൾ വഴി കർഷകർക്ക് ലഭ്യമാകും. ഇങ്ങനെ 10 ബാങ്കുകളാണ് ജില്ലയിൽ നെൽ കർഷകർക്ക് പണം നൽകുന്നത്. ഇതനുസരിച്ച് 239 കോടി കർഷകർക്ക് ഇതിനകം ലഭിച്ചു കഴിഞ്ഞു. ലോക്ക് ഡൗൺ കാലമായതിനാൽ ഇത്തവണ കർഷകർ കൂടുതൽ കരുതലോടെയാണ് കൃഷിയിറക്കിയത്.142 ഏക്കറിൽ 400 ടൺ മാത്രമാണ് ഇനി സംഭരിക്കാൻ ബാക്കിയുള്ളത്. മറ്റത്തൂർ (15 ഏക്കർ), നെന്മണിക്കര (15 ഏക്കർ), കാടുകുറ്റി (15 ഏക്കർ), മുരിയാട് (20 ഏക്കർ), നടത്തറ( 42 ഏക്കർ), മുല്ലശ്ശേരി കോൾ ഡബിൾ (35 ഏക്കർ) എന്നിവിടങ്ങളിൽ മാത്രമാണ് ഇനി നെല്ല് സംഭരിക്കാനുള്ളത്. ഇത് കൂടി പൂർത്തീകരിച്ചാൽ ജില്ലയിൽ 102500 ടൺ നെല്ലാണ് സപ്ലൈകോയ്ക്ക് സംഭരിക്കാൻ സാധിക്കുക. 276 കോടി രൂപയാണ് ഇതിന്റെ മൂല്യം വരിക.ജില്ല സഹകരണ ബാങ്ക്-108. 02 കോടി, ഫെഡറൽ ബാങ്ക്-7.50 കോടി , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ-32.62 കോടി, ഗ്രാമീൺ ബാങ്ക്-11.95 കോടി, സൗത്ത് ഇന്ത്യൻ ബാങ്ക്-8.84 കോടി , പഞ്ചാബ് നാഷണൽ ബാങ്ക്-2.22 കോടി , ഇന്ത്യൻ ഓവർസീസ് ബാങ്ക്-1.56 കോടി , കനറാ ബാങ്ക്- 14.80 കോടി, വിജയ ബാങ്ക് -0.34 കോടി, ബാങ്ക് ഓഫ് ഇന്ത്യ-48.99 കോടി എന്നീ ബാങ്കുകളിൽ നിന്നുമാണ് പിആർ എസ് ലോൺ പദ്ധതി വഴി ഇപ്പോൾ കർഷകർക്ക് പണം ലഭ്യമാക്കിയിരിക്കുന്നത്. ഇത് കൂടാതെ 2.29 കോടി രൂപ ഡയറക്റ്റ് ഫണ്ട് വഴിയും ലഭിച്ചു. ജില്ലയിൽ ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ചത് തൃശൂർ താലൂക്കിൽ നിന്നാണ്. 40995 ടൺ. തലപ്പിള്ളി- 28926, മുകുന്ദപുരം-12382, ചാവക്കാട്-12032, ചാലക്കുടി- 5288, കൊടുങ്ങല്ലൂർ-336 എന്നിങ്ങനെയാണ് മറ്റ് താലൂക്കുകളിലെ കണക്കുകൾ. 42322 പേരാണ് നെല്ല് സംഭരണത്തിന് ജില്ലയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്നത്. നിലവിൽ ജൂൺ 15 വരെ സംഭരണം നീളും.

## സുഭിക്ഷ കേരളം : ജില്ലാതല ഉദ്ഘാടനം ഇന്ന് എസ് എൻ പുരത്ത്

**തൃശൂർ:** സുഭിക്ഷ കേരളം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (ജൂൺ 5) രാവിലെ 10.30ന് ശ്രീനാരായണപുരം പഞ്ചായത്തിൽ നടക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ കോച്ചാലിൽ പെരുംതോട് -വലിയതോടിന്റെ തീരത്ത് ഫലവൃക്ഷത്തൈകൾ നട്ട് ഉദ്ഘാടനം നിർവ്വഹിക്കും. പെരിഞ്ഞനം മുതൽ എറിയാട് വരെ പെരുംതോടിന്റെ 17കിലോമീറ്റർ ദൂരം ഇരുകരകളിലും വിവിധയിനം ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കും. 6500 ഓളം തൈകൾ വനംവകുപ്പ് എത്തിച്ചിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് തൈകൾ നട്ടുപിടിപ്പിക്കും. ഇതു കൂടാതെ കയ്പമംഗലം നിയോജക മണ്ഡലത്തിലെ ഏഴു പഞ്ചായത്തുകളിലുമായി കാർഷിക യൂണിവേഴ്സിറ്റി, കൃഷി വകുപ്പ് ഫാമുകൾ, വിഎഫ്പിസികെ, എം എൻ ആർ ഇ ജി എസ്, കുടുംബശ്രീ, മതിലകം അഗ്രോ സർവ്വീസ് സെന്റർ എന്നിവിടങ്ങളിൽ നിന്നും 42000 തൈകളാണ് ആദ്യഘട്ടത്തിൽ വിതരണം നടത്തുന്നത്.

ഇ ടി ടൈസൺ എംഎൽഎ അധ്യക്ഷത വഹിക്കും. ബെന്നി ബഹനാൻ എം പി മുഖ്യസാന്നിധ്യമാകും. ജില്ലാ കലക്ടർ എസ് ഷാനവാസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.അബീദലി, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ.രാധാകൃഷ്ണൻ, എം എൻ ആർ ഇ ജി എസ് ജോയിന്റ് പ്രോഗ്രാം കോഡിനേറ്റർ പി സി ബാലഗോപാൽ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ പങ്കെടുക്കും.

## അട്ടപ്പാടിയിൽ ഭക്ഷ്യവനം ഒരുങ്ങുന്നു

**പാലക്കാട്** : അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ച് ആദിവാസി മേഖലയിൽ സംസ്ഥാനത്തെ ആദ്യ ഭക്ഷ്യവനം അട്ടപ്പാടിയിൽ ഒരുക്കുന്നു. ഊരുകളിലെ മുഴുവൻ കുടുംബങ്ങളെയും സഹകരിപ്പിച്ച് പരമാവധി പ്രദേശങ്ങളിൽ ഫലവൃക്ഷ തൈകൾ, ഭക്ഷ്യവിളകൾ, ജൈവ വേലികൾ നട്ടുപിടിപ്പിക്കുക വഴി ഭക്ഷ്യസുരക്ഷ, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, സുസ്ഥിര കൃഷിയുടെ പുനരുജ്ജീവനം മണ്ണിന്റെയും സസ്യാവരണത്തിന്റെയും പരിരക്ഷണം എന്നിവയാണ് ഭക്ഷ്യവനത്തിലൂടെ ലക്ഷ്യമിടുന്നത്. ഊരുകളിലെ കൊത്തുകാടുകളിലും, കൃഷിയിടങ്ങളിലും വൈവിധ്യമുള്ള ഭക്ഷ്യധാന്യങ്ങളായ നെല്ല്, റാഗി, ചാമ, തിന, കമ്പ്, വരഗ്, പച്ചക്കറികൾ, കിഴങ്ങു വിളകൾ, സുഗന്ധവിളകൾ എന്നിവയും കൃഷി ചെയ്യുന്നു. കൃഷിയിടം ജൈവ വേലികൾ കൊണ്ട് സംരക്ഷിക്കുന്നത് ഉൾപ്പെടെ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ഊരിൽ തന്നെ ഉണ്ടാക്കി സ്വാശ്രയ ഊരുകൾ എന്ന ലക്ഷ്യം കൈവരിക്കാനായി ഒരു വർഷം നീളുന്ന പ്രവർത്തനങ്ങളാണ് പദ്ധതിയിലൂടെ നടപ്പിലാക്കുക. ഇതിന് പുറമെ ജൂൺ അഞ്ചിനു ഊരുകളിൽ അയൽക്കൂട്ട അംഗങ്ങളുടെയും മഹിളാ കർഷകരുടെയും നേതൃത്വത്തിൽ വിവിധ ഭക്ഷ്യ വിളകളുടെ കൃഷി ആരംഭിക്കും. മൂല്യവർധന സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി വിവിധ പരിശീലനങ്ങളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കും.

### പിന്തുണ

**പാലക്കാട്**:ജില്ലയിലെ കോവിഡ്പ്രതിരോധ പ്രവർത്തനത്തിന്ഭരണ-പ്രതിപക്ഷഭേദമന്യേ ഏവരും പിന്തുണനൽകിയതായും ഇനിയുള്ളപവർത്തനങ്ങൾക്കും പരിപൂർണ പിന്തുണ ഉറപ്പുനൽകിയതായും മന്ത്രി എ.കെ ബാലൻ പറഞ്ഞു.

# പാലക്കാട് ജില്ലാ ആശുപത്രി കോവിഡ് ആശുപത്രിയാക്കും: മന്ത്രി എ.കെ ബാലൻ

**പാലക്കാട്** : ജില്ലയിൽ കോവിഡ് രോഗികളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലാ ആശുപത്രിയെ പൂർണമായും കോവിഡ് ആശുപത്രിയാക്കി മാറ്റുമെന്ന് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ, നിയമ, സാംസ്കാരിക, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എ.കെ ബാലൻ വിവിധ രാഷ്ട്രീയപ്പാർട്ടി പ്രതിനിധികളുടെ യോഗത്തിന് ശേഷമുള്ള പത്രസമ്മേളനത്തിൽ അറിയിച്ചു. ക്ലിനിക്കൽ വിഭാഗം സഹകരണ ആശുപത്രിയിലേക്കും ഒ.പി സൗകര്യം പാലക്കാട് ഗവ.മെഡിക്കൽ കോളേജിലേക്കും മാറ്റാനാണ് തീരുമാനം. നെഫ്രോളജി, ഓങ്കോളജി, കാർഡിയോളജി തുടങ്ങിയ വിഭാഗങ്ങൾ ജില്ലാ ആശുപത്രിയിൽ തന്നെ നിലനിൽത്തും. ഇതുമൂലം മറ്റു രോഗികളുടെ വരവ് ജില്ലാ ആശുപത്രിയിൽ കുറയുകയും സമ്പർക്കം വഴിയുള്ള രോഗവ്യാപനം ഒഴിവാകുമെന്നും മന്ത്രി അറിയിച്ചു. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പത്രസമ്മേളനത്തിൽ ജില്ലാ കലക്ടർ ഡി.ബാലമുരളി സംബന്ധിച്ചു.

ജില്ലയിൽ കോവിഡ് 19 പരിശോധന കൂടുതൽ കാര്യക്ഷമവും വേഗത്തിലുമാക്കാൻ പാലക്കാട് ഗവ.മെഡിക്കൽ കോളെജിൽ ആർ.ടി.പി.സി.ആർ

മെഷ്യൻ എത്തിയതായും അടുത്ത ആഴ്ച തന്നെ ഉദ്ഘാടനം നടക്കുമെന്നും മന്ത്രി എ കെ ബാലൻ അറിയിച്ചു. ഈ സംവിധാനം നടപ്പിലാകുന്നതോടെ നിലവിലെ പരിശോധനഫലങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ ലഭിക്കുന്നില്ലെന്ന ആശങ്കയും പരിശോധന സംബന്ധിച്ച മറ്റു പ്രശ്നങ്ങളും പരിഹരിക്കാനാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## അട്ടപ്പാടി മേഖലയെ സംരക്ഷിച്ചു

പാലക്കാട് : കോവിഡ് രോഗവ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ അട്ടപ്പാടിയിൽ സർക്കാരിന്റെ ശക്തമായ ഇടപെടലിലൂടെ മേഖലയെ സംരക്ഷിക്കാൻ സാധിച്ചു. ലോക്ക് ഡൗൺ പ്രഖ്യാപിച്ച സമയത്ത് അതിർത്തികളിലും മറ്റും കുടുങ്ങിപ്പോയ അട്ടപ്പാടി സ്വദേശികൾക്ക് തിരിച്ചുവരാൻ സബ് കലക്ടർ ഉത്തരവ് നൽകിയിട്ടുണ്ട്.




*കോവിഡ് പ്രതിരോധ സന്ദേശവുമായി പി.എം.ജി. ഹയർ സെക്കൻഡറി സ്കൂളിൽ ഒരുക്കിയ കാർട്ടൂൺ മതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ കെ. ശാന്തകുമാരി ചിത്രകാരന്മാർക്ക് സാനിറ്റെസറും മാസ്കും നൽകി ഉദ്ഘാടനം ചെയ്യുന്നു.*

## മാതൃകാ പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം ഇന്ന്

പാലക്കാട് : പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ മാതൃകാ പച്ചത്തുരുത്ത് ജില്ലാതല ഉദ്ഘാടനം ഇന്ന്(ജൂൺ 5) വൈകീട്ട് മൂന്ന് മണിക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. കെ. ശാന്തകുമാരി നിർവഹിക്കും. എലപ്പുള്ളി എൽ.ജി പാളയം താന്നി പള്ളത്ത് നടക്കുന്ന പരിപാടിയിൽ എലപ്പുള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമണി അധ്യക്ഷനാകും.

ജില്ലാ പഞ്ചായത്ത് മെമ്പർ നിതിൻ കണിച്ചേരി, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ വൈ. കല്യാണ കൃഷ്ണൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ ഏലിയാമ്മ നൈനാൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എം. രാമൻകുട്ടി, തൊഴിലുറപ്പ് പദ്ധതി ജോയിൻ പ്രോഗ്രാം കോഡിനേറ്റർ ലതിക, ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

# കോവിഡ് 19 പ്രതിരോധ സന്ദേശവുമായി ജില്ലയിൽ കാർട്ടൂൺ മതിൽ ഒരുക്കി

**പാലക്കാട്** : കോവിഡ് 19 പ്രതിരോധ സന്ദേശവുമായി പാലക്കാട് പി.എം.ജി. ഹയർസെക്കൻഡറി സ്കൂളിൽ കാർട്ടൂൺ മതിൽ ഒരുക്കി. സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷനും കേരള കാർട്ടൂൺ അക്കാദമിയും സംയുക്തമായാണ് മതിൽ തീർത്തത്. കോവിഡ് 19 വൈറസ് നിത്യജീവിതത്തിന്റെ ഭാഗമായ സാഹചര്യത്തിൽ ഓരോരുത്തരും ഇതിനെതിരേ പ്രതിരോധം തീർക്കേണ്ടത് അനിവാര്യമാണെന്ന് പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതായിരുന്നു കാർട്ടൂൺ മതിൽ. ഒമ്പത് ചിത്രക്കാരന്മാരാണ് കാർട്ടൂൺ മതിൽ പൂർത്തിയാക്കിയത്. ആരോഗ്യ പ്രവർത്തകർക്ക് ആദരമർപ്പിച്ചും പാലക്കാടിന്റെ തനത് പ്രത്യേകതകൾ, ഭാഷാശൈലി, ചെമ്പൈ ഭാഗവതർ, അദ്ദേഹത്തിന്റെ ശിഷ്യനായ യേശുദാസ് എന്നിവരെ ഉൾകൊള്ളിച്ചും കുഞ്ചൻ നമ്പ്യാർ, ഒ.വി. വിജയൻ തുടങ്ങിയ സാഹിത്യകാരൻമാരുടെ രചനകളിലെ നർമരംഗങ്ങളെ കോർത്തിണക്കിയുമാണ് കാർട്ടൂൺ അവതരിപ്പിച്ചിരിക്കുന്നത്. 'മലമ്പുഴയിലും വേണം മാസ്ക്' തുടങ്ങി പൊതു ഇടങ്ങളിൽ സോപ്പ്, മാസ്ക്, സാനിറ്റെസർ, ശാരീരിക അകലം, കരുതൽ തുടങ്ങിയവ നിത്യജീവിതത്തിന്റെ ഭാഗമാക്കണമന്ന പൊതുസന്ദേശവും കാർട്ടൂണിലൂടെ നൽകുന്നു. മെയ് അഞ്ച് ലോക കാർട്ടൂൺ ദിനത്തോടനുബന്ധിച്ച് 'ബ്രേക്ക് ദ ചെയിൻ' പ്രചരണാർത്ഥം എറണാകുളം ജില്ലയിലാണ് ആദ്യമായി കാർട്ടൂൺ മതിൽ ഒരുക്കിയത്. തുടർന്ന് സംസ്ഥാനമൊട്ടാകെ ഈ ചിത്രക്കാരന്മാർ ബോധവത്ക്കരണം നടത്തി അവസാനമായാണ് പാലക്കാട് ജില്ലയിൽ എത്തുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ ശാന്തകുമാരി കലാകാരൻമാർക്ക് സാനിറ്റെസറും മാസ്കും നൽകി കാർട്ടൂൺ മതിൽ ഉദ്ഘാടാനം നിർവഹിച്ചു. എസ്.പി. ശിവവിക്രം കാർട്ടൂൺ മതിൽ സന്ദശിച്ചു. ജിയോജിത്ത് ഫിനാൻസ് കമ്പനി ജില്ലയിലെ വയോജനങ്ങൾക്കായി സാമൂഹിക സുരക്ഷാ മിഷൻ മുഖേന നൽകുന്ന 8000 മാസ്കുകളുടെ വിതരണവും പരിപാടിയിൽ നടന്നു.കാർട്ടൂൺ അക്കാദമി ചെയർമാൻ കെ. ഉണ്ണികൃഷ്ണൻ, കാർട്ടൂൺ അക്കാദമി സെക്രട്ടറി അനൂപ് രാധാകൃഷ്ണൻ പങ്കെടുത്തു.

## റേഷൻ വിതരണം പൂർത്തിയായി

പാലക്കാട് : ജില്ലയിലെ 748810 റേഷൻകാർഡ് ഉടമകൾക്കുള്ള ഭക്ഷ്യധാന്യ കിറ്റ് അടക്കമുള്ള റേഷൻ വിതരണം പൂർത്തിയായിട്ടുണ്ട്. നിലവിൽ ജൂൺ മാസത്തെ റേഷൻ വിതരണം ആരംഭിച്ചിട്ടുമുണ്ട്. ജില്ലയിലെ എല്ലാ പട്ടികവർഗ കോളനികളിലും കൃത്യസമയത്ത് കിറ്റുകൾ എത്തിക്കാനായി. നിലവിൽ ഭക്ഷണ വിതരണം സംബന്ധിച്ച പ്രശ്നങ്ങളൊന്നും ജില്ലയിൽ ഇല്ലെന്നും മന്ത്രി അറിയിച്ചു.

### ഇ.-ലേലം ഇന്ന്

പാലക്കാട്: 325 വാഹനങ്ങൾ ഇ -ഓക്ഷൻ വഴി ഇന്ന് (ജൂൺ 5) രാവിലെ 11 മുതൽ 3.30 വരെ ഓൺലൈനായി വിൽപന നടത്തും.

## ഓൺലൈൻ ക്ലാസുകൾ ഫലപ്രദം; നിലവിലെ ക്ലാസുകൾ ട്രയലുകൾ

പാലക്കാട് : ജില്ലയിൽ 295037 പേർ ഓൺലൈൻ സൗകര്യം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതായി മന്ത്രി അറിയിച്ചു. നിലവിൽ 11615 പേർക്കാണ് മതിയായ സൗകര്യം ഇല്ലാത്തത്. ഇതിൽ 5171 തമിഴ് മീഡിയം വിദ്യാർഥികളാണുള്ളത്. ഈ പ്രശ്നം പരിഹരിക്കുമെന്ന് വിദ്യാർഥികളെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ക്ലാസുകൾ ട്രയലുകൾ മാത്രമാണ്. ഈ ക്ലാസുകളെല്ലാം യൂട്യൂബിൽ നിന്നും ഡൗൺലോഡ് ചെയ്യാൻ സാധിക്കുമെന്നതിനാൽ മറ്റു ആശങ്കകളുടെ ആവശ്യമില്ല. മെയ് എട്ടിനകം പ്രശ്നം പരിഹരിക്കും. ഇതിനായി എസ്.എസ്.കെ വഴി 369 ടിവി ലഭ്യമാക്കാൻ നടപടി എടുത്തിട്ടുണ്ട്. വീണ്ടും ആവശ്യമായി വരികയാണെങ്കിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ നിർദ്ദേശിച്ച പ്രകാരമുള്ള ടി.വി.ബാങ്ക് സംവിധാനത്തെക്കുറിച്ച് ആലോചിക്കും. ടി.വി സ്പോൺസർ ചെയ്യാൻ താൽപര്യമുള്ളവർക്കും വീട്ടിൽ അധികമുള്ള ടി.വി നൽകാൻ ആഗ്രഹിക്കുന്നവർക്കും ടി.വി ഏൽപ്പിക്കുന്നതിനുള്ള സംവിധാനമാണ് ടി.വി ബാങ്ക്.

## ഹോം ക്വാറന്റൈനിന് പ്രാധാന്യം കൊടുക്കണം

പാലക്കാട് : ഹോം ക്വാറന്റൈൻ നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചതുകൊണ്ടാണ് കോവിഡ് രോഗത്തെ ആദ്യ രണ്ടു ഘട്ടങ്ങളിലും ജില്ല ഫലപ്രദമായി നേരിട്ടത്.

എന്നാൽ മൂന്നാംഘട്ടത്തിൽ രോഗികൾ വർധിച്ചതിനോടൊപ്പം ലോക്ക് ഡൗൺ ഇളവുകളും ഉണ്ടായിട്ടുണ്ട്. നിലവിൽ ജില്ലയിലെ 42 പഞ്ചായത്താണ് ഹോട്ട്സ്പോട്ട് പട്ടികയിലുള്ളത്. ഇതുകൂടാതെ ദിവസേന ഹോട്ട്സ്പോട്ടുകൾ വർദ്ധിക്കുന്നതും ആശങ്കയ്ക്ക് ഇടയാക്കുന്നു. പ്രാഥമിക സമ്പർക്കത്തിലൂടെയുള്ള രോഗ സ്ഥിരീകരണം സമൂഹ വ്യാപനത്തിന്റെ മുന്നോടിയായാണ് ഉണ്ടാവുക. അതിനാൽ ബന്ധപ്പെട്ട വ്യക്തികൾ കർശനമായും ഹോം ക്വാറന്റൈൻ നിർദ്ദേശങ്ങൾ പാലിച്ചാൽ മാത്രമേ സമ്പർക്കത്തിന്റെ ഭാഗമായുള്ള വ്യാപനം കുറയൂ. ഇതിൽ വിട്ടുവീഴ്ച ഉണ്ടായാൽ ജില്ല മുഴുവനും ഹോട്ട്സ്പോട്ടാവാൻ സാധ്യതയുള്ളതിനാൽ ഹോം ക്വാറന്റൈൻ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചാലെ സമൂഹ വ്യാപനത്തിന് തടയിടാനാകുവെന്നും മന്ത്രി അറിയിച്ചു.

### ഭക്ഷണവിതരണം പ്രശ്നം പരിഹരിച്ചു

പാലക്കാട് ; ജില്ലാ ആശുപത്രിയിലെ കോവിഡ് എം.എം വാർഡിലെ രോഗികൾ ഉയർത്തിയ ഭക്ഷണവിതരണം സംബന്ധിച്ച ആരോപണം ജില്ലാ ഭരണകൂടവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ചേർന്ന് പരിഹരിച്ചതായി മന്ത്രി എ കെ ബാലൻ യോഗത്തിൽ അറിയിച്ചു.

ഇതനുസരിച്ച് പ്രഭാതഭക്ഷണം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നൽകും. ഉച്ചഭക്ഷണവും രാത്രി ഭക്ഷണവും സന്നദ്ധസംഘടനകളാണ് ലഭ്യമാക്കുന്നത്. ഇതിനുപുറമേ രാവിലത്തെ ചായ ഗസറ്റഡ് ഓഫീസേഴ്സ് സംഘടനയും വൈകുന്നേരത്തെ ചായ ജില്ലാശുപത്രി തന്നെയാണ് നൽകുന്നത്. ഭക്ഷണ വിതരണവുമായി

ബന്ധപ്പെട്ട മേൽനോട്ടം വഹിക്കാൻ ഒരു നഴ്സിംഗ് സൂപ്രണ്ടിനെയും ഹെഡ് ക്ലർക്കിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.മെഡിക്കൽ കോളെജിലെ ഭക്ഷണ വിതരണവും സുഗമമാക്കിയിട്ടുണ്ട്.

ഭക്ഷണം സ്പോൺസർ ചെയ്യാൻ താല്പര്യം ഉണ്ടെങ്കിൽ കലക്ടറെയും ജില്ലാ മെഡിക്കൽ ഓഫീസറെയും അറിയിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.



### പുനരധിവസിപ്പിണം

**മലപ്പുറം** : 2019ലെ പ്രകൃതി ദുരന്തത്തോടനുബന്ധച്ചുണ്ടായ പ്രളയത്തിലും ഉരുൾപൊട്ടലിലും കിടപ്പാടം നഷ്ടപ്പെട്ടു ഇന്നും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ആദിവാസികൾ അടക്കമുള്ള പാവങ്ങളെ ഉടൻ പുനരധിവസിപ്പിക്കുക എന്നും 2018ബലെ പ്രകൃതി ദുരന്തത്തിൽ പെട്ട് ഇന്നും ചാലിയാർ പഞ്ചായത്തിലെ മതിൽമൂല ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന 52 കുടുംബങ്ങളെ ഉടൻ പുനരധിവസിപ്പിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ബിഡിവൈഎസ് മലപ്പുറം ജില്ലാ കമ്മിറ്റി മലപ്പുറത്ത് നടത്തിയ പ്രധിഷേധ സമരം ബി ഡി ജെ എസ് ജില്ലാ വൈസ് പ്രസിഡണ്ട് സുബ്രഹ്മണ്യൻ ചുങ്കപ്പള്ളി ഉത്ഘാടനം ചെയ്തു.ബി ഡി വൈ എസ് ജില്ലാ പ്രസിഡന്റ് എൻ കെ പുരുഷോത്തമൻ ബി ഡി ജെ എസ് ജില്ലാ സെക്രട്ടറി പ്രദീപ്കുമാർ ചുങ്കപ്പള്ളി ബി ഡി ജെം എസ് മലപ്പുറം മണ്ഡലം പ്രസിഡന്റ് സുരേഷ് ചെ റുകാട് ബി ഡി വൈ എസ് ജില്ലാ സെക്രട്ടറി ദിലീപ് മുന്നരശ്ശ ൻ വീട്ടിൽ ബി ഡി ജെ എസ് മലപ്പുറം മണ്ഡലം സെക്രട്ടറി ജതീദ്രൻ മണ്ണിൽ തൊടി എന്നിവർ പങ്കെടുത്തു സംസാരിച്ചു.

### വിരമിച്ചു

**മലപ്പുറം** : തിരുവനന്തപുരത്തെ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് സ്റ്റേറ്റ് മാസ് എജ്യുക്കേഷൻ മീഡിയ ഓഫീസർ ടി.എൻ ഗോപാലൻ സർവീസിൽ നിന്ന് വിരമിച്ചു.

പാണ്ടിക്കാട് സ്വദേശിയാണ്. ആരോഗ്യവകുപ്പിൽ 34 വർഷത്തെ സർവീസിന് ശേഷം വിരമിക്കുന്ന അദ്ദേഹം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽ ജില്ലാ മാസ് എജ്യുക്കേഷനൽ മീഡിയ ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തെ സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ലെപ്രസി വിഭാഗം ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് ഒന്ന് അബ്ദുൽ ഹമീദ് മുള്ളാഞ്ചേരി,

സർവീസിൽ നിന്ന് വിരമിച്ചു. ഊർങ്ങാട്ടിരി കല്ലരട്ടിക്കൽ സ്വദേശിയാണ്. മലപ്പുറം ജില്ല മെഡിക്കൽ ഓഫീസിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.



*താനൂർ മണ്ഡലം പ്രവാസി ലീഗിന്റെ ഇലയുണ്ട് സദ്യയില്ല എന്ന സമരത്തിന്റെ ഉത്ഘാടനം കെ കുട്ടി അഹമ്മദ് കുട്ടി നിർവഹിക്കുന്നു*

## ഇലയുണ്ട് സദ്യയില്ല പ്രവാസി ലീഗ് സമരം ആരംഭിച്ചു

**താനാളൂർ:** കോവിഡ് ബാധിച്ച് മരിക്കുന്ന പ്രവാസികുടുംബങ്ങളെ സഹായിക്കാൻ പാക്കേജ് പ്രഖ്യാപിക്കുക, പ്രവാസി പുനരധിവാസം ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു സംസ്ഥാന പ്രവാസി ലീഗ് കമ്മറ്റിയുടെ ആഹ്വാന പ്രകാരം നടന്ന ' ഇലയുണ്ട് - സദ്യയില്ല' സമരത്തിന്റെ താനൂർ നിയോജക മണ്ഡലം തല ഉൽഘാടനം വട്ടത്താണിയിൽ മുസ്ലിം ലീഗ്സംസ്ഥാന കമ്മറ്റി വൈസ് പ്രസിഡന്റും മുൻ മന്ത്രിയുമായ കെ-കുട്ടി അഹമ്മദ് കുട്ടി ഉൽഘാടനം ചെയ്തു. മുസ്ലിം ലീഗ് മണ്ഡലം കമ്മറ്റി പ്രസിഡൻറ് കെ.എൻ മുത്തുക്കോയ തങ്ങൾ മണ്ഡലം പ്രവാസി ലീഗ് പ്രസി: തെയ്യമ്പാടി ബാവ ഹാജി.സെക്രട്ടറി അലി പട്ടാക്കൽ, ജില്ലാ സെക്രട്ടറി സലാം പറവണ്ണ , ഹനീഫ പാലാട്ട് . കോയക്കുട്ടി പൊക്ളാത്ത്, പി.കെ.മുയ്തീൻ കുട്ടി ,പി.കെ.അബ്ദുഹാജി.സുനീർ വാണിയന്നൂർ ,ലുക്മാൻ പി കെ അസീസ് ചേലാട്ട്, കാർത്തികേയൻ കെ. പങ്കെടുത്ത് സംസാരിച്ചു - താനൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പ്രതിഷേധ സമരം നടന്നു.ചെറിയമുണ്ടം പഞ്ചായത്തിൽ തലക്കടത്തൂരിൽ പി.ടി.കെ കുട്ടി ഉൽഘാടനം ചെയ്തു ഹുസൈൻ തലക്കടത്തൂർ ,ഹംസ ഹാജി കോഴിപ്പള്ളി ,നേതൃത്വം നൽകി

നിറമരുതൂർ പഞ്ചായത്ത് ,പത്തമ്പാട് അങ്ങാടിയിൽ മണ്ഡലം ലീഗ് സെക്രട്ടറി ഇസ്മയിൽ പത്തമ്പാട്, ഉൽഘാടനം ചെയ്തു - ' കുഞ്ഞിമുഹമ്മദ് കെ ,കാർത്തികേയൻ കെ, ഹംസക്കുട്ടി ചൊക്ലാത്ത് നേതൃത്വം നൽകി - പൊൻ മുണ്ടം പഞ്ചായത്തിൽ ' വൈലത്തൂരിൽ പഞ്ചായത്ത് ലീഗ് സെക്രട്ടറി കെ.കെ - ഹനീഫ ഉൽഘാടനം ചെയ്തു - മുസ്തഫ ഹാജി തേറമ്പത്ത്, അബ്ദുൾ കരീം തടത്തിൽ എന്നിവർ നേതൃത്വം നൽകി ,താനാളൂർ പഞ്ചായത്തിൽ 'താനാളൂർ അങ്ങാടിയിൽ പഞ്ചായത്ത് ലീഗ് സെക്രട്ടറി മൂത്താട്ട് യൂസഫ് ഉൽഘാടനം ചെയ്തു - കുഞ്ഞിമൂസഹാജി, കെ-, അബ്ദുൽ ലത്തീഫ് തെയ്യമ്പാടി, അലി ഹസൻ കൊക്കോടി, അബ്ദുഹാജി നേതൃത്വം നൽകി.

## പരിസ്ഥിതി വാരാചരണത്തിന് തുടക്കമായി

**മലപ്പുറം:** എഐവൈഎഫ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന പരിസ്ഥിതി വാരാചരണത്തിന് മലപ്പുറത്ത് തുടക്കം കുറിച്ചു. ജൂൺ 5 മുതൽ 12 വരെയാണ് പരിസ്ഥിതി വാരാചരണം. കീഴ്ഘടകങ്ങളിലൂടെ ലക്ഷം ഫലവൃക്ഷതൈകൾ നടുന്ന പദ്ധതിയാണ് പരിസ്ഥിതി വാരാചരണത്തിലൂടെ മശ്യള നടപ്പിലാക്കുന്നത്. സിപിഐ മലപ്പുറം ജില്ലാ സെക്രട്ടറി പി കെ കൃഷ്ണദാസ് വൃക്ഷതൈ നട്ട് പരിപാടിയുടെ ഉദ്ഘാടനം നിർവഹിച്ചു. * ജില്ലാ പ്രസിഡന്റ് അഡ്വ: കെ കെ സമദ് അധ്യക്ഷത വഹിച്ചു. സിഡ്കോ ചെയർമാൻ നിയാസ് പുളിക്കലകത്ത്,

യുവകലാസാഹിതി സംസ്ഥാന സെക്രട്ടറി എ പി അഹമ്മദ് ,പ്രശസ്ത സാംസ്കാരിക പ്രവർത്തകരായ എം എം സചീന്ദ്രൻ ഉസ്മാൻ ഇരുമ്പുഴി ,എം കെ മുഹമ്മദ് സലീം ,ഷഫീർ കിഴിശ്ശേരി ,മുസ്തഫ കൂത്രാടൻ എന്നിവരും പരിപാടിയുടെ ഭാഗമായ് വൃക്ഷതൈ നട്ടു.

# ലോക പരിസ്ഥിതി ദിനം: ഒൻപത് ലക്ഷം തൈകൾ നടും

**മലപ്പുറം** :ലോകപരിസ്ഥിതി ദിനമായ ഇന്ന് ജില്ലയിൽ ഒൻപത് ലക്ഷം വൃക്ഷതൈകൾ നടും. സാമൂഹ്യ വനവൽക്കരണ വിഭാഗവും കാർഷിക വികസന കർഷകക്ഷേമ വകുപ്പും പ്രത്യേകം തയ്യാറാക്കി വിതരണം ചെയ്ത 9,14,790 വൃക്ഷതൈകളാണ് പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ജില്ലയിൽ നട്ടുപടിപ്പിക്കുക. സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധ ഗ്രാമപഞ്ചായത്തുകളിലൂടെ 3,68,000 തൈകളും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഗ്രാമപഞ്ചായത്തുകൾ, കൃഷിഭവൻ എന്നിവിടങ്ങളിലൂടെ 5,46,790 വൃക്ഷതൈകളുമാണ് വിതരണം ചെയ്തിട്ടുള്ളത്. ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മലപ്പുറം ഗവ. കോളജിൽ രാവിലെ 10ന് ഫലവൃക്ഷത്തൈകൾ നട്ട് പി. ഉബൈദുള്ള എം.എൽ.എ നിർവഹിക്കും. മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സൺ ജമീല ടീച്ചർ അധ്യക്ഷയാവും. സാമൂഹ്യവനവത്ക്കരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ 100 വൃക്ഷത്തൈകൾ കോളജ് അങ്കണത്തിൽ നടും.

മെയ് 28 മുതലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും കൃഷിഭവനുകളിലുടെയും വൃക്ഷത്തൈകൾ വിതരണം ചെയ്യാൻ തുടങ്ങിയത്. ഹരിതം കേരളം പദ്ധതിയുടെ ഭാഗമായി 4,40,000 തൈകളാണ് സാമൂഹ്യവനവത്ക്കരണ വിഭാഗം ഇത്തവണ പരിസ്ഥിതി ദിനത്തിന് വിതരണം

ചെയ്യാൻ തയ്യാറാക്കിയത്. അതിൽ 81 ശതമാനവും പഞ്ചായത്തുകളിലൂടെ വിവിധ സന്നദ്ധസംഘടനകൾക്കും വ്യക്തികൾക്കും വീടുകൾക്കും നൽകി. ബാക്കിയുള്ള തൈകൾ വനമഹോത്സവത്തിന്റെ ഭാഗമായി ആദിവാസി കോളനികൾ, വനസംരക്ഷണ സമിതി/ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾഎന്നിവയുടെ പരിധിയിൽ വരുന്ന വനമേഖലകളിലും വനപ്രദേശങ്ങളുടെ പുനസ്ഥാപനത്തിനുമായി സാമൂഹ്യ വനവത്ക്കരണ വിഭാഗം

വിതരണം ചെയ്യും.സംസ്ഥാനമൊട്ടാകെഒരു കോടി വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതിയുടെ ഭാഗമായി കാർഷിക വികസന

കർഷകക്ഷേമ വകുപ്പ് 13,74,648 ഫല വൃക്ഷത്തൈകളാണ് ജില്ലയിൽ വിതരണം ചെയ്യുന്നത്. രണ്ടു ഘട്ടങ്ങളിലായാണ്ജില്ലയിൽ വൃക്ഷത്തൈ വിതരണം ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്ത പ്ലാവ്, മാവ്, പാഷൻ ഫ്രൂട്ട്, പനീർ ചാമ്പ, സപ്പോട്ട, നാരകം, മുരിങ്ങ, കറിവേപ്പ്, വാളൻപുളി, കുടംപുളി, നേന്ത്രവാഴ,

ഞാലിപ്പൂവൻ കന്നുകൾ തുടങ്ങിയ ഫലവൃക്ഷത്തൈകളാണ്പരിസ്ഥിതി ദിനമായ ഇന്ന് നടുന്നത്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 7,33,510 തൈകളും വിതരണം ചെയ്യും.

## വിജയികൾ

**മലപ്പുറം** : മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി സംഘടിപ്പിച്ച 'മാപ്പിളപ്പാട്ടും മലയാള സിനിമയും' ഓൺലൈൻ പ്രശ്നോത്തരിയിൽ പെരിന്തൽമണ്ണ സ്വദേശി മുഹമ്മദ് ഷെരീഫ് കാപ്പ് ഒന്നാം സ്ഥാനം നേടി. കെ.പി മൈമുന്നീസ, പി.സി റഷീദ്, പി.നഷ്വ, ഷമീർ കരിപ്പൂർ, ആബിദ് അരീക്കോട്, സി.കെ ഷാജി ഇല്യാസ്, കെ. അഭിന തുടങ്ങിയവർ പ്രോത്സാഹന സമ്മാനത്തിന് അർഹരായി.

### കെട്ടിടം മാറി

**ചട്ടിപ്പറമ്പ്**: കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻഓഫീസ് ഇന്നലെ മുതൽപെരിന്തൽമണ്ണ റോഡിൽചെറുകുളമ്പ ഹൈസ് കൂൾപടിയിൽ പ്രവർത്തനംആരംഭിച്ചതായി അസിസ്റ്റന്റ് എഞ്ചീനിയർഅറിയിച്ചു. ഫോൺ-04933-244200, 9496010314.

## ക്ലബുകൾ 25,000 ഫലവൃക്ഷത്തൈകൾ നടും

**മലപ്പുറം** : സംസ്ഥാന യുവജനക്ഷേമ ബോർഡും ഹരിതകേരളം മിഷനും നേതൃത്വത്തിൽ ജില്ലയിൽ നടത്തിയ 'ഒരു കോടി വൃക്ഷതൈകളിലേക്ക് എന്റെ പങ്ക് ഫല വൃക്ഷത്തൈ' മത്സരത്തിൽ പങ്കെടുത്ത ക്ലബുകൾ തയ്യാറാക്കിയ വൃക്ഷത്തൈകളും ഇന്ന് (ജൂൺ അഞ്ച്) നടും. ജില്ലയിലെ 86 ആർട്സ് ആൻഡ് സ്പോർട്സ് ക്ലബുകൾ തയ്യാറാക്കിയ 25,000 ഫല വൃക്ഷത്തൈകളാണ് പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുക.

ഒരു കോടി വൃക്ഷത്തൈകളിലേക്ക് എന്റെ പങ്ക് ഫല വൃക്ഷത്തൈ മത്സരത്തിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ആറ് ക്ലബുകൾക്ക് പുരസ്കാരവും സർട്ടിഫിക്കറ്റും നൽകും. ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ എരുമമുണ്ട എസ്ക്കെർ, കരുവാരക്കുണ്ടിലെ ആലിക്കോട് യങ് വാരിയർ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, ഒഴൂരിലെ തലക്കടത്തൂർ വൈ.എസ്.റ്റി.ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, മാറാക്കരയിലെ ഫീഫ യൂത്ത് വിങ്ങ് മുള്ളൻമട, മൊറയൂർ പഞ്ചായത്തിലെ മൊറയൂർ അലിവ് സാംസ്കാരിക വേദി, എ.ആർ. നഗറിലെ പേങ്ങാട്ടുകുണ്ട് വിക്ടറി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് തുടങ്ങിയ ക്ലബുകളാണ് സമ്മാനത്തിന് അർഹരായത്.

## ഓൺലൈൻ വിദ്യാഭ്യാസം നടപടി സ്വീകരിച്ചു

താനൂർ: നിയോജക മണ്ഡലത്തിലെ മുഴുവൻ വിദ്യാർഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള നടപടി സ്വീകരിച്ചു. വി അബ്ദുറഹ്മാൻ എംഎൽഎയുടെ അധ്യക്ഷതയിൽ താനൂർ ബിആർസിയിൽ ചേർന്ന യോഗത്തിലാണ് നടപടി. ഓൺലൈൻ ക്ലാസ്സുകൾക്കൊപ്പം അധ്യാപകരുടെ സാമിപ്യവും കുട്ടികൾക്ക് നൽകാൻ ശ്രമിക്കണമെന്ന്വി അബ്ദുറഹിമാൻ എംഎൽഎ ആവശ്യപ്പെട്ടു. ണ്ഡലത്തിൽ ഓൺലൈൻ ക്ലാസുകൾ നിരീക്ഷിക്കാൻ പ്രയാസമനുഭവിക്കുന്ന വർക്ക് ടിവി സംഘടിപ്പിച്ച് നൽകി വിക്ടേഴ്സ് ചാനൽ വഴി ക്ലാസുകൾ വിദ്യാർഥികളിൽ എത്തിക്കാനാണ് യോഗം തീരുമാനിച്ചത്. നഗരസഭ ചെയർപേഴ്സൺ സി കെ സുബൈദ, ഒഴൂർ പഞ്ചായത്ത് പ്രസിഡന്റ് കെ വി പ്രജിത, താനാളൂർ പഞ്ചായത്ത് പ്രസിഡന്റ് എൻ മുജീബ് ഹാജി, നിറമരുതൂർ പഞ്ചായത്ത് പ്രസിഡന്റ് വി വി സുഹ്റ, പൊന്മുണ്ടം പഞ്ചായത്ത് പ്രസിഡന്റ് ഇ സുബൈർ, ചെറിയമുണ്ടം പഞ്ചായത്ത് പ്രസിഡന്റ് എം എ റഫീഖ്, മണ്ഡലത്തിലെ മുഴുവൻ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ, ബിപിഒ എംപി ലക്ഷ്മി നാരായണൻ,തിരൂരങ്ങാടി ഡിഇഒ വൃന്ദ, താനൂർ എഇഒ കെ പി രമേഷ് കുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

### എട്ട്, ഒൻപത് ക്ലാസ് പ്രവേശനം

**പെരിന്തൽമണ്ണ:** ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിൽ എട്ട്, ഒൻപത് ക്ലാസുകളിലേക്കുള്ള പ്രവേശനം തുടരുന്നു. ഏഴാം തരം/തത്തുല്യ പരീക്ഷ ജയിച്ചവർക്കും ഫലം കാത്തിരിക്കുന്നവർക്കും എട്ടാം ക്ലാസിലേക്ക് പ്രവേശനം നേടാം. താത്പര്യമുള്ളവർ ടി.സിയുമായി സ്കൂളിൽ നേരിട്ടെത്തി പ്രവേശനം നേടണം. എസ്.സി, എസ്.ടി വിഭാഗക്കാർക്ക് പഠനം സൗജന്യമാണ്. അംഗീകൃത സിലബസിൽ എട്ടാം ക്ലാസ് ജയിച്ചവർക്ക് ഒമ്പതാം ക്ലാസിലേക്ക് നേരിട്ട് ചേരാം. ഫോൺ: 04933 225086, 85470 21210 എന്ന നമ്പറുകളിൽ ലഭിക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## പരിസ്ഥിതി ദിനാചരണം: ഉൽഘാടനം ഇന്ന്

**കോഴിക്കോട്** : ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കേരള വനം വകുപ്പ് സാമൂഹ്യവനവൽകരണ വിഭാഗം കോഴിക്കോട് ഡിവിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പരിസ്ഥിതി ദിനാചരണ പരിപാടികളുടെ ജില്ലാതല ഉൽഘാടനം ഇന്ന് (ജൂൺ 5 ) രാവിലെ 9.30 ന് കാപ്പാട് ബീച്ച് പരിസരത്ത് നടക്കും. കൊയിലാണ്ടി എംഎൽഎ കെ ദാസൻ ഉൽഘാടനം ചെയ്യും. ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കോട്ട്, വനം വകുപ്പ് മേധാവി പി കെ കേശവൻ, വിജിലൻസ് കൺസർവേറ്റർ ആടലരസൻ , സബ് കലക്ടർ പ്രിയങ്ക, സാമൂഹ്യ വനവല്കരണ വിഭാഗം അസിസ്റ്റന്റ് കൺസർവേറ്റർ എം ജോഷിൽ, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി ബീന, റേഞ്ച് ഫോറസ്റ്റ് ഓഫീസർ മാരായ എൻ കെ പവിത്രൻ, പി സതീശൻ എന്നിവർ പരിപാടിയിൽ പങ്കെടുക്കും.

തിരുവങ്ങൂർ ജംങ്ഷൻ മുതൽ കാപ്പാട് ബീച്ച് വരെയുള്ള റോഡരികിൽ മരം വെച്ചു പിടിപ്പിക്കുന്ന പരിപാടിക്കും ഇന്ന് തുടക്കമാവും. ഇതിന്റെ ഉൽഘാടനം ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശോകൻ കോട്ട് നിർവ്വഹിക്കും.

മുൻ വർഷങ്ങളിൽ നിന്ന് വിഭിന്നമായി ഇത്തവണ സാമൂഹ്യ വനവൽക്കരണ വിഭാഗം ഉൽപ്പാദിപ്പിച്ച 3.33 ലക്ഷം തൈകളിൽ 2.7 ലക്ഷം തൈകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുഖേന ഇതിനോടകം തന്നെ തൊഴിലുറപ്പ് പദ്ധതി പ്രകാരം വെച്ചു പിടിപ്പിക്കാനും വിതരണത്തിനുമായി പഞ്ചായത്തുകളിൽ എത്തിച്ചിട്ടുണ്ട്. മിച്ചമുള്ള തൈകൾ വനം വകുപ്പ് സന്നദ്ധ സംഘടനകളുമായി ചേർന്ന് നട്ടുപിടിപ്പിക്കാനായി ഇതിനോകം വിതരണം ചെയ്തു കഴിഞ്ഞു.

### ടെണ്ടർ ക്ഷണിച്ചു

**കോഴിക്കോട്** :ജില്ലയിലെ ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിന് ആധുനിക ലേബർ കോട്ട്, പോർട്ടബിൾ വെന്റിലേറ്റർ എന്നിവ വിതരണം ചെയ്യുന്നതിനും വിതരണക്കാരിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി ജൂൺ ആറ്, വിവരങ്ങൾക്ക് : 0495 2374990.

## എഴുത്ത് പരീക്ഷ ജൂൺ 10 ന്

**കോഴിക്കോട്** :ജില്ലയിൽ ജില്ലാവനിതാശിശുവികസന ഓഫീസിനു കീഴിൽ മഹിളാ ശക്തികേന്ദ്രയിലേയ്ക്കുള്ള വുമൺ വെൽഫെയർ ഓഫീസർ, ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിലേക്കുള്ള എഴുത്ത് പരീക്ഷ ജൂൺ 10 ന് സിവിൽ സ്റ്റേഷൻ യു.പി സ്കൂളിൽ നടത്തുമെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർ അറിയിച്ചു. ഉദ്യോഗാർത്ഥികൾക്ക് ഹാൾ ടിക്കറ്റുകൾ അയച്ചിട്ടുണ്ട്. ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ 0495 2370750 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടണം.

### അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്** : പട്ടികജാതി വികസന വകുപ്പിന് കീഴിൽ മാവൂരിൽ പ്രവർത്തിക്കുന്ന ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിൽ അഞ്ചു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്ക് പ്രവേശനം നേടുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് ഹോസ്റ്റലിൽ തന്നെ എല്ലാ വിഷയങ്ങൾക്കും പ്രത്യേക ട്യൂഷൻ നൽകുന്നു. യൂണിഫോം, നൈറ്റ് ഡ്രസ്, സമീകൃത ആഹാരം, പോക്കറ്റ് മണി, യാത്രബത്ത എന്നിവയും നൽകും. ജൂൺ 15 നകം അപേക്ഷയും ആവശ്യമായ രേഖകളും സഹിതം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447357661, 9745316892

## ഫോൺ ഇൻ ഇന്റർവ്യൂ

**കോഴിക്കോട്** :ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ലാബ് ടെക്നിഷ്യൻ, ജെ.പി.എച്ച്. എൻ,
ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പാലിയേറ്റീവ് കെയർ സ്റ്റാഫ് നഴ്സ് തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 2020 ജൂൺ ഒന്നിന് 40 വയസ് കവിയരുത്. യോഗ്യരായ
ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റ് സഹിതം ജൂൺ ഒൻപതിന് വൈകീട്ട് അഞ്ചിനകം അപേക്ഷ സമർപ്പിക്കണം.

## മന്നൻ അഗ്‌മാർക്ക് ഗ്രേഡ് 1 വെളിച്ചെണ്ണ നിർമ്മാതാവിന് ഹരിതാമൃതത്തിന്റെ അംഗീകാരവും ആദരവും

**മാഹി:** പൂർണ്ണമായും മായം കലരാതെ, ശുദ്ധവും സുരക്ഷിതവുമായ രീതിയിൽ പ്രകൃതി ദത്തമായ വെളിച്ചെണ്ണയുടെ നിർമ്മാണ നിർവ്വഹണം നടത്തി ജനപ്രീതി നേടിയ മന്നൻ അഗ് മാർക്ക് ഗ്രേഡ് 1 വെളിച്ചെണ്ണയുടെ നിർമ്മാതാവും, പള്ളൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന റോജ ഓയിൽ മിൽ ഉടമയുമായ വിപിൻകുമാർ പള്ളൂരിന് ഹരിതാമൃതം 2020 വേദിയിൽ ആദരവും അംഗീകാരവും നൽകി. മഹാത്മ ദേശസസേവ എഡ്യുക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 'വിത്തും കൈക്കോട്ടും' എന്ന സന്ദേശവുമായി വടകര ടൗൺ ഹാളിൽ നടന്ന ഹരിതാമൃതം 2020 പരിപാടിയുടെ ഭാഗമായാണ് മികച്ച ഭക്ഷ്യോൽപ്പാദകൻ എന്ന നിലയിൽ വിപിൻകുമാർ പള്ളൂരിനെ സി കെ നാണു എം എൽ എ നിറഞ്ഞ സദസ്സിൽ കീർത്തിഫലകം നൽകി ആദരിച്ചത്.

സുരക്ഷിത ഭക്ഷ്യഉൽപ്പന്നങ്ങൾക്കായുള്ള അന്താരാഷ്ട്ര അംഗീകാരവും ഗുണമേന്മയിൽ ഭാരത സർക്കാരിന്റെ അഗ് മാർക്ക് അംഗീകാരവും തുടർച്ചയായി നേടിയതാണ് മന്നൻ വെളിച്ചെണ്ണ .



വടകര ടൗൺ ഹാളിൽ നടന്ന ഹരിതാമൃതം 2020 പരിപാടിയുടെ ഭാഗമായി മികച്ച ഭക്ഷ്യോൽപ്പാദകൻ എന്നനിലയിൽ വിപിൻകുമാർ പള്ളൂരിനെ സി കെ നാണു എം എൽ എ നിറഞ്ഞ സദസ്സിൽ കീർത്തിഫലകം നൽകി ആദരിക്കുന്നു

ഹരിതാമൃതം 2020 പരിപാടിയോടനുബന്ധിച്ച് മികച്ച ഭക്ഷ്യ എണ്ണ എന്നനിലയിൽ മന്നൻ വെളിച്ചെണ്ണയുടെ പ്രത്യേക പവലിയനും ഇവിടെ പ്രവർത്തിച്ചിരുന്നു . മായം ചേർക്കാത്ത ശുദ്ധമായ ഭക്ഷണം ജന്മാവകാശമാണെന്ന പ്രഖ്യാപനവുമായി പൈതൃക ഭക്ഷ്യസംസ്കാരത്തിലേക്ക് ജനങ്ങളെ സ്വാഗതംചെയ്യുകയും, വേറിട്ട വ്യാവസായിക സംസ്കാരവുമായി ഭക്ഷ്യസുരക്ഷാമാനദണ്ഡങ്ങൾ നൂറുശതമാനം പാലിക്കുകയും അശേഷം മായം കലരാതെ പ്രകൃതി ദത്തമായ വെളിച്ചെണ്ണയുടെ നിർമ്മാണത്തിലൂടെ മികവുറ്റ ഭക്ഷ്യോൽപ്പന്നം എന്ന നിലയിൽ ജനപ്രീതി നേടുകയും ചെയ്ത മന്നൻ ബ്രാൻഡ് അഗ്മാർക് വെളിച്ചെണ്ണയുടെ നിർമ്മാതാവ് പള്ളൂർ വിപിൻകുമാറിനെ പോർട്ട് -മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ശ്രീചക്ര പുരസ്ക്കാരം നൽകി കണ്ണൂരിൽ വെച്ചും ആദരികുകയുണ്ടായി.

വ്യാപാരാന്വേഷണങ്ങൾക്ക് 9895745432




പള്ളൂർ വിപിൻകുമാറിനെ പോർട്ട് -മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ശ്രീചക്ര പുരസ്ക്കാരം നൽകി കണ്ണൂരിൽ ആദരിച്ചപ്പോൾ

## ശുചീകരണത്തിന് മാതൃകയായി ഒറ്റയാൾ പട്ടാളം

**വടകര:** സമ്പൂർണ ലോക്ക് ഡൗൺ ദിനമായ ഇന്നലെ സംസ്ഥാനത്തൊട്ടാകെ ശുചീകരണത്തിനായി മുഖ്യമന്ത്രി നൽകിയ ആഹ്വാനം നാടെങ്ങും ശിരസാവഹിച്ചപ്പോൾ ഇവിടെ വടകര കസ്റ്റംസ് റോഡില-പൂവാടൻ ഗെയ്റ്റ് ഭാഗത്തുള്ള പി.കെ മുഹമ്മദ് ഷഫീക്കിന്റെ ഒറ്റയാൾ പ്രവർത്തനം ഏവർക്കും മാതൃകയാവുന്നു. വീടുകളിലും വഴിയോരങ്ങളിലും അണുനാശിനി തളിച്ചു കൊണ്ടും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾ സ്വയം നിർവഹിച്ചും ഷഫീക്ക് നിശ്ശബ്ദ സേവനം നടത്തുകയാണ്.

അണുനാശിനി തൽക്കാൻ പമ്പും സ്പ്രെ ഉപകരണങ്ങളും രാസമിശ്രിതവും സംഘടിപ്പിച്ച് പരിസര ശുചിത്വം കാത്തു സൂക്ഷിക്കാൻ ഇദ്ദേഹം ആൾബലം കാക്കാതെ തന്നെ രംഗത്തിറങ്ങിയിരിക്കയാണ്. വാചകമടിയും പബ്ലിസിറ്റിയും ഉദ്ഘാടനവും ഒന്നുമില്ലാതെ തന്നെ സാമൂഹിക സേവനം നടത്താം എന്ന് ഇദ്ദേഹം തെളിയിക്കുകയാണ്.

അവധി ദിവസങ്ങളിൽ ഷഫീക്കിന്റെ നേതൃത്വത്തിൽ വഴിയോരങ്ങൾ വൃത്തിയാക്കലും വീടും പരിസരവും ആരോഗ്യകരമായി പരിപാലിക്കലും നടത്താറുണ്ട്. കാഞ്ഞങ്ങാട് ബിസിനിസ് നടത്തുന്ന ഷഫീക്ക് കസ്റ്റംസ് റോഡ്-പൂവാടൻ ഗെയ്റ്റ് കേന്ദ്രമായി പ്രവർത്തിക്കുന്ന തീരം കലാകായികവേദിയുടെ പ്രസിഡന്റ് കൂടിയാണ്.

### അവസരം

**കോഴിക്കോട്** :എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ 2020 ജനുവരി മുതൽ മേയ് മാസം വരെയുള്ള കാലയളവിൽ പുതുക്കേണ്ടിയിരുന്ന വിമുക്ത ഭടന്മാർക്ക് 2020 ആഗസ്റ്റ് 31 വരെ സമയം നീട്ടി നൽകിയതായി ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു. ഫോൺ : 0495 2771881.

### അറിയിക്കണം

**കോഴിക്കോട്** :ക്ഷേത്രങ്ങളിലെ ക്ഷേത്രജീവനക്കാർക്കും ഫണ്ടിന്റെ അപര്യാപ്തത മൂലം ശമ്പളം കിട്ടാത്ത സെക്രട്ടറിയ്ക്ക് 30 നകം ഇമെയിൽ അയക്കണം.

## കോവിഡ് കാല വാഹനങ്ങൾ സേവനത്തിന് തയ്യാർ

**വടകര:** വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും നാട്ടിലേക്ക് വരുന്നതിനും ക്വാറന്റീൻ കേന്ദ്രങ്ങളിൽ കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നതിനും പ്രത്യേക സംവിധാനങ്ങളുള്ള വാഹനങ്ങൾ അഴിയൂർ ഗ്രാമപഞ്ചായത്തിൽ സജ്ജമായി. ഇത്തിയോസ്, ഇന്നോവ, എർട്ടിഗ എന്നീ വാഹനങ്ങളാണ് ആർ.ടി.ഒയുടെ സഹായത്തോടെ രൂപമാറ്റം വരുത്തി അടിയന്തിരഘട്ടത്തിൽ ഉപയോഗിക്കാൻ പഞ്ചായത്ത് അധികൃതർ തയ്യാറാക്കിയത്.

ഡ്രൈവറുടെ ഇരിപ്പിടത്തിന് ഇടതു വശത്തായി ആരെയും ഇരിക്കാൻ അനുവദിക്കില്ല. ഫൈബർ ഗ്ലാസ് വെച്ച് പിൻഭാഗത്തേക്കുള്ള പാർട്ടീഷ്യൻ നടത്തി. കോവിഡ് കാലത്തെ സമ്പർക്ക സാധ്യത പൂർണായി ഒഴിവാക്കി ഡ്രൈവർക്കും യാത്രക്കാരനും പൂർണ സുരക്ഷിതത്വം ഉറപ്പാക്കിയാണ് വാഹനത്തിന്റെ രൂപകൽപന നടത്തിയിരിക്കുന്നത്.

അഴിയൂരിലെ ദേശീയപാതയിൽ വാഹനമിറങ്ങിയാൽ അവരെ വീട്ടിലെത്തിക്കാൻ 400 രൂപ മാത്രം വാടക ഈടാക്കും. ബാക്കി സ്ഥലങ്ങളിലേക്ക് സർക്കാർ നിശ്ചയിച്ച വാടക വാങ്ങും. ഗൂഗൾ പെയിലൂടെയാണ് വാടക കൈമാറ്റം നടത്തുക. ഓൺ ലൈൻ ബുക്കിങ്ങും രാത്രി സേവനവും ലഭിക്കും. പഞ്ചായത്ത് സ്റ്റിക്കർ വാഹനത്തിൽ ഒട്ടിക്കാൻ അനുവാദം ലഭിച്ചിട്ടുണ്ട്. ആംബുലൻസിന്റെ ലഭ്യതക്കുറവും നിലവിൽ സർവീസ് നടത്തുന്നവർ ഇത്തരം കേസുകളിൽ കാണിക്കുന്ന വൈമനസ്യവുമാണ് ഇത്തരമൊരു ആശയം അധികൃതരിൽ ഉണ്ടാക്കിയത്. മാത്രമല്ല, പോസിറ്റീവ് കേസാണെങ്കിൽ ഡ്രൈവർ നിരീക്ഷണത്തിൽ പോകേണ്ടതും പലരിലും പ്രയാസം ഉണ്ടാക്കിയിരുന്നു. അതുകൊണ്ടാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ യോഗം വിളിച്ച് ഇത്തരമൊരു സാധ്യത ആരാഞ്ഞതും അത് പ്രാവർത്തികമാക്കിയതും. പ്രസിഡൻര് വി.പി ജയൻ, സെക്രട്ടറി ടി ഷാഹുൽ ഹമീദ്, കെ.പി ഫർസൽ, ഫിറോസ് കുഞ്ഞിപ്പള്ളി, എം.കെ ഷംസുദ്ദീൻ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

## എംഎസ്എഫ് പ്രവർത്തകർ എഇഒ ഓഫിസ് ഉപരോധിച്ചു

**പേരാമ്പ്ര :** വളാഞ്ചേരിയിൽ ദേവിക എന്ന പെൺകുട്ടി ഓൺലൈൻ പഠന ക്ലാസ്സ് ലഭ്യമാകാത്തതിൽ മനംനൊന്ത് ആത്മഹത്യ ചെയ്തതിൽ പ്രതിഷേധിച്ച് എംഎസ് എഫ് പേരാമ്പ്ര നിയോജക മണ്ഡലം കമ്മിറ്റി പേരാമ്പ്ര ഉപജില്ല വിദ്യാഭ്യാസ് ഓഫിസ് ഉപരോധിച്ചു. എംഎസ് എഫ് സംസ്ഥാന ജനറൽ സെക്രട്ടറി ലത്തീഫ് തുറയൂർ ഉദ്ഘടനം ചെയ്തു. നിയാസ് കക്കാട്, തബ്ഷീർ ചെമ്പനോട, ദിൽഷാദ് കുന്നിക്കൽ, എം.കെ. ഫസലുറഹ്മാൻ, സൽമാൻ വാളൂർ, കെ.കെ. ഷിയാസ് എന്നിവർ നേതൃത്വം നൽകി. ഉപരോധം ചെയ്ത എംഎസ്എഫ് പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി.

## 10,000 രൂപ വീതം എക്കൗണ്ടിൽ നിക്ഷേപിക്കണം

**വടകര:** ലോക്ക് ഡൗൺ പ്രഖ്യാപനത്തെ തുടർന്ന് മാസങ്ങളായി പട്ടിണിയിലായ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്തു വരുന്ന തൊഴിലാളികളുടെ എക്കൗണ്ടിൽ 10,000 രൂപ വീതം കേന്ദ്രം നിക്ഷേപിക്കണമെന്ന് എച്ച്.എം.എസ് അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം മനയത്ത് ചന്ദ്രൻ ആവശ്യപ്പെട്ടു.ജനത കൺസ്ട്രക്ഷൻ ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ (എച്ച്.എം.എസ്) സംസ്ഥാന കമ്മിറ്റി ആഹ്വാന പ്രകാരം വടകര ഹെഡ്പോസ്റ്റോഫീസിന് മുമ്പിൽ നടത്തിയ ധർണ്ണാ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.



## കോഴിക്കോട് എത്തിയത് 13,880 പ്രവാസികൾ

**കോഴിക്കോട്** : ലോക്ഡൗൺ ഇളവുകൾ ആരംഭിച്ച ശേഷം വിദേശങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി കോഴിക്കോട് ജില്ലയിൽ എത്തിയത് 13,880 പ്രവാസികളാണെന്ന് ജില്ലാ കലക്ടർ അറിയിച്ചു. വിദേശ രാജ്യങ്ങളിൽ നിന്ന് 3031 പേരും
മറ്റ് സംസ്ഥാനങ്ങളിൽ നിന്നായി 10,849 പേരുമാണ് എത്തിയത്. ഇവരിൽ 7802 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. 6456 പേർ വീടുകളിലും 1346 പേർ കോവിഡ് കെയർ സെന്ററുകളിലുമാണ് നിരീക്ഷണത്തിലുള്ളത്.

വിദേശത്ത് നിന്ന് എത്തിയവർക്കായി 44 കോവിഡ് കെയർ സെന്ററുകളും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നവർക്കായി 75 കോവിഡ് കെയർ സെന്ററുകളുമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

വിദേശ പ്രവാസികളുടെ കോവിഡ് പരിചരണ കേന്ദ്രങ്ങൾ ജില്ലാ ഭരണകൂടവും
ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്നവർക്കുള്ളത് അതത് തദ്ദേശ സ്ഥാപനങ്ങളുമാണ് നിയന്ത്രിക്കുന്നത്.

# ഹലോസ്കൂൾ: സംയുക്ത ഏകോപനം, വിപുലമായ മുന്നൊരുക്കങ്ങൾ

**മാനന്തവാടി**: മാനന്തവാടി മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ ഹലോ സ്കൂൾ പദ്ധതിക്ക് വിപുലമായ മുന്നോരുക്കങ്ങൾ ആരംഭിച്ചു. മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും സ്പെഷ്യൽ പഞ്ചായത്ത് തല വിദ്യാഭ്യാസ യോഗവും, മാനന്തവാടിയിൽ മുൻസിപ്പൽ വിദ്യാഭ്യാസ സമിതിയോഗവും ചേർന്നു.മുഴുവൻ വാർഡുകളിലും വരും ദിവസങ്ങളിൽ വാർഡ്തല വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കും. വാർഡ് തല വിദ്യാഭ്യാസ സമിതിയിൽ വാർഡ് മെമ്പർ ചെയർമാനായും, പ്രദേശത്തെ അധ്യാപകർ കൺവീനർമാരായും പിടിഎ ഭാരവാഹികൾ, മെന്റർ ടീച്ചേഴ്സ്, ഊരുവിദ്യാകേന്ദ്രം കോ-ഓർഡിനേറ്റർമാർഎന്നിവർ ഈ സമിതിയിൽ അംഗങ്ങളാവും. കൂടാതെ വിദ്യാഭ്യാസ വളണ്ടിയർമാർ, ട്രൈബൽ പ്രമോട്ടേഴ്സ് എന്നിവരും ഈ കമ്മിറ്റിയിൽ ഉണ്ടാകും. ഒരു വാർഡിൽ കുറഞ്ഞത് 3 പൊതു പഠന കേന്ദ്രങ്ങൾ കോവിഡ്-19 പ്രോട്ടോകാൾ പാലിച്ച് കൊണ്ട് ആരംഭിക്കും. ഓൺലൈൻ പഠനം സാധ്യമാകാത്ത മുഴുവൻ കുട്ടികളേയും വരും ദിവസങ്ങളിൽ പൊതു പഠന കേന്ദ്രങ്ങളിലെത്തിക്കും. മാനന്തവാടി നഗരസഭയിൽ ഹരിദാസ്(മുൻ ഹെഡ്മാസ്റ്റർ, ജി.വി.എച്ച്.എസ് മാനന്തവാടി), ജോൺ മാത്യു, പി.സി ജോൺ, പി.ജെ സെബാസ്റ്റ്യൻ(റിട്ട.അധ്യാപകർ) എന്നിവർ യഥാക്രമം കോ-ഓർഡിനേറ്ററും, അസി.കോ-ഓർഡിനേറ്റർമാരുമായി നഗരസഭയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. നഗരസഭയിലെ 36 ഡിവിഷനുകളിലും എൽ.പി, യു.പി, എച്ച്.എസ്, എച്ച്എസ്എസ്ടി അധ്യാപകരുടെ സംഘത്തെ സേവനത്തിനായി ഉപയോഗിക്കും. ഓരോ ഡിവിഷനിലും തിങ്കളാഴ്ചയോടെ പൊതുപഠന കേന്ദ്രങ്ങൾ സജ്ജമാകും. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ മുൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം ജില്ലാ കോ-ഓർഡിനേറ്ററായിരുന്ന വി.സുരേഷ് കുമാറിനെ കോ-ഓർഡിനേറ്ററാക്കി നിയമിച്ച് കൊണ്ട് മുഴുവൻ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മുഴുവൻ വാർഡുകളിലും വാർഡ്തല വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

ജൂൺ 9 കം മുഴുവൻ വാർഡ്തല വിദ്യാഭ്യാസ സമിതികളും രൂപീകരിക്കും. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ റിട്ട.തൃശിലേരി ഹയർസെക്കൻഡറി പ്രിൻസിപ്പൽ ശശിധരൻ കോ-ഓർഡിനേറ്ററായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.വെള്ളിയാഴ്ച മുതൽ പരമാവധി വാർഡ്തല സമിതികൾ രൂപീകരിക്കാനുള്ള ശ്രമമാണ് ഭരണ സമിതി നടത്തുന്നത്. പഠന വീടുകൾ ഉൾപ്പെടെ സജ്ജമാക്കി പൊതു പഠന കേന്ദ്രങ്ങൾ ഉടൻ ആരംഭിക്കും. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ വെള്ളി, ശനി ദിവസങ്ങളിൽ വാർഡ്തല വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കും. മുൻ ബി.പി.ഒ സത്യൻ കോ-ഓർഡിനേറ്ററായി പഞ്ചായത്ത്തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി യോഗം ചേർന്ന് ഓൺലൈൻ പഠന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ തീരുമാനിച്ചു. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ സക്കീന കുടുവ ചെയർമാനായും, റിട്ട.ഹെഡ്മാസ്റ്റർ പി.ടി സുഗതൻ കോ-ഓർഡിനേറ്ററായും പഞ്ചായത്ത് തല പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകും. വാർഡ്തല സമിതികൾ രൂപീകരിക്കാനും പൊതുപഠന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എടവക ഗ്രാമ പഞ്ചായത്തിൽ ബുധനാഴ്ച തന്നെ പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി ചേർന്നിരുന്നു. മുഴുവൻ വാർഡുകളിലും പൊതുപഠന കേന്ദ്രങ്ങൾ വരും ദിവസങ്ങളിൽ
തന്നെ പ്രവർത്തനമാരംഭിക്കും. വാർഡ് തല വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.പനമരം ഗ്രാമപഞ്ചായത്തിൽ 1-മുതൽ 12 വരെയുള്ള വാർഡുകളിൽ ജൂൺ 6 ന് വാർഡ് തല വിദ്യാഭ്യാസ
സമിതികൾ വിളിച്ച് ചേർക്കും. ജൂൺ 7 ന് 13മുതൽ 23 വരെയുള്ള വാർഡുകളിലും യോഗം ചേരും. മുഴുവൻ വാർഡികളിലും പൊതുപഠന കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഭരണ സമിതി തീരുമാനിച്ചിരിക്കുന്നത്. പി.കുഞ്ഞികൃഷ്ണൻ കോ-ഓർഡിനേറ്ററായി പഞ്ചായത്ത്തല പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകും.

## കാലവർഷം:ജില്ലയിൽ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം സജ്ജമായി

**കൽപ്പറ്റ**:കാലവർഷ ദുരന്തങ്ങൾ നേരിടുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾനടപ്പാക്കുന്നതിനുമായി ജില്ലയിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗരേഖ പ്രകാരമുള്ള ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (ഐആർഎസ്)
പൂർണതോതിൽ പ്രവർത്തനസജ്ജമായി. കമാൻഡ്, ഓപ്പറേഷൻസ്, പ്ലാനിങ്ങ്, ലോജിസ്റ്റിക്സ് എന്നിങ്ങനെ നാലു വിഭാഗങ്ങളിലായാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കൂടാതെ താലൂക്ക് തലത്തിലെ പ്രവർത്തനങ്ങൾക്കും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കളക്ടർ ഡോ.അദീല അബ്ദുള്ളയാണ് ഐആർഎസിന് നേതൃത്വം നൽകുക. അഡീഷണൽ
ഡിസ്ട്രിക് മജിസ്ട്രേറ്റിനാണ് ( എ.ഡി.എം) ഇൻസിഡന്റ് കമാൻഡറുടെ ചുമതല. ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഡെപ്യൂട്ടി ഇൻസിഡന്റ് കമാൻഡറാണ്. ഓപ്പറേഷൻസ് വിഭാഗം മേധാവിയായി ജില്ലാ പൊലീസ് മേധാവി പ്രവർത്തിക്കും. ഡിസ്ട്രിക് മെഡിക്കൽ ഓഫീസർക്കാണ് സേഫ്റ്റി ഓഫീസറുടെ ചുമതല. ജില്ല ഇൻഫർമേഷൻ ഓഫീസർ മീഡിയ ഓഫീസറും അടിയന്തര പ്രവർത്തന
വിഭാഗം ഹസാർഡ് ഓഫീസർ ഇൻഫർമേഷൻ ഓഫീസറും ആയിരിക്കും. ദുരന്തനിവാരണ വിഭാഗം സെക്ഷനിലെ ജൂനിയർ സൂപ്രണ്ടാണ് ലെയസൺ ഓഫീസർ. ഗതാഗതച്ചുമതല ആർ.ടി.ഒയും പ്ലാനിംഗ് ചുമതല ഡിസ്ട്രിക് ഫയർ ഓഫീസറും വഹിക്കും.

താലൂക്ക് തലത്തിലും റെസ്പോൺസിബിൾ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.. മാനന്തവാടി താലൂക്കിൽ സബ്കളക്ടറും ബത്തേരി താലൂക്കിൽ
ആർ.ആർ ഡെപ്യൂട്ടി കളക്ടറും വൈത്തിരി താലൂക്കിൽ എൽ.ആർ ഡെപ്യൂട്ടി കളക്ടറുമാണ് റെസ്പോൺസിബിൾ ഓഫീസർമാർ. തഹസിൽദാർമാരാണ് ഇൻസിഡന്റ് കമാൻഡർമാർ. ദുരന്ത നിവാരണ നിയമത്തിന്റെ 6-ാം വകുപ്പ് പ്രകാരമാണ് ഐ.ആർ.എസ് രൂപവത്കരിച്ചത്.

## ഓൺലൈൻ ക്ലാസുകൾ ഫസ്റ്റ് ബെൽ പാഠശാല

**മാനന്തവാടി:** കോവിഡ് 19 പാശ്ചാത്തലത്തിൽ വിക്ടേഴ്സ് ചാനൽ വഴി ആരംഭിച്ച ഓൺലൈൻ ക്ലാസുകൾ മുഴുവൻ വിദ്യാത്ഥികൾക്കും ലഭ്യമാക്കുന്നതിനായി മാനന്തവാടി നഗരസഭ ആരംഭിച്ച ഫസ്റ്റ് ബെൽ - പ്രാദേശികപാഠശാലകളുടെ പ്രവർത്തനത്തിൽ പങ്കാളികളായും കേടുവന്ന ടെലിവിഷൻ സെറ്റുകൾ സൗജന്യമായി നന്നാക്കി നൽകുകയുമാണ് കേരള സ്റ്റേറ്റ് ഇലക്ട്രോണിക് സ് സർവീസ് ടെക്നീഷ്യൻസ് അസോസിയേഷൻ. ഓൺലൈൻ പഠിതാക്കളായ വിദ്യാർത്ഥികളുടെ വീടുകളിൽ നഗരസഭ ഹെൽപ്പ് ലൈനിൽ നിന്നുമറിയിക്കുന്ന മുറയ്ക്ക് വീടുകളിലെത്തിയും ടെലിവിഷനുകൾ സൗജന്യമായി റിപ്പയർ ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചു.



മാനന്തവാടി നഗരസഭ ആരംഭിച്ച ഫസ്റ്റ് ബെൽ - പ്രാദേശികപാഠശാലകളുടെ പ്രവർത്തനത്തിൽ പങ്കാളികളായും കേടുവന്ന ടെലിവിഷൻ സെറ്റുകൾ സൗജന്യമായി നന്നാക്കി നൽകുകയുമാണ്.

## മീനുകൾ ചത്ത് പൊന്തി

**വടകര** : മണിയൂർ പഞ്ചായത്തിലെ ചൊവ്വാപ്പുഴയോട് ചേർന്ന് യുവ സംരഭകർ നടത്തുന്ന മത്സ്യഫാമിലെ മീനുകൾ കൂട്ടത്തോടെ ചത്ത് പൊന്തിയ സംഭവത്തിൽ സമഗ്രാന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും കർഷകർക്ക് നഷ്ടപരിഹാരം നൽകണമെന്നും സിപിഐ എം. വടകര ഏരിയ കമ്മിറ്റി ആവശ്യപ്പെട്ടു.കരുവഞ്ചേരി ചരളും പുറത്ത് ഫിഷ് ഫാമിലാണ് ഏകദേശം 10 ലക്ഷം രൂപ മുതൽ മുടക്കി മാർച്ചിലാണ് ഒൻപത് അംഗങ്ങൾ അടങ്ങുന്ന സംഘം മത്സ്യ കൃഷി തുടങ്ങിയത്. മൂന്ന് മാസങ്ങൾക്ക് മുമ്പ് 1 ലക്ഷം രൂപ മുടക്കി സ്വകാര്യ സംരംഭകരിൽ നിന്ന് വാങ്ങിയ പതിനായിരം കരിമീൻക്കുഞ്ഞുങ്ങളാണ് ചത്ത് പൊങ്ങിയത്.

## ലൈഫ് പദ്ധതി രേഖകൾ ഹാജരാക്കാൻ അവസരം

കൽപ്പറ്റ:നിലവിലുള്ള ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് അർഹത തെളിയിക്കുന്ന രേഖകൾ സമർപ്പിക്കാൻ കഴിയാത്തവർക്ക് വീണ്ടും അവസരം നൽകുന്നു. ജൂൺ 8 മുതൽ 15 വരെ അതത് ഗ്രാമപഞ്ചാ യത്ത്/നഗരസഭകളിൽ റേഷൻ കാർഡ്, ആധാർകാർഡ്, സ്വന്തമായോ കുടുംബത്തിനോ ഭൂമി ഇല്ലെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അടക്കമുള്ള രേഖകൾ സമർപ്പിക്കാം. പട്ടികയിൽ ഉൾപ്പെട്ടവരിൽ ഈ കാലയളവിൽ സ്വന്തമായി ഭൂമി വാങ്ങിയവർ വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഒഴികെയുള്ള രേഖകൾ സമർപ്പിക്കണം. അർഹരായവരിൽ നിലവിൽ ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കും. ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അല്ലെങ്കിൽ ഫ്ളാറ്റ് അനുവദിക്കുമെന്ന് ജില്ലാ കോർഡിനേറ്റർ അറിയിച്ചു. ലൈഫ് മിഷൻ മൂന്നാംഘട്ട ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തി രേഖകൾ സോഫറ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യാത്ത ഗുണഭോക്താൾക്ക് ജൂൺ 8 മുതൽ 15 വരെ അപ്ഡേറ്റ് ചെയ്യാവുന്നതാണ്.

### ചിത്രങ്ങളിലൂടെ ശ്രദ്ധേയനാകുന്നു

മാനന്തവാടി :ലോക് ഡൗൺ കാലത്ത് വീട്ടിലിരുന്ന് മനോഹര ചിത്രങ്ങൾ വരച്ച് ശ്രീഹർഷ് എസ്. പ്രസാദ് ശ്രദ്ധേയനാകുന്നു. ദ്വാരക സ്വദേശികളായ പ്രസാദിന്റെയും സുനിതയുടെയും മകനാണ് മക്കിയാട് ഹോളിഫൈസ് സ്കൂൾ വിദ്യാർഥിയായ ശ്രീഹർഷ്. സൂപ്പർ സ്റ്റാറുകളുടേത് അടക്കം നിരവധി സിനിമാ
നടൻമാരെയും മറ്റു പ്രമുഖരുടെയും ചിത്രങ്ങൾ വരച്ചിട്ടുണ്ട്. ഓഡറുകൾ സ്വീകരിച്ചും ചിത്രങ്ങൾ വരച്ച് കൊടുക്കുന്നുണ്ട്. നിരവധി ജില്ലാ സംസ്ഥാന മത്സരങ്ങളിൽ സമ്മാനാർഹനാ ശ്രീഹർഷ് കഴിഞ്ഞ വർഷം അഖില കേരള ബാലജനസഖ്യം ചിത്രരചനാമത്സരത്തിൽ ഒന്നാം സ്ഥാനവും നേടിയിട്ടുണ്ട്. ചിത്രരചനക്കു പുറമെ നാടോടി നൃത്തം, സംഗീതം എന്നിവയിലും ഈ മിടുക്കൻ തന്റെ മികവ് തെളിയിച്ചിട്ടുണ്ട്.

### യുഡിഎഫ് സമരം നടത്തി

ബത്തേരി:റിസോർട്ട് നിർമ്മാണത്തിലുണ്ടായിരുന്ന കോവിഡ് ബാധിതരുമായി സമ്പർക്കത്തിലേർപ്പെട്ട മുനിസിപ്പൽ ചെയർമാനും കൗൺസിലർമാരും ക്വാറന്റീനിൽ പോകാൻ തയ്യാറാവണം എന്നാവശ്യപ്പെട്ട് യു ഡി എഫ് മുനിസിപ്പൽ കമ്മറ്റിയുടെ നേതൃത്വത്തിൽ മുനിസിപ്പാലിറ്റി ഓഫീസിന് മുന്നിൽ സമരം നടത്തി.ഒരു തവണ ലോഡിറക്കാൻ പോയ കയറ്റിറക്ക് തൊഴിലാളികൾക്കും റോഡ് പണിയിലേർപ്പെട്ടവർക്കും ക്വാറന്റീൻ നിർദ്ദേശിക്കപ്പെട്ടപ്പോൾ റോഡ് പണി നിരീക്ഷിക്കാനും റിസോർട്ടിലും നിരന്തരം പോയ ചെയർമാനും കൂട്ടർക്കും മറ്റൊരു നിയമം എന്നത് അംഗീകരിക്കാനാവില്ലെന്നും യുഡിഎഫ് .ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി ഇവർക്ക് കർശനമായ നിർദ്ദേശം നൽകാൻ ആരോഗ്യ വകുപ്പ് തയ്യാറാവണം. മുനിസിപ്പൽ കമ്മറ്റി ചെയർമാൻ ഷബീർ അഹമ്മദ് ഉത്ഘാടനം ചെയ്തു. കൺവീനർ ബാബു പഴുപ്പത്തൂർ, സക്കരിയ മണ്ണിൽ, റ്റിജി ചെറുതോട്ടിൽ, ഇബ്രാഹിം തൈത്തൊടി, നൗഫൽ കൈപ്പഞ്ചേരി പ്രസംഗിച്ചു.

### രണ്ട് പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു

കൽപ്പറ്റ:ജില്ലയിൽ രണ്ട് പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. എടവക പഞ്ചായത്ത് പരിധിയിലെ 30 വയസ്സുകാരനും 47 കാരിയായ തമിഴ്നാട് ഗൂഡല്ലൂർ സ്വദേശിനിക്കുമാണ് ജില്ലയിൽ കോവിഡ് സ്ഥിരീകരിച്ചത്. എടവക സ്വദേശി മാലദ്വീപിൽ നിന്നും തിരിച്ചെത്തിയതാണ്. തമിഴ്നാട് സ്വദേശി നി ദുബായിൽ നിന്നും മേയ് 17 ന് കോഴിക്കോട് വിമാനത്താവളം വഴി ജില്ലയിലെത്തിയതാണ്. ഇരുവരും കൽപ്പറ്റയിലെ സ്വകാര്യ ഹോട്ടലിൽ നിരീക്ഷണത്തിൽ കഴിയുകയായിരുന്നു.

# കൊറോണ: നിരീക്ഷണത്തിൽ 9446 പേർ

**കണ്ണൂർ:** കൊറോണ ബാധ സംശയിച്ച് ജില്ലയിൽ നിരീക്ഷണത്തിലുള്ളത് 9446 പേർ. ഇവരിൽ 200 പേർ ആശുപത്രിയിലും 9246 പേർ വീടുകളിലുമാണ് നിരീക്ഷണത്തിൽ കഴിയുന്നത്.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ 52 പേരും, കണ്ണൂർ ജില്ലാശുപത്രിയിൽ 30 പേരും അഞ്ചരക്കണ്ടി കോവിഡ് ട്രീറ്റ്മെന്റ് സെന്ററിൽ 91 പേരും തലശ്ശേരി ജനറൽ ആശുപത്രിയിൽ 27 പേരുമാണ് ചികിത്സയിലുള്ളത്.

ഇതുവരെ 8133 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 7542 എണ്ണത്തിന്റെ ഫലം വന്നു. ഇതിൽ 7110 എണ്ണം നെഗറ്റീവാണ്. 591 എണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്.

# പൊതു മരാമത്ത് ഓഫീസിനു മുന്നിൽ യൂത്ത് കോൺഗ്രസ് ധർണ്ണ

**പഴയങ്ങാടി.** എരിപുരം.. പാലക്കോട് റോഡ് ടാറിംഗിലെ അപാകതകൾ പരിഹരിക്കുക,റോഡ് വളവുലിലെ അപകടാവസ്ഥ ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചു യൂത്ത് കോൺഗ്രസ് മാടായി മണ്ഡലം കമ്മിറ്റി എരിപുരത്തെ മാടായി പൊതു മരാമത്തു ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. യൂത്ത് കോൺഗ്രസ് കാസർഗോഡ് പാർലിമെന്റ് മണ്ഡലം മുൻ ജനറൽ സെക്രട്ടറി എ. വി. സനിൽ ഉദ്ഘാടനം ചെയ്തു. കല്യാശ്ശേരി നിയോജക മണ്ഡലം പ്രസിഡന്റ് സുധീഷ് വെള്ളച്ചാൽ അധ്യക്ഷത വഹിച്ചു. മാടായിബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് പി. പി. കരുണാകരൻ, മാടായി മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് സുധീർ വെങ്ങര, യൂത്ത് കോൺഗ്രസ് നേതാക്കളായ ജിജേഷ് ചൂട്ടാട്, കെ. ഇ. മുഹമ്മദ് റാഹിബ്, കെ. അഫ്സൽ, കെ.. വി. സൂരജ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് നിവേദനവും നൽകി. പൊലീസ് സ്ഥലത്ത് ഉണ്ടായിരുന്നു.

# കെ.എസ് യു നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണ പരിപാടി

**കണ്ണൂർ:**ലോക പരിസ്ഥിതി ദിനാചരത്തോടനുബന്ധിച്ച് കെ.എസ് യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു.

ജില്ലാതല ഉദ്ഘാടനം വാരം കടവിൽ കണ്ടൽ തൈകൾ നട്ട് കൊണ്ട് കണ്ണൂർ കോർപ്പറേഷൻ മേയർ സുമാ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കരുതലേകാം സംരക്ഷിക്കാം എന്ന മുദ്രാവാക്യമുയർത്തിയുള്ള കെ.എസ്.യു വിന്റെ പരിസ്ഥിതി ദിനാചരണ പരിപാടികളുടെ ഭാഗമായി ഇന്ന് നിയോജക മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ പതിനായിരം വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുകയും പ്രാദേശിക യൂണിറ്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വീടുകൾ കേന്ദ്രീകരിച്ച് ഫല വൃക്ഷത്തൈകളുടെ വിതരണവും നടക്കും.

ലോകം കോവിഡ് ഭീതിയിലാണെങ്കിലും പരിസ്ഥിതിയെ സംബന്ധിച്ച് ഏറെ ആശ്വാസകരമായതും മലിനീകരണം ഏറ്റവും കുറഞ്ഞതുമായ ഒരു സാഹചര്യമാണ് ഇന്ന് നിലനിൽക്കുന്നത് അത് കൊണ്ട് തന്നെ നിലവിലെ ഈ അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വരും തലമുറക്കായി പ്രകൃതിയെ സംരക്ഷിച്ച് നിർത്താൻ വിദ്യാർത്ഥികളും യുവാക്കളും മുന്നിട്ടിറക്കണമെന്നും പരിപാടി ഉദ്ഘാടനം ചെയ്ത് കൊണ്ട് മേയർ സുമാ ബാലകൃഷ്ണൻ പറഞ്ഞു.

ചടങ്ങിൽ കെ.എസ്.യു ജില്ലാ പ്രസിഡണ്ട് പി മുഹമ്മദ് ഷമ്മാസ് അധ്യക്ഷത വഹിച്ചു.അഭിജിത്ത് സി.ടി,ഷിബിൻ ഷിബു മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് പാർത്ഥൻ ചെങ്ങാട്ട്, ഫർഹാൻ മുണ്ടേരി, റിബിൻ സി.എച്ച്, ഹരികൃഷ്ണൻ പാലാട്, സാരംഗ് മുരളി, നൗഫൽ വാരം, സംജാദ് തുടങ്ങിയവർ പ്രസംഗിച്ചു.



കെ.എസ്.യു.വിന്റെ ലോക പരിസ്ഥിതി ദിനാചരണം കണ്ണൂർ മേയർ സുമാ ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

## മന്ത്രി രാജിവെക്കണം: ബി.ജെ.പി. പ്രവർത്തകർ മാർച്ച് നടത്തി

**കണ്ണൂർ:** മണൽ മാഫിയക്ക് കൂട്ടുനിൽക്കുന്ന മന്ത്രി ഇ പി ജയരാജനും, സണ്ണി ജോസഫ് എം.എൽ.എയും രാജിവയക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി.പ്രവർത്തകർ മാർച്ച് നടത്തി. കാൽടെക്ക് ജങ്ക്ഷനിൽ അവർ മന്ത്രി യുടെയും എം.എൽ എയുടെയും കോലങ്ങൾ കത്തിച്ചു. തുടർന്നു ചേർന്ന യോഗത്തിൽ ബി.ജെ.പി ജില്ലാ പ്രസിഡന്റ് എൻ ഹരിദാസ് ഉദ്ഘാടനം ചെയ്തു: ജനറൽ സെക്രട്ടറി കെ.കെ.വിനോദ് കുമാർ അധ്യക്ഷനായിരുന്നു. ബിജു എളക്കുഴി, പി.ആർ.രാജൻ, അരുൺ കൈതപ്രം ,അർച്ചന വണ്ടിച്ചൽ, അർജുനൻ മാവിലക്കണ്ടി, കെ രതീഷ്, സി.സി.രതീഷ്, കെ.പി ലത്തീഫ് നേതൃത്വം നൽകി.



മന്ത്രി ജയരാജനും സണ്ണി ജോസഫ് എം.എൽ.എയും രാജിവക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി.നടത്തിയ മാർച്ചും കോലം കത്തിക്കലും.

## ലോകപരിസ്ഥിതിദിനത്തിൽ കോൺഗ്രസ് നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും

കണ്ണൂർ: ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ കോൺഗ്രസ് കമ്മറ്റിയുടെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ കോൺഗ്രസ്സ് ഭാരവാഹികളും വീട്ട് വളപ്പിൽ വൃക്ഷതൈ വച്ച് പിടിപ്പിക്കും,

രാവിലെ മണ്ഡലം തലത്തിൽ പ്രധാനപ്പെട്ട കേന്ദ്രത്തിൽ വൃക്ഷതൈ നടുകയും തുടർന്ന് നേതാക്കളും സഹപ്രവർത്തകരും ചേർന്ന് പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയെടുക്കുകയും ചെയ്യുമെന്ന് ഡി.സി.സി പ്രസിഡന്റ് സതീശൻ പാച്ചേനി അറിയിച്ചു.

## സി.കെ.വിനീതിന്റെ ജഴ്സി ലേലത്തിന്

**കണ്ണൂർ:** ഫുട്ബാൾ താരം സി.കെ.വിനീതിന്റെ ജഴ്സി ലേലം ചെയ്യുന്നു. ലേലതുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്നതാണ്. ഡി.വൈ.എഫ്.ഐ. ജില്ലാ കമ്മറ്റിയാണ് ഇത് സംഘടിപ്പിക്കുന്നത്. ജഴ്സി ജില്ലാ സെക്രട്ടറി എം.ഷാജിർ ഏറ്റുവാങ്ങി. ആദ്യ ലേലത്തിൽ പങ്കെടുത്ത തൃക്കരിപ്പൂർ ടൌൺ എഫ്. സി, 13000 രൂപ വിളിച്ച് തുടക്കമിട്ടു. 12 വരെയാണ് ലേലം. പങ്കെടുക്കുന്നവർ 9567663 220 എന്ന നമ്പറിൽ ബന്ധപ്പെട്ടാൽ മതി.

## നിറുത്തിവയ്ക്കാൻ തീരുമാനിച്ചു

**കണ്ണൂർ:** കൊറോണഭയം മൂലം ബസുകളിൽ യാത്ര ചെയ്യാൻ യാത്രക്കാരില്ലാത്തതിനാൽ ബസ് സർവീസ് നിറുത്തിവയ്ക്കാൻ ബസ് ഓപ് റേറ്റേഴസ് ഓർഗനൈഷൻ യോഗം തീരുമാനിച്ചു. ഇന്ന് അർധരാത്രി മുതൽ നിറുത്തിവയ്ക്കും.

## സുഫല കേരളം പദ്ധതിയുടെ ഉൽഘാടനം

**കണ്ണൂർ:** ജൂൺ 5 പരിസ്ഥിതി ദിനം. സുഫല കേരളം പദ്ധതിയുടെ ഉൽഘാടനം കർഷകമോർച്ച കണ്ണൂർ ജില്ലയിൽ 1 ലക്ഷം ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നു

ജില്ലാതല ഉദ്ഘാടനം കണ്ണൂരിൽ രാവിലെ 10 മണിക്ക് ഉദ്ഘാടനം പി.കെ.കൃഷ്ണദാസ് ( ബി.ജെ.പി.ദേശീയ നിർവാഹക സമിതി അംഗം

അതോടൊപ്പം ജില്ലയിലെ 11 മണല കേന്ദ്രങ്ങളിലും ഉദ്ഘാടനം നടക്കുന്നു. കണ്ണൂർ - സി.സദാനന്ദൻ മാസ്റ്റർ. അഴീക്കോട് - സി കെ പദ്മനാഭൻ.തലശ്ശേരി–എൻ.ഹരിദാസ്ധർമ്മടം - കെ.കെ. വിനോദ് കുമാർതളിപ്പറമ്പ എ പി.ഗംഗാധരൻ. ഇരിക്കൂർ - ആനിയമ്മ രാജേന്ദ്രൻ. പേരാവൂർ – കെ.ജയപ്രകാശ്. പയ്യന്നൂർ - കെ.രഞ്ചിത്ത് കല്ല്യാശ്ശേരി -എ പി.അബ്ദുള്ളക്കുട്ടി മട്ടന്നൂർ - ബിജു ഏളക്കുഴി. കൂത്തുപറമ്പ-സത്യപ്രകാശൻ മാസ്റ്റർ ജില്ലാ കേന്ദ്രത്തിലും11 മണ്ഡല കേന്ദ്രങ്ങളിലും 72 പഞ്ചായത്ത് കേന്ദ്രങ്ങളിലും 12 മുൻസിപ്പൽ ഏരിയ കേന്ദ്രങ്ങളിലും 7 കോർപ്പറേഷൻ ഡി വിഷൻ ഏരിയ കേന്ദ്രങ്ങളിലും രാവിലെ 10 മണിക്ക് ബി ജെ പി , കിസാൻ മോർച്ച സംസ്ഥാന, ജില്ലാ, മണ്ഡലം നേതാക്കൾ ഉദ്ഘാടനം ചെയ്യും

## ലോക പരിസ്ഥിതി ദിനാചരണം: ഒരു ലക്ഷം തൈകൾ നടും

**കണ്ണൂർ :** ലോക പരിസ്ഥിതി ദിനാചരണം സംബന്ധിച്ച് സി.പി.എം. ഇന്ന് ജില്ലയിൽ ഒരു ലക്ഷം വൃക്ഷ തൈകൾ നടും.

**ട്രീ ചാലഞ്ച് :** ജൂൺ 5 മുതൽ 11 വരെയുള്ള ദിവസങ്ങളിൽ ഒരു ഫലവൃക്ഷ തൈ, മര തൈ എന്നിവയിൽ ഒന്ന് നടുക. നടുന്നതിന്റെ ഫോട്ടോ എടുത്തു പോസ്റ്റ് ചെയ്യുക.അതിന്റെ സംരക്ഷണം നട്ടയാൾ തന്നെ ഏറ്റെടുക്കുക. എല്ലാ മാസത്തിലും ഒന്നാം തിയ്യതി നിർബന്ധമായും തൈയുടെ വളർച്ച കാണിക്കുന്ന ഫോട്ടോ എടുത്തു പോസ്റ്റ് ചെയ്യുക. അതല്ലാതെ ഇടക്കിടക്ക് ഫോട്ടോ പോസ്റ്റ് ചെയ്യാവുന്നതാണ്. ഒരു വർഷം കഴിഞ്ഞാൽ ഏറ്റവും നന്നായി വളർന്ന 3 തൈയുടെ ഉടമക്ക് സമ്മാനം നൽകും.കൂടുതൽ വിവരങ്ങൾക്ക് 7558059543 എന്നാ വാട്സ്ആപ് നമ്പറിൽ അയക്കുകയോ വിളിക്കുകയോ ചെയ്യുക

## കള്ളത്തോക്കുമായി വയോധികൻ പിടിയിൽ

**ഇരിട്ടി :** ആറളം ഫാമിൽ നടത്തിയവ്യാജവാറ്റ് റെയ്ഡിനിടെ നാടൻ തോക്കുമായി വയോധികൻ പോലീസിന്റെ പിടിയിലായി . ബ്ലോക്ക് 11 ൽ താമസിക്കുന്ന കുങ്കനെ (59) നെ യാണ് നാടൻ തിര തോക്കുമായി ആറളം സി ഐ സുധീർ കല്ലൻ, എസ്. ഐ കെ.പ്രകാശൻ, എ.എസ്. ഐ നാസർ എന്നിവരും സംഘവും പിടികൂടിയത് ഇയാളെ ചോദ്യം ചെയ്തു വരുന്നു .

# പ്രകൃതിസംരക്ഷണം ജീവിതചര്യയാക്കി മാറ്റണം കെ.സുധാകരൻ എം.പി

### യൂത്ത് കോൺഗ്രസ്സ് ബയോ കെയർ ചാലഞ്ച് ഇന്ന്

കണ്ണൂർ: മാനവരാശിയുടെ നിലനില്പിന് പ്രകൃതിസംരക്ഷണം ജീവിതചര്യയാക്കി മാറ്റണമെന്നും ഭൂമിയെ ഹരിതാഭമായി നിലനിർത്തേണ്ടത് വരും തലമുറയോട് കാണിക്കുന്ന നീതിയാണെന്നും കെ.സുധാകരൻ എം.പി.പറഞ്ഞു.

യൂത്ത് കോൺഗ്രസ്സ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ബയോ കെയർ ചാലഞ്ച് സ്വന്തം വീട്ടുമുറ്റത്ത് വൃക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൃക്ഷതൈ നടുകമാത്രമല്ല അതിനെ ഒരു വർഷം പരിപാലിച്ചു സംരക്ഷിക്കുന്നവർക്ക് ഉപഹാരം നൽകുന്നതിലൂടെ പരിസ്ഥിതി സംരക്ഷകരെ പ്രോത്സാഹിപ്പിക്കുന്ന പുതിയ ആശയമാണ് യൂത്ത് കോൺഗ്രസ്സ് മുന്നോട്ട് വെക്കുന്നതെന്നും ചാലഞ്ചിൽ എല്ലാവരും പങ്കെടുക്കണമെന്നും കെ.സുധാകരൻ എം. പി. പറഞ്ഞു

യൂത്ത് കോൺഗ്രസ്സ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ബയോ കെയർ ചാലഞ്ച് ഇന്ന് ആരംഭിക്കും.

ജില്ലയിലെ ആദ്യത്തെ ചാലഞ്ച് ഏറ്റെടുത്തുകൊണ്ട് കെ.സുധാകരൻ എം.പി സ്വന്തം വീട്ടുമുറ്റത്ത് ഫല വൃക്ഷതൈ കഴിഞ്ഞ ദിവസം നട്ടുകൊണ്ടായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്.

പരിപാടിയിൽ യൂത്ത് കോൺഗ്രസ്സ് നേതാക്കളായ സുദീപ് ജെയിംസ്, റിജിൽ മാക്കുറ്റി, കെ കമൽജിത്ത്, പിനിൽ മതുക്കോത്ത്, കെ.എസ് യു.ജില്ലാ പ്രസിഡന്റ് പി.മുഹമ്മദ് ഷമ്മാസ്, വരുൺ എം കെ, മുഹ്സിൻ കീഴ്ത്തള്ളി, റോബർട്ട് വെള്ളാംവെള്ളി, രാഹുൽ തുടങ്ങിയവർ പങ്കെടുത്തു.

ചലഞ്ചിൽ പങ്കെടുക്കുവാൻ വീട്ടിൽ വൃക്ഷതൈ നട്ട് അതിന്റെ ഫോട്ടോ 940010 1197 എന്ന വാട്ട്സാപ്പ് നമ്പറിലേക്ക് അയച്ചു കൊടുക്കുകയും പിന്നീട് ആ വൃക്ഷതൈ സംരക്ഷിച്ച് അടുത്ത ജൂൺ 5 ന് വൃക്ഷതൈയുടെ ഫോട്ടോ അയച്ച് നൽകുന്നവർക്ക് ഉപഹാരം കൂടി നൽകുന്ന രൂപത്തിലാണ് ബയോ കെയർ ചാലഞ്ച് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## കൊട്ടിയൂർ വൈശാഖോത്സവം: നെയ്യാട്ടം നടന്നു

**കൊട്ടിയൂർ :** അക്കരെ സന്നിധാനത്ത് വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങുകളിലൊന്നായ നെയ്യാട്ടം നടന്നു. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പത്ത് പേർ മാത്രമായിരുന്നു നെയ്യമൃത് കൊണ്ടുവന്നത്. സമുദായിയുടെ അനുവാദത്തോടെ നെയ്യമൃതിന് രാശി വിളിച്ചതോടെ ഉഷകാമ്പ്രം സ്ഥാനീകൻ ആദ്യം വില്ലിപ്പാലൻ വലിയ കുറുപ്പിന്റെ കലശപാത്രത്തിലെ നെയ്യും പിന്നീട് തമ്മേങ്ങാടൻ വലിയ നമ്പാരുടെ കലശപാത്രത്തിലെ നെയ്യും സ്വയംഭൂവിൽ അഭിഷേകം ചെയ്തു. തൃക്കപാലം നെയ്യമൃത് സംഘത്തിന്റെ നെയ്ക്കിണ്ടികളും ആടിയതോടെ നെയ്യാട്ട ചടങ്ങ് പൂർത്തിയായി.ഇന്ന് ഭണ്ഡാരം എഴുന്നള്ളത്ത് നടക്കും.കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്തജനങ്ങൾക്ക് പ്രവേശനമുണ്ടായിരിക്കില്ല.



## പരിസ്ഥിതി ദിനം: 8.2 ലക്ഷം ഫല വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കും

**കാസർകോട്:** ലോകപരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിൽ കൃഷി-വനം വകുപ്പുകളും ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ചേർന്ന് ജൂലൈ 31 നകം 8,22,860 ഫലവൃക്ഷതൈകൾ നട്ടു പിടിപ്പിക്കും. ഇതിൽ കൃഷി വകുപ്പിന്റെ 352860 ഫലവൃക്ഷ തൈകളും വനം വകുപ്പിന്റെ 410000 ഫലവൃക്ഷതൈകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 60,000 ഫലവൃക്ഷതൈകളും ആണ് നട്ടുപിടിപ്പിക്കുക.

ജൂൺ അഞ്ചിന് രാവിലെ ഒൻപതിന് കളക്ടറേറ്റ് വളപ്പിൽ വൃക്ഷതൈനട്ട് പരിസ്ഥിതി ദിനാഘോഷം എൻ എ നെല്ലിക്കുന്ന് എം എൽ എ ഉദ്ഘാടനം ചെയ്യും. ജൂൺ ഒന്നുമുതൽ ജൂലൈ 31 വരെ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിലും ജൂൺ ഒന്നു മുതൽ ജൂലൈ ഏഴ് വരെ സാമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിലും പരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി കൃഷി വകുപ്പ് ആദ്യഘട്ടമായി 1200 ഒട്ടുമാവിൻ തൈകളും 4000 ഒട്ടുസപ്പോട്ട തൈകളും 14800 പുളിതൈകളും 7300 മുരിങ്ങ തൈകളും 500 വീതം കറിവേപ്പില തൈകളും പപ്പായ തൈകളും 200 പേര തൈകളും, 10500 പ്ലാവിൻ തൈകളും ഉൾപ്പെടെയുള്ള 1,01,585 തൈകൾ വിതരണം ചെയ്യും. ഇതുകൂടാതെ വനം വകുപ്പ് 77750 പേര, 54250 സീതാപ്പഴം, 32650 നെല്ലി, 24300 പുളിതൈകൾ എന്നിവ ദേശീയ തൊഴിലുറപ്പ് തൊഴിലാളികളുമായി സഹകരിച്ച് നട്ടുപിടിക്കും. ഇതിന് പുറമേ വനം വകുപ്പ് 2000 ഫലവൃക്ഷ തൈകൾ നാല് ആദിവാസി കോളനികളിലും 2400 ഫലവൃക്ഷ തൈകൾ വനസംരക്ഷണസമിതിയുടെ നേതൃത്വത്തിലും നടും.ആദ്യഘട്ടത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 10,000 ഫലവൃക്ഷ തൈകളാണ് നട്ടു പിടിപ്പിക്കുന്നത്.

ഫലവൃക്ഷതൈകൾ പൊതുയിടങ്ങളിലാവും നട്ടുപിടിപ്പിക്കുക. കഴിഞ്ഞവർഷം നട്ട തൈകളുടെ കാര്യത്തിൽ ശരിയായ രീതിയിൽ പരിപാലനം നടക്കാത്തതിനാൽ, ഇത്തവണ ഇനം തിരിച്ചുള്ള തോട്ടം വികസിപ്പിച്ചെടുക്കുയെന്നതാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി പുളിമരത്തോട്ടങ്ങൾ, സപ്പോട്ടാ തോട്ടങ്ങൾ, പപ്പായ തോട്ടങ്ങൾ, സീതാ പഴത്തോട്ടങ്ങൾ തുടങ്ങിയവ വികസിപ്പിച്ചെടുക്കും. പഞ്ചായത്തുകൾക്കായിരിക്കും ഇതിന്റെ മേൽനോട്ടം.

# ജില്ലയിൽ 12 പേർക്ക് കൂടി കോവിഡ്

**കാസർഗോഡ് :** മൂന്ന് സ്ത്രീകളുൾപ്പെടെ ജില്ലയിൽ ഇന്ന് (ജൂൺ നാല്) 12 പേർക്ക് കൂടി കോവിഡ് 19 സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ചവരിൽ ആറ് പേർ മഹാരാഷ്ട്രയിൽ നിന്നും അഞ്ച് പേർ വിദേശത്ത് നിന്നുമെത്തിയവരാണ്. ഒരാൾക്ക് സമ്പർക്കത്തിലൂടെയുമാണ് രോഗം സ്ഥിരീകരിച്ചത്. നിലവിൽ കോവിഡ് ചികിത്സയിലുള്ളത് 109 രോഗികളാണ്.

ജൂൺ ഒന്നിന് മഹാരാഷ്ട്രയിൽ നിന്ന് ബസിന് വന്ന 50 വയസുള്ള മംഗൽപാടി പഞ്ചായത്ത് സ്വദേശിയ്ക്കും ഇദ്ദേഹത്തിന്റെ 16 വയസ്സുള്ള മകൾ, മെയ് 22 ന് മഹാരാഷ്ട്രയിൽ നിന്ന് ബസിന് വന്ന 44 വയസുള്ള പടന്ന പഞ്ചായത്ത് സ്വദേശി, ജൂൺ ഒന്നിന് മഹാരാഷ്ട്രയിൽ നിന്ന് ബസിന് വന്ന 42 വയസുള്ള ചെങ്കള പഞ്ചായത്ത് സ്വദേശി, മെയ് 24 ന് മഹാരാഷ്ട്രയിൽ നിന്ന് ബസിന് വന്ന 48 വയസ്സുള്ള വലിയപറമ്പ് സ്വദേശി (ഇദ്ദേഹം മഹാരാഷ്ട്രയിൽ നിന്നും വന്നിട്ടുള്ള സുഹൃത്തിനോടൊപ്പം പടന്നയിൽ ആണ് താമസിച്ചിരുന്നത്), മെയ് 18 ന് മഹാരാഷ്ട്രയിൽ നിന്ന് ബസിന് വന്ന 21 വയസുള്ള മംഗൽപാടി സ്വദേശിനി എന്നിവർക്കും മെയ് 19 ന് കുവൈത്തിൽ നിന്നെത്തിയ 34 വയസുള്ള നീലേശ്വരം നഗരസഭാ സ്വദേശി, മെയ് 28 ന് കുവൈത്തിൽ നിന്നെത്തിയ 24 വയസുള്ള പുല്ലൂർ പെരിയ പഞ്ചായത്ത് സ്വദേശി, മെയ് 28 ന് കുവൈത്തിൽ നിന്നെത്തിയ 25 വയസുള്ള അജാനൂർ പഞ്ചായത്ത് സ്വദേശി, മെയ് 29 ന് ദുബായിൽ നിന്നെത്തിയ 21 വയസുള്ള ചെമ്മനാട് പഞ്ചായത്ത് സ്വദേശിനി, മെയ് 31 ന് ഷാർജയിൽ നിന്നെത്തിയ 48 വയസുള്ള ഉദുമ പഞ്ചായത്ത് സ്വദേശിയ്ക്കും സമ്പർക്കം വഴി 25 വയസുള്ള കാസർകോട് നഗരസഭാ സ്വദേശിക്കുമാണ് രോഗം സ്ഥിരീകരിച്ചത്. വീടുകളിൽ 3269 പേരും സ്ഥാപനങ്ങളിൽ 671 പേരുമുൾപ്പെടെ ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 3940 പേരാണ്. 739 പേരുടെ സാമ്പിളുകളുടെ പരിശോധനാ ഫലം ലഭിക്കാനു്. പുതിയതായി ആശുപത്രികളിലും കോവിഡ് കെയർ സെന്ററുകളിലുമായി 255 പേരെ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചു.




## മലയോരത്ത് കരുതലായി മോട്ടോർ വാഹന വകുപ്പ്

**വെള്ളരിക്കുണ്ട്:** വെള്ളരിക്കുണ്ട് ജോ. ആർ ടി ഓഫീസിന്റെ നേതൃത്വത്തിൽ പൊതുവാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് കൊവിഡ് 19 പ്രതിരോധത്തിന് സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് ബോധവൽക്കരണം നടത്തി. നിർദ്ദേശങ്ങൾ അടങ്ങിയ വകുപ്പിന്റെ നോട്ടീസുകൾ വാഹനങ്ങളിൽ പതിച്ചു. ഡൈവർമാർക്ക് സജി മറ്റത്തിൽ സ്പോൺസർ ചെയ്ത തുണി മാസ്കുകൾ വിതരണം ചെയ്തു. ബളാൽ ഗ്രാമ പഞ്ചായത്ത് അംഗം ടോമി വട്ടിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു.ജോയിന്റ് ആർ ടി ഒ എം. വിജയൻ, എ.എം വിമാരായ വി ജെ സാജു, കെ. സബിൻ, ഡ്രൈവർ വിശ്വനാഥൻ എന്നിവർ നേതൃത്വം നൽകി.



ഡ്രൈവർമാർക്ക് മാസ്ക്ക് വിതരണം ഉദ്ഘാടനം ബളാൽ പഞ്ചായത്തംഗം ടോമി വെട്ടിക്കാട്ടിൽ നിർവ്വഹിക്കുന്നു

## കുണ്ടംകുഴി ഗവ. ഹയർ സെക്കൻഡറി സ്കൂളിന് എൽ. ബി. എസ് കോളേജ് വക സാനിറ്റൈസർ യന്ത്രം

**കാസർകോട്:** കുണ്ടംകുഴി ഗവ.ഹയർ സെക്കൻഡറി സ്കൂളിന് കാസർകോട് എൽ.ബി.എസ് കോളേജ് കാലുകൊണ്ടു പ്രവർത്തിക്കാവുന്ന സാനിറ്റൈസർ യന്ത്രം സ്നേഹ സമ്മാനമായി നൽകി. കോളേജിലെ വിദ്യാർഥിയായ ശ്രീനിവാസ പൈയാണ് യന്ത്രം രൂപകല്പന ചെയ്തത്. കോളേജിന്റേയും കോളേജ് പി.ടി.എ യുടേയും നേതൃത്വത്തിലാണ് സ്കൂളിന് യന്ത്രം കൈമാറിയത്. കോളേജ് പി.ടി.എ എക്സി.അംഗം പി.കെ ജയരാജനിൽ നിന്ന് സ്കൂൾ പി.ടി.എ പ്രസിഡന്റ് സുരേഷ് പായം, പ്രധാനധ്യാപകന്റെ ചുമതല വഹിക്കുന്ന പി. ഹാഷിം എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. എസ്.എം.സി ചെയർമാൻ എം.രഘുനാഥ്, എം.വി വേണുഗോപാൽ, കെ.പുഷ്പരാജൻ, കോളേജ് പ്രതിനിധി കെ.കുമാരൻ എന്നിവർ സംബന്ധിച്ചു.



കുണ്ടംകുഴി ഗവ.ഹയർ സെക്കൻഡറി സ്കൂളിന് എൽ.ബി. എസ് കോളേജ് വക സാനിറ്റൈസർ യന്ത്രംനൽകുന്നു

## മാസ്ക് ധരിക്കാത്തതിന് പിഴ: ഇന്നലെ 128 പേർക്കെതിരെ കേസെടുത്തു



**കാസർഗോഡ്:** മാസ്ക് ധരിക്കാത്തതിന് ജില്ലയിൽ ജൂൺ മൂന്നിന് 128 പേർക്കെതിരെ കേസെടുത്തു. ഇതോടെ ജില്ലയിൽ ഇതുവരെ മാസ്ക് ധരിക്കാത്തതിന് കേസ് എടുത്ത് പിഴ ചുമത്തിയവരുടെ എണ്ണം 4532 ആയി.

നിരോധനം ലംഘിച്ച് യാത്ര ചെയ്തതിന് ജില്ലയിൽ ഇതുവരെ 2568 കേസുകൾ രജിസ്റ്റർ ചെയ്തു. 3236 പേരെ അറസ്റ്റ് ചെയ്തു. 1102 വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തു. ലോക്ഡൗൺ നിർദ്ദേശ ലംഘനവുമായി ബന്ധപ്പെട്ട് (ഇന്നലെ) ജൂൺ മൂന്നിന് അഞ്ച് കേസുകളാണ് രജിസ്റ്റർ ചെയ്തത്. ആദൂർ(1), മേൽപ്പറമ്പ (1), ബേക്കൽ (1), നീലേശ്വരം (1), ചന്തേര(1), എന്നീ സ്റ്റേഷനുകളിലാണ് കേസുകൾ രജിസ്റ്റർ ചെയ്തത്. വിവിധ കേസുകളിലായി 6 പേരെ അറസ്റ്റ് ചെയ്തു. മൂന്ന് വാഹനങ്ങൾ കസ്റ്റഡിയിലെടുത്തു.

## കോവിഡ് സ്ഥിരീകരിച്ച 12 പേരിൽ 3 പേർ സ്ത്രീകൾ

**കാസർകോട്:** കാസർകോട്ട് വ്യാഴാഴ്ച കോവിഡ് സ്ഥിരീകരിച്ച 12 പേരിൽ മൂന്നു പേർ സ്ത്രീകൾ. ഒരു യുവാവിന് സമ്പർക്കത്തിലൂടെയും കോവിഡ് സ്ഥിരീകരിച്ചു. ആറ് പേർ മഹാരാഷ്ട്രയിൽ നിന്നും അഞ്ച് പേർ വിദേശത്ത് നിന്നുമെത്തിയവരാണ്. നിലവിൽ കോവിഡ് ചികിത്സയിലുള്ളത് 109 രോഗികളാണ്. വീടുകളിൽ 3269 പേരും സ്ഥാപനങ്ങളിൽ 671 പേരുമുൾപ്പെടെ ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 3940 പേരാണ്. 739 പേരുടെ സാമ്ബിളുകളുടെ പരിശോധനാ ഫലം ലഭിക്കാനുണ്ട്. പുതിയതായി ആശുപത്രികളിലും കോവിഡ് കെയർ സെന്ററുകളിലുമായി 255 പേരെ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചു.

## ഉയർന്ന തിരമാല സാധ്യത മുന്നറിയിപ്പ്

**കാസറഗോഡ് :** 2020 ജൂൺ 5 ന് രാത്രി 11.30 വരെയുള്ള സമയത്ത് കാസറഗോഡ് മുതൽ പൊഴിയൂർ വരെയുള്ള കേരള തീരത്ത് 2 മുതൽ 3.5 മീറ്റർ വരെ ഉയരത്തിൽ തിരമാലക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന കേന്ദ്രം (INCOIS) അറിയിച്ചു. തീരദേശവാസികൾ ജാഗ്രത പാലിക്കണം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം ലരേ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക.



**കാസർഗോഡ് :** ജില്ലാ കളക്ടർ ഡോ. ഡി.സജിത് ബാബു ജില്ലാ പോലീസ് മേധാവി ഡി.ശിൽപ എന്നിവർ കാലിക്കടവ് അതിർത്തി ചെക്ക് പോസ്റ്റ് സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുന്നു

## കഞ്ചാവ് കേസ്: കസ്റ്റടിയിൽനിന്ന് ചാടിപോയ പ്രതികളെ പിടിച്ചു

**രാജപുരം:** കഞ്ചാവ് കടത്ത് കേസിൽ അറസ്റ്റിലായി റിമാൻഡിന്റെ ഭാഗമായി ആശുപത്രി വാർഡിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന രണ്ട് പ്രതികൾ ടോയ്‌ലറ്റിന്റെ ജനൽ ഇളക്കി മാറ്റി ചാടിപോയി. പ്രതികൾക്ക് വേണ്ടി പോലീസും ജയിൽ അധികൃതരും തിരച്ചിൽ ആരംഭിക്കുകയും മണിക്കൂറുകൾക്കുള്ളിൽ പ്രതികൾ പിടിയിലാവുകയും ചെയ്തു.

ബുധനാഴ്ച രാത്രി ഏഴ് മണിക്കും എട്ട് മണിക്കും ഇടയിൽ രാജപുരം പൂടങ്കല്ല് ആശുപത്രിയിലാണ് സംഭവം. തലശ്ശേരി ധർമ്മടത്തെ സൽമാൻ മിൻഹാജ് (26), കണ്ണൂർ മുഴപ്പിലങ്ങാട്ടെ അർഷാദ് (23) എന്നിവരാണ് രക്ഷപ്പെട്ടത്. കഞ്ചാവ് കടത്തുകയായിരുന്ന മൂന്ന് പേരെ കുമ്പള പോലീസാണ് തിങ്കളാഴ്ച രാത്രിയോടെ പിടികൂടിയത്. ഇവരോടൊപ്പം അറസ്റ്റിലായ കുമ്പള മുഗു റോഡിലെ മുഹമ്മദ് ശരീഫ് (20) ആശുപത്രിയിൽ തന്നെയുണ്ടായിരുന്നു. കോവിഡ് കാലമായതിനാൽ ജില്ലയിൽ എല്ലാ കേസിലും അറസ്റ്റിലാകുന്ന പ്രതികളെ റിമാൻഡ് ചെയ്ത് നിരീക്ഷത്തിനായി പൂടങ്കല്ല് ആശുപത്രി വാർഡിൽ പ്രവേശിപ്പിക്കുകയാണ് ചെയ്യുന്നത്. നിരീക്ഷണ കാലാവധി കഴിഞ്ഞവരെ മാത്രമാണ് കാഞ്ഞങ്ങാട്ടെ ജില്ലാ ജയിലിലേക്കും മറ്റും മാറ്റുന്നത്. വീഡിയോ കോൺഫറൻസ് വഴിയാണ് മജിസ്ട്രേറ്റുമാർ റിമാൻഡ് ചെയ്ത് നിരീക്ഷണത്തിനയക്കുന്നത്. കാസർകോട്, കാഞ്ഞങ്ങാട്, ചീമേനി ജയിലുകളിൽ നിന്ന് മൂന്ന് ജയിൽ ഉദ്യോഗസ്ഥരാണ് പൂടങ്കല്ല് ആശുപത്രിയിൽ പ്രതികൾക്കായി കാവലുള്ളത്.

ഇവർ വാർഡ് പുറമെ നിന്നും പൂട്ടി കാവലിരിക്കുകയായിരുന്നു. രാത്രി എട്ട് മണിയോടെ പ്രതികളുടെ കണക്കെടുത്തപ്പോഴാണ് രണ്ട് പേർ ചാടി പോയ വിവരം അറിയുന്നത്. ജനറൽ വാർഡിൽ ഏഴ് റിമാൻഡ് തടവുകാരാണ് നിരീക്ഷണത്തിൽ ഉണ്ടായിരുന്നത്. പ്രതികൾ രക്ഷപ്പെട്ടതായി അറിഞ്ഞതോടെ തിരച്ചിൽ ഊർജിതമാക്കുകയും രാജപുരം ചുള്ളിക്കരയിൽ വെച്ച് പിടിയിലാവുകയുമായിരുന്നു.

ഗൾഫ് വാർത്തകൾ



## സൗദിയിൽ നിന്നും കെഎംസിസി ചാർട്ടേഡ് വിമാനം സജ്ജം;
# ആദ്യ വിമാനം ഇന്ന് കോഴിക്കോട്ടേക്ക്

**റിയാദ്:** സൗദിയിൽ നിന്നും കെഎംസിസി ചാർട്ടേഡ് വിമാനം സജ്ജമായി. ആദ്യ വിമാനംഇന്ന് റിയാദിൽ നിന്നും പുറപ്പെടുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. റിയാദ് സെൻട്രൽ കമ്മിറ്റി കെഎംസിസി ചാർട്ടർ ചെയ്ത സ്പൈസ് ജെറ്റിന്റെ ബോയിംഗ് 737 വിമാനമാണ് ഇന്ന് വൈകുന്നേരം സൗദി സമയം 5:30 ന് റിയാദ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും കോഴിക്കോട്ടേക്ക് പറന്നുയരുക.

ശനിയാഴ്ച പുലർച്ചെ ഒരു മണിയോടെയാണ് വിമാനം കോഴിക്കോട് വിമാനത്താവളത്തിലെത്തിച്ചേരുക. 160 യാത്രക്കാർക്കാണ് യാത്രാ സൗകര്യം ലഭ്യമാകുന്നത്. യാത്രക്കാർ ഉച്ചക്ക് ഒന്നര മണിക്ക് മുമ്പേ വിമാനത്താവളത്തി ലെത്തിച്ചേരണമെന്നും 25 കിലോ ഭാരമുള്ള ബാഗേജും 7 കിലോ ഭാരമുള്ള ഹാൻഡ് ബാഗേജുമാണ് യാത്രക്കാർ കരുതേണ്ടതെന്നും ബന്ധപ്പെട്ടവർ അറിയിച്ചു.

ഗർഭിണികളെയും രോഗികളെയും ഉൾപ്പെടുത്തിയാണ് മുൻ ഗണനാ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ, ഹൃദ്രോഗികൾ, കിഡ്നി, കാൻസർ രോഗികൾ തുടങ്ങി വിട്ടുമാറാത്ത അസുഖങ്ങൾ കൊണ്ട് പ്രയാസപ്പെടുന്നവരും ആദ്യ വിമാനത്തിൽ ഇടം നേടിയിട്ടുണ്ട്. നേരത്തെ ഇന്ത്യൻ എംബസിയിൽ രജിസ്റ്റർ ചെയ്തവരിൽ അടിയന്തിരമായി നാട്ടിലെത്തേണ്ടവരെയാണ് ആദ്യ യാത്രക്കായി പരിഗണിച്ചിരിക്കുന്നത്. കെ.എം.സി.സി സെൻട്രൽ കമ്മിറ്റി ഇതിനായി പ്രത്യേക രജിസ്ട്രേഷനും നടത്തിയിരുന്നു. സൗദി ആരോഗ്യ മന്ത്രാലയത്തിന്റെ കർശനമായ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും സർവ്വീസ് നടത്തുക.

കോവിഡ് വ്യാപനത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ വിമാന സർവ്വീസിന് വേണ്ടി കമ്മിറ്റി ശ്രമം തുടങ്ങിയിരുന്നുവെന്നും കേന്ദ്ര, സംസ്ഥാന സർക്കാറുകളും ഇന്ത്യൻ എംബസിയുമായും നിരന്തരം ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് വിമാനത്തിന് അനുമതി ലഭിച്ചതെന്നും റിയാദ് കെ.എം.സി.സി സെൻ ട്രൽ കമ്മിറ്റി പ്രസിഡണ്ട് സി.പി.മുസ്തഫ പറഞ്ഞു. കൂടുതൽ വിമാനങ്ങൾ വേണമെന്ന് കമ്മിറ്റി ആവശ്യമുന്നയിച്ചിട്ടുണ്ട്. ഇത് പ്രകാരമുള്ള നടപടികൾ നടന്നു വരികയുമാണ്. ഈയിടെയായി കോവിഡ് ബാധിച്ചും ഹൃദയാഘാതം മൂലവും റിയാദിൽ നിരവധി മലയാളികളടക്കമുള്ളവർ മരിച്ചത് പലരെയും മാനസികമായി തളർത്തിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

അക്ബർ ട്രാവൽസ് ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് റിയാദ് കെ.എം.സി.സി ചാർട്ടേർഡ് വിമാന സർവ്വീസ് നടത്തുന്നത്. കൂടുതൽ വിമാന സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനുള്ള ഒരുക്കങ്ങൾ നടന്നു വരികയാണെന്ന് അക്ബർ ട്രാവൽസ് ഓഫ് ഇന്ത്യ റീജ്യണൽ മാനേജർ യൂനുസ് പടുങ്ങൽ അറിയിച്ചു. കെഎംസിസി ചാർട്ടേഡ് വിമാനങ്ങൾ കൂടി സൗദിയിൽ നിന്നും ഒരുങ്ങുന്നതോടെ കൂടുതൽ മലയാളികൾക്ക് ഇന്ത്യയിൽ നാടുകളിൽ എത്തിച്ചേരാനാകും.

# വന്ദേ ഭാരത് : ഒമാനിൽ നിന്ന് എട്ട് വിമാനങ്ങൾ

**മസ്ക്കറ്റ് :** കോവിഡ് വ്യാപനത്തെ തുടർന്ന് വിദേശത്ത് കുടുങ്ങിയ ഇന്ത്യൻ പ്രവാസികളെ നാട്ടിലെത്തിക്കുന്നതിനുള്ള വന്ദേ ഭാരത് പദ്ധതിയുടെ ഭാഗമായി ഒമാനിൽ നിന്നുള്ള നാലാം ഘട്ട സർവീസുകൾ പ്രഖ്യാപിച്ചു. കേരളത്തിലേക്ക് എട്ട് വിമാനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ രണ്ടും രണ്ടാം ഘട്ടത്തിൽ 11ഉം മൂന്നാം ഘട്ടത്തിൽ 15ഉം സർവീസുകളാണ് ഒമാനിൽ നിന്ന് അനുവദിച്ചിരുന്നത്. മൂന്നാം ഘട്ട സർവീസുകൾ പുരോഗമിക്കുകയാണ്. ഇന്ത്യൻ എംബസിയിൽ റജിസ്റ്റർ ചെയ്തവരിൽ നിന്ന് മുൻഗണനാ ക്രമത്തിലാകും യാത്രക്കാരെ തിരഞ്ഞെടുക്കുക.

**കേരളത്തിലേക്കുള്ള നാലാം ഘട്ട സർവീസുകൾ ചുവടെ:**

ജൂൺ 10: സലാല കൊച്ചി, കോഴിക്കോട്
ജൂൺ 12: മസ്കത്ത് തിരുവനന്തപുരം
ജൂൺ 14: മസ്കത്ത് കണ്ണൂർ
ജൂൺ 17: മസ്കത്ത് കൊച്ചി
ജൂൺ 18: മസ്കത്ത് തിരുവനന്തപുരം
ജൂൺ 19: മസ്കത്ത് കൊച്ചി, കോഴിക്കോട്



# കോവിഡ്: സൗദിയിൽ 24 മണിക്കൂറിനിടെ 32 മരണം; 1975 പേർക്ക് പുതുതായി രോഗം

**ദമാം:** സൗദിയിൽ കൊവിഡ് ബാധിച്ച് 24 മണിക്കൂറിനിടെ 32 പേർ മരിക്കുകയും 1,975 പേർക്ക് പുതുതായി വൈറസ് ബാധ സ്ഥിരീകരിക്കുകയും ചെയ്തതായി ആരോഗ്യ മന്ത്രാലയം അറിയിച്ചു.

ഇതോടെ രാജ്യത്തെ ആകെ കൊവിഡ് ബാധിതരുടെ എണ്ണം 93,157 ഉം മരണ സംഖ്യ 611 ഉം ആയി.

806 പേർ രോഗമുക്തരായി. ഇതോടെ രാജ്യത്ത് രോഗം ഭേദമായവരുടെ എണ്ണം 68,965 ആയി.

രോഗബാധിതരിൽ 23,581 പേരാണ് ചികിത്സയിലുള്ളത്. ഇവരിൽ 1,381 പേർ ഗുരുതരാവസ്ഥയിലാണ്. റിയാദ് 675, മക്ക 286 , ജിദ്ദ 259 , മദീന 124, ഹുഫൂഫ് 112, ദമാം 53, അൽ ഖത്തീഫ് 49, എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ രോഗബാധിതരുള്ളത്.

## ഖത്തറിൽ 24 മണിക്കൂറിനിടെ 1581 പുതിയ കോവിഡ് കേസുകൾ

**ദോഹ:** ഖത്തറിൽ ഇന്ന് 1581 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ഇതോടെ രാജ്യത്ത് രോഗബാധിതരുടെ എണ്ണം 63,741 ആയി. രാജ്യത്ത് ഇതുവരെയുള്ള മരണസംഖ്യ 45 ആണ്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 1926 പേർ കൂടി രോഗമുക്തി നേടി.

ഇതോടെ ആകെ രോഗമുക്തി നേടിയവരുടെ എണ്ണം 39,468 ആയി. സുഖപ്പെട്ടവരുടെ എണ്ണം വർധിച്ചതോടെ ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 24,228 ആയി കുറഞ്ഞിട്ടുണ്ട്.

239 പേർ തീവ്ര പരിചരണ വിഭാഗത്തിലാണെന്നും ഖത്തർ പൊതുജനാരോഗ്യ മന്ത്രാലയം അറിയിച്ചു.

പുതുതായി 4649 കൊവിഡ് പരിശോധനകൾ കൂടി രാജ്യത്ത് നടത്തി. ഇതോടെ ഖത്തറിൽ ആകെ നടത്തിയ കൊവിഡ് പരിശോധനകളുടെ എണ്ണം 241086 ആയി.



# ആപ്പിളിന്റെ പുതിയ ഐഫോൺ 12 സീരീസ് അവതരിപ്പിക്കുന്നത് നവംബറിലേയ്ക്ക് മാറ്റി

കൊറാണ ഭീതി വിതയ്ക്കുന്ന സാഹചര്യത്തിൽ ആപ്പിളിന്റെ പുതിയ ഐഫോൺ 12 സീരീസ് അവതരിപ്പിക്കുന്നത് കുറഞ്ഞത് രണ്ട് മാസമെങ്കിലും വൈകിയേക്കാം എന്ന് റിപ്പോർട്ട്. സാധാരണ സെപ്റ്റംബർ പകുതിയോടെയാണ് ഐഫോൺ ലോഞ്ച് നടക്കാറ്. ഈ വർഷം നവംബറിൽ നടക്കുമെന്നാണ് റിപ്പോർട്ടുകൾ.

ഇൻവെസ്റ്റ്മെന്റ് ബാങ്ക് കോവന്റെ റിപ്പോർട്ട് അനുസരിച്ച്, ആപ്പിളിന്റെ രണ്ടാം പാദ ഉത്പാദനം3.5 കോടി യൂണിറ്റായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആദ്യ പാദത്തിൽ നിന്ന് 5 ശതമാനം ഇടിവാണിത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ നിന്ന് 13 ശതമാനം ഇടിവും കാണിക്കുന്നു.

ഉൽപാദന വിതരണ ശൃംഖല സാധാരണ ഔട്ട്പുട്ട് നിരക്കിലേക്ക് മടങ്ങിയെത്തിയെങ്കിലും വിൽപ്പന ഇപ്പോഴും അനിശ്ചിതത്വത്തിലാണെന്ന് വിപണി നിരീക്ഷകർ പറയുന്നത്. രണ്ടാം പാദത്തിൽ ആപ്പിളിന്റെ ഐഫോൺ കയറ്റുമതി മൂന്നു കോടിയിലെത്തുമെന്നാണ് പ്രതീക്ഷ.

WANTED
- MARKETING EXECUTIVE
- ONLINE NEWS EDITOR
- ONLINE REPORTER
- SUB EDITOR TRAINEES

Contact: 7594881071

കേരള പ്രണാമം
കേരളത്തിന്റെ സ്വന്തം പത്രം



സംസ്കൃതി

# ലക്ഷ്മീ ഭഗവതിയും ജ്യേഷ്ഠയും

(കഴിഞ്ഞ ലക്കം തുടർച്ച) ഒരിക്കൽ ലക്ഷ്മീഭഗവതിയും ജ്യേഷ്ഠാ ഭഗവതിയും കൂടി ഒരു സായാഹ്ന സവാരിക്കിറങ്ങി. ഗ്രാമത്തിലെ തെരുവിൽ ക്കൂടി അവരങ്ങനെ കഥകൾ പറഞ്ഞു നടക്കുകയാണ്. ആ സമയം വഴിയരുകിലുള്ള ഒരു ഭവനത്തിൽ നിന്നും അതിമധുരമായ സ്വരത്തിൽ ഒരാൾ ദേവിസ്തുതികൾ ആലപിക്കുന്നത് കേട്ടു. രണ്ടുപേരും അതിൽ ലയിച്ച് അവിടെനിന്നു. അപ്പോൾ ജ്യേഷ്ഠ പറഞ്ഞു: 'അനുജത്തീ നിന്നെ സ്തുതിച്ചു കൊണ്ടുള്ള കീർത്തനം ആരോ ആലപിക്കുന്നത് കേട്ടില്ലേ? അത് കേട്ടിട്ടും നീ എന്താണ് അവിടെത്തന്നെ നിൽക്കുന്നത്. ഒന്ന് കയറിയിട്ടു വരൂ.'' 'ശരി' എന്ന് പറഞ്ഞ് ലക്ഷ്മീദേവി ആ ഭവനത്തിലേക്ക് കയറാൻ ഒരുങ്ങി. എന്നാൽ നടവാതിൽക്കലെത്തിയ ദേവി അവിടെത്തന്നെ വിഷമിച്ച് നിന്നു. കാരണം ആ ഭവനം വളരെ വൃത്തിഹീനമായിരുന്നു. നായ്ക്കളുടെയും പൂച്ചകളുടെയും മറ്റും വിസർജ്ജ്യ വസ്തുക്കൾ അവിടവിടെ വീണു കിടന്നിരുന്നു. കോഴികൾ അതെല്ലാം ചികഞ്ഞു നടക്കുന്നു.

കുളിക്കാതെയും വൃത്തിയില്ലാതെയും അല്പ വസ്ത്രധാരികളായ രണ്ടുമൂന്നു കുട്ടികൾ ഇവയുടെ ഇടയിൽക്കൂടി തമ്മിൽത്തല്ലി നടക്കുന്നു. പശുത്തൊഴുത്തും വളരെ വൃത്തിഹീനമായിരുന്നു. അതിൽ ഒരു പശു എല്ലും തോലുമായി നിന്ന് കരയുന്നു. ഗൃഹനാഥ തലയ്ക്ക് കൈയും കൊടുത്ത് പാടുന്ന ആളിനെ ശകാരിച്ചു കൊണ്ടിരിക്കുന്നു. ഈയൊരവസ്ഥയിൽ ലക്ഷ്മീദേവിക്ക് അങ്ങോട്ട് നോക്കുന്നതിനു പോലും സാധിച്ചില്ല. ദേവി ജ്യേഷ്ഠയോട് പറഞ്ഞു: ''ദേവീ ഇത് എനിക്കിരിക്കാൻ പറ്റിയ ഇടമല്ല. അവിടുത്തേക്ക് പറ്റിയ സ്ഥലമാണ്. 'അതെയോ' എന്ന ചോദിച്ച് സന്തോഷത്തോടു കൂടി ജ്യേഷ്ഠ ആ വീടിനുള്ളിലേക്ക് കാലെടുത്തു വെച്ചതും അവരുടെ ഏക വരുമാനമാർഗമായിരുന്ന പശു നിലത്തു വീണ് ചത്തു. തുടർന്ന് അവിടെ കൂട്ടക്കരച്ചിലും ബഹളവുമാണ് കേട്ടത്. രണ്ടുപേരും വീണ്ടും മുമ്പോട്ടു തന്നെ നടന്നു. കുറച്ചു ദൂരം ചെന്നപ്പോൾ മറ്റൊരു വീട്ടിൽ നിന്നും ഒരു പശുവിൻറെ ദീനമായ കരച്ചിൽ കേട്ടു.



അതെന്താണെന്ന് അറിയുന്നതിനായി രണ്ടുപേരും അവിടെത്തന്നെ നിന്നു. പതിവുപോലെ ആദ്യം ലക്ഷ്മീദേവിയാണ് അകത്തേക്ക് കയറിയത്. അവിടെക്കണ്ട കാഴ്ചകൾ ദേവിയെ സന്തോഷഭരിതയാക്കി. വീടും പരിസരവും തൂത്ത് ചാണകം തളിച്ച് ശുദ്ധമാക്കിയിട്ടിരിക്കുന്നു. പൂമുഖത്ത് നിലവിളക്ക് കത്തിച്ചു വച്ചിരിക്കുന്നു. ചന്ദനത്തിരിയുടെ സുഗന്ധം അവിടെയെങ്ങും നിറഞ്ഞുനിൽക്കുന്നു. ഗൃഹനാഥനും കുട്ടികളും പൂമുഖത്തിരുന്ന് നാമം ജപിക്കുന്നു. തൊഴുത്തിലേക്ക് നോക്കിയ ദേവി വളരെ സന്തോഷവതിയായി. കാരണം അവിടെ ഒരു പശു പ്രസവിക്കുന്നതിനുള്ള ആരംഭമാണ്. ആ വീട്ടമ്മ അതിൻറെ വീർത്ത വയറിൽ തലോടിയും സമാധാനിപ്പിച്ചും ഈശ്വരനാമം ഉരുവിട്ടുകൊണ്ട് നിൽക്കുന്നു. ലക്ഷ്മീദേവി ആ മുറ്റത്തേക്ക് കാലെടുത്തുവച്ചതും പശു പ്രസവിച്ചതും ഒന്നിച്ചായിരുന്നു. ഒരു പശുക്കിടാവ്. ആ വീട്ടമ്മ പശുക്കിടാവിനെ കണ്ടതും സന്തോഷംകൊണ്ട് 'അമ്മേ മഹാമായേ നീ തുണച്ചു.

മഹാലക്ഷ്മിയെപ്പോലെ ഇവൾ പിറന്നല്ലോ' എന്നു പറഞ്ഞു. അതുകേട്ടതും ദേവി അറിയാതെ പുഞ്ചിരിച്ചുപോയി. ആ പുഞ്ചിരി ആ ഗൃഹത്തിൽ സമസ്ത ഐശ്വര്യങ്ങളും നിറച്ചു. ലക്ഷ്മീദേവി തിരികെ ഇറങ്ങി കാത്തുനിന്ന ജ്യേഷ്ഠയോട് പറഞ്ഞു: 'വരൂ, ജ്യേഷ്ഠത്തി അങ്ങോട്ട് നോക്കുകയേ വേണ്ട നമുക്ക് യാത്ര തുടരാം.' അവർ മുമ്പോട്ട് നടന്നു. ( തുടരം )

# ഇപ്പോഴും മനസ്സിലായിട്ടില്ല, എന്തിനാണ് മോനിഷക്ക് ദേശീയ അവാർഡ് ലഭിച്ചതെന്ന് ശാരദക്കുട്ടി

അകാലത്തിൽ പൊലിഞ്ഞുപോയ മലയാളി പ്രേക്ഷകരുടെ പ്രിയപ്പെട്ട താരമാണ് മോനിഷ. മലയാളികളുടെ മാത്രമല്ല തെന്നിന്ത്യൻ സിനിമ പ്രേക്ഷകർക്കിടയിലും പ്രിയങ്കരിയായിരുന്നു താരം. ഒരു ചെറിയ സമയത്ത് മാത്രമേ മോനിഷക്ക് സിനിമയിൽ തിളങ്ങാൻ കഴിഞ്ഞുള്ളൂ. എന്നാൽ ആ ചെറിയ സമയം കൊണ്ട് തന്നെ മികച്ച ഒരുപിടി ചിത്രങ്ങളുടെ ഭാഗമാകാൻ താരത്തിനായി. . 1986ൽ തന്റെ ആദ്യ ചലച്ചിത്രമായ നഖക്ഷതങ്ങളിലെ അഭിനയത്തിനു മികച്ച നടിക്കുള്ള ദേശീയ അവാർഡ് നേടുമ്പോൾ 15 വയസ്സ് മാത്രമായിരുന്നു പ്രായം.



ഇപ്പോഴിതാ, നടിക്ക് ദേശീയ പുരസ്കാരം കൊടുത്തതിൽ വിമർശിച്ച് എഴുത്തുകാരിയും അധ്യാപികയുമായ ശാരദക്കുട്ടി. ഫേസ്ബുക്ക് പോസ്റ്റിലൂടെയായിരുന്നു പ്രതികരണം. മോനിഷക്ക് മികച്ച നടിക്കുള്ള അവാർഡ് ലഭിച്ചത് എന്തിനാണെന്ന് ഇപ്പോഴും മനസ്സിലായിട്ടില്ലെന്ന് ശാരദക്കുട്ടി ചോദിക്കുന്നു. മോനിഷ എന്ന നടിക്ക് എന്തിനാണ് മികച്ച നടിക്കുള്ള ദേശീയ അവാർഡ് കിട്ടിയതെന്ന് എനിക്കിപ്പോഴും മനസ്സിലായിട്ടില്ല. ആരോടൊക്കെ ആയിരിക്കും അന്നവർ മത്സരിച്ചിരിക്കുക?ആരൊക്കെ ആയിരുന്നിരിക്കും ജൂറി അംഗങ്ങൾ? മലയാളത്തിൽ നിന്നുള്ള ജൂറി അംഗം ആരായിരുന്നിരിക്കും?

നഖക്ഷതങ്ങൾ കാണുമ്പോഴൊക്കെ ഇതേ സംശയങ്ങൾ ആവർത്തിച്ച് തോന്നുകയാണ്. ഇങ്ങനെ യാതൊരു ചലനങ്ങളുമില്ലാത്ത ഒരു മുഖം മലയാളത്തിൽ മറ്റൊരു നടിയിലും ഞാൻ കണ്ടിട്ടില്ല. പിന്നീടും എല്ലാ സിനിമകളിലും ആ നിർജ്ജീവത അവർ പുലർത്തി.എന്റെ മാത്രം തോന്നലാകുമോ ഇത്? ശാരദക്കുട്ടി ഫേസ്ബുക്കിൽ കുറിച്ചു. പ്രശസ്ത സാഹിത്യകാരനും,തിരക്കഥാകൃത്തും,ചലച്ചിത്രസംവിധായകനുമായ എം.ടി. വാസുദേവൻ നായരാണ് മോനിഷയെ സിനിമയിലേയ്ക്ക് കൊണ്ട് വരുന്നത്. എം.ടി. കഥയും, ഹരിഹരൻ സംവിധാനവും നിർവഹിച്ച 'നഖക്ഷതങ്ങൾ ആയിരുന്നു താരത്തിന്റെ ആദ്യ ചിത്രം. കൗമാരപ്രായത്തിലുള്ള ഒരു ത്രികോണ പ്രണയകഥയാണ് ഈ ചിത്രത്തിലേത്. മോനിഷയെ പോലെ തന്നെ പുതുമു താരമായിരുന്ന വിനീതായിരുന്നു ചിത്രത്തിൽ നായകനായി എത്തിയത്. (നഖക്ഷതങ്ങളുടെ റീമേക്ക്), ദ്രാവിഡൻ തുടങ്ങിയ തമിഴ് ചലച്ചിത്രങ്ങളിലും, രാഘവേന്ദ്ര രാജ്കുമാർ നായകനായി അഭിനയിച്ചിരുന്നു. ചിരംജീവി സുധാകർ (1988) എന്ന കന്നട ചിത്രത്തിലും അഭിനയിച്ചിട്ടുണ്ട്.



## തെലുങ്കിൽ പച്ചയമ്മാൾ ആയി പ്രിയാമണി; 'നരപ്പ'യുടെ ലുക്ക് പോസ്റ്റർ പുറത്ത്

മഞ്ജു വാര്യരും ധനുഷും ഒന്നിച്ച സൂപ്പർഹിറ്റ് ചിത്രം 'അസുരന്റെ' തെലുങ്ക് റീമേക്ക് 'നരപ്പ' ഒരുങ്ങുന്നു. മഞ്ജു അഭിനയിച്ച പച്ചയമ്മാൾ എന്ന വേഷത്തിൽ നടി പ്രിയാമണിയാണ് എത്തുന്നത്. താരത്തിന്റെ മുപ്പത്തിയാറാം ജൻമദിനത്തിൽ നരപ്പയുടെ ലുക്ക് പോസ്റ്റർ റിലീസ് ചെയ്തിരിക്കുകയാണ് അണിയറപ്രവർത്തകർ. വെങ്കടേഷ് ആണ് ചിത്രത്തിൽ നായകനായെത്തുന്നത്. ശ്രീകാന്ത് അഡ്ഡലയാണ് സംവിധാനം ചെയ്യുന്നത്. സുരേഷ് പ്രൊഡക്ഷൻസും കലൈപുലി എസ് തനു വി ക്രിയേഷൻസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. തമിഴിൽ നിന്നും ചില വ്യത്യാസങ്ങൾ നരപ്പയിലുണ്ടാകുമെന്നാണ് റിപ്പോർട്ടുകൾ.

# മതമില്ലയെങ്കിലും വാഴാം മരമില്ലയെങ്കിൽ വാഴില്ല



ശ്രീമൻ നാരായണൻ

ജൂൺ മഴത്തുള്ളികളുടെ മേളപ്പെരുക്കങ്ങൾ അകമ്പടി സേവിക്കുന്ന പരിസ്ഥിതിദിന സന്ദേശങ്ങൾ മനുഷ്യഹൃദയങ്ങൾ കൂടുതൽ ആർദ്രതയോടും ഏറെ ഗൗരവത്തോടും സ്വീകരിക്കേണ്ടതുണ്ട്.

''നമുക്കു ജീവിക്കാൻ ഈ ഒരു ഭൂമി മാത്രം'' ഇതായിരുന്നു 1973 ൽ പരസ്ഥിതി ദിനാചരണത്തിന് തുടംകുറിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭ നൽകിയ സന്ദേശം. അന്ന് ലോക ജനസംഖ്യ 391 കോടിയായിരുന്നു. ആ 391 ൽ നിന്നും 2020 ൽ ജനസംഖ്യ 760 കോടിയായി വളർന്നു. ഭൂമി ഒരിഞ്ചുപോലും വളർന്നില്ല, ഏറെ തളരുകയും ചെയ്തു.

ഒരാൾക്ക് ഒരു ദിവസം ശ്വസിക്കാൻ വേണ്ടത് 650 ഗ്രാം ഓക്സിജൻ ആണ്. ഒരു മരം ഒരു ദിവസം ഉല്പാദിപ്പിക്കുന്ന ഓക്സിജന്റെ അളവ് 23.3 ഗ്രാമാണ്. അതായത് ഒരു മനുഷ്യന് ഒരു ദിവസം ശ്വസിക്കാൻ 28 മരങ്ങൾ വേണം. 760 കോടി ജനങ്ങൾക്ക് എത്ര മരങ്ങൾ വേണ്ടിവരും? അല്ലെങ്കിൽ 140 കോടി ഇന്ത്യക്കാർക്ക് എത്ര മരങ്ങൾ വേണ്ടിവരും? അതുമല്ലെങ്കിൽ മൂന്നരക്കോടി മലയാളിക്ക് എത്ര മരങ്ങൾ വേണ്ടിവരും? ചിന്തിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. അതുകൊണ്ട് ഉറപ്പിച്ചോളൂ: മരമില്ലയെങ്കിൽക്കഴിഞ്ഞു - പിന്നെ മരണമാണെങ്ങും മനുഷ്യാ! മതമില്ലയെങ്കിലും വാഴാം - എന്നാൽ മരമില്ലയെങ്കിൽ വാഴില്ല

'ദൈവം മരങ്ങളെ വരൾച്ചയിൽനിന്നും കൊടുങ്കാറ്റിൽ നിന്നും മഹാപ്രളയത്തിൽ നിന്നും രക്ഷിച്ചു. മനുഷ്യന്റെ വിഡ്ഢിത്തത്തിൽനിന്നും മരങ്ങളെ രക്ഷിക്കാൻ ദൈവത്തിനു കഴിഞ്ഞില്ല' എന്ന ജോൺ മൂയറുടെ വിലാപം പരിസ്ഥിതി ദിനത്തിലെ കലാപമാണ്.

മനുഷ്യന്റെ ജീവനും ആരോഗ്യവും നിലനിർത്തുന്നത് മരങ്ങളാണല്ലൊ. മരങ്ങളുടെ പ്രധാന്യത്തെ ഉൾക്കൊണ്ടു പ്രവർത്തിക്കുന്നതിൽ നാം തീർത്തും പരാജയപ്പെട്ടിരിക്കയാണ്. പൂർവ്വികർ മരങ്ങളെ ആരാധനയോടെയാണ് സമീപിച്ചിരുന്നത്. നമ്മുടെ സമീപനം മിക്കവാറും വൈകല്യങ്ങൾ നിറഞ്ഞതും! നാം തടിയുടെ മൂല്യം നോക്കിയാണ് വൃക്ഷത്തിന് വിലയിടുന്നത്. അച്ഛനും അമ്മയും കേവലം മനുഷ്യനെന്നതിലുമപ്പുറം മറ്റെന്തൊക്കെയുമാണെന്ന് നാം അറിയുന്നില്ല!

ദശ കൂപ സമാ വാപി
ദശ വാപി സമാ ഹ്രദഃ
ദശ ഹ്രദ സമാ പുത്ര
ദശ പുത്ര സമഃ ദ്രുമഃ

പത്തു കിണർ ഒരു കുളത്തിനു സമം. പത്തു കുളം ഒരു തടാകത്തിനു സമം. പത്തു തടാകം ഒരു പുത്രനു സമം. പത്തു പുത്രൻ ഒരു വൃക്ഷത്തിനു സമം. ഇതാണ് വൃക്ഷത്തിന് പൂർവ്വികാചാര്യന്മാർ നല്കിയ നിർവ്വചനം. അതുകൊണ്ട് ഈ ഭൂമി വിട്ടുപോകുമ്പോൾ ''ഞാൻ നട്ടുവളർത്തിയ ഒരു വൃക്ഷം ഇവിടെ വളരുന്നുണ്ട്'' എന്ന് മിനിമം ആശ്വസിക്കാനെങ്കിലും നമുക്കു കഴിയണം!

ഈ ഭൂമി അമ്മയാണ്, അച്ഛനാണ്, ഗുരുവാണ്, ദൈവമാണ് നമ്മുടെ എല്ലാമാണ്. നമ്മെ ഊട്ടുന്നതും ഉറക്കുന്നതും ഉണർത്തുന്നതും ഈ ഭൂമിയാണ്. ആ അമ്മക്ക് ഒരാപത്തും സംഭവിക്കരുത്. നമ്മുടെ ഭൂമിയെ രക്ഷിക്കാൻ നാം ആഫ്രിക്കയിലോ അമേരിക്കയിലോ ഒന്നും പോകണ്ട. നാം നില്ക്കുന്ന ഇടമാണ് നമ്മുടെ ഭൂമി. നാം ഓരോരുത്തരും നമ്മുടെ പരിസരം മലിനമാകാതെ സൂക്ഷിച്ചാൽ മതി. ആരും കാണുന്നില്ലെങ്കിൽ ഏതു മാലിന്യവും എവിടേയും വലിച്ചെറിയാം എന്ന കുടിലചിന്ത പോകണം. അപ്പോൾ ഭൂമി നന്നാവും. ''ദൈവം മനുഷ്യനു ചിറകുകൾ നല്കാഞ്ഞതു നന്നായി. അല്ലെങ്കിൽ അവൻ ആകാശത്തും മാലിന്യങ്ങൾ വിതറിയേനെ'' എന്ന് ഒരു ചിന്തകൻ പറഞ്ഞതോർക്കുന്നു. ഈ പരിസ്ഥിതി ദിനം മുതലെങ്കിലും നമുക്ക് ഭൂമിയെപ്പറ്റി, പ്രകൃതിയെപ്പറ്റി കരുതലുള്ളവരാകാം. നമുക്ക് നമ്മുടെ കാവലാളാകാം!























ഇനിയും നാം ജാഗ്രത കാണിച്ചില്ലെങ്കിൽ കൃത്രിമമായി നിർമ്മിച്ച മഴയും ഓക്സിജനുമായി അതികകാലം ഈ ഭൂമിയിൽ നമുക്ക് ജീവിക്കാനാവില്ല എന്നത് തീർച്ചയാണ്. അതിനാൽ മനുഷ്യനെ പ്രകൃതിയുമായി എന്തുവിലകൊടുത്തും ഇണക്കിചേർക്കേണ്ട ഉത്തരവാദിത്തം മനുഷ്യരായ നമുക്ക് തന്നെയാണ്.

എല്ലാ വർഷവും ജൂൺ അഞ്ചാണ് ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും അവയെക്കുറിച്ച് അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് 1972 മുതൽ ഐക്യരാഷ്ട്രസഭ ഈ ദിനാചരണം ആരംഭിച്ചത്. 2018ലെ പരിസ്ഥിതി സന്ദേശം പ്ലാസ്റ്റിക് മലിനീകരണം തടയുക എന്നതും 2019ലെ വായു മലിനീകരണം പ്രതിരോധിക്കുക എന്നതുമായിരുന്നു. ഈ വർഷത്തെ പരിസ്ഥിതി സന്ദേശം ടൈം ഫോർ നേച്ചർ (പ്രകൃതിക്കു വേണ്ടി സമയം) എന്നതാണ്. ആരോഗ്യവാനായ വ്യക്തി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ശാരീരികവും മാനസികവും സാമാജികവും ആദ്ധ്യാത്മികവുമായി പൂർണ്ണമായ അവസ്ഥയിലുള്ള ആളാണ് എന്നതാണ്. വ്യക്തികൾ ആരോഗ്യമുള്ളവരായിരിക്കാൻ സമാജത്തിൽ രണ്ടു തരത്തിലുള്ള വ്യവസ്ഥകൾ ആവശ്യമാണ്. ഒന്നാമത്തേത് സുരക്ഷാത്മക വ്യവസ്ഥ. രണ്ടാമത്തേത് ശുശ്രൂഷാത്മക വ്യവസ്ഥ. വ്യക്തികളുടെ ആരോഗ്യത്തിന് ഗുണകരമായതും രോഗം വരാതെ സൂക്ഷിക്കുന്നതുമായ കാര്യങ്ങളാണ് സുരക്ഷാത്മക വ്യവസ്ഥയിൽ വരുന്നത്. വൃത്തിയുള്ള ആഹാരം, പാർപ്പിടം, ശുദ്ധജലം, ശുദ്ധവായു, ശുദ്ധമായ അന്തരീക്ഷം ഇവ അതീവ പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്.പ്രകൃതി ദുരന്തങ്ങളും കാലാവസ്ഥാ മാറ്റങ്ങളും മനുഷ്യമനസുകളെ ആശങ്കയിലും ഭീതിയിലുമാക്കുന്നു. പ്രകൃതിക്കെതിരെ നിരന്തരമായി മനുഷ്യൻ നടത്തുന്ന സ്വാർത്ഥപരവും വിവേകശൂന്യവുമായ പ്രവൃത്തികൾ ഭൂമിയിൽ ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായി മാറിക്കഴിഞ്ഞു. വീണ്ടുവിചാരമില്ലാത്ത പ്രകൃതി ചൂഷണം കാരണം പ്രകൃതി തന്നെ നശിച്ചു തുടങ്ങി. വായുവും വെള്ളവും ഭൂമിയും വിഷമയമായി തീർന്നു. സ്വന്തം മാതാവിനെ പോലെ പ്രകൃതി മാതാവിനെ പരിരക്ഷിക്കാൻ കടപ്പെട്ടവരാണ് നമ്മൾ. പൂർവികർ നമുക്ക് നൽകിയ മനോഹരമായ ഈ ലോകം അതുപോലെ ഭാവി തലമുറക്ക് കൈമാറാൻ നാം ബാദ്ധ്യസ്ഥരാണ് എന്നോർക്കുക. പ്രകൃതി സംരക്ഷണത്തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - പച്ചപ്പുകൾ സംരക്ഷിക്കുക, ജലാശയങ്ങൾ ശുചിയായി സൂക്ഷിക്കുക, കീടനാശിനികൾ ഉപേക്ഷിക്കുക, ജൈവവളം ഉപയോഗിക്കുക, മഴവെള്ളം സംഭരിക്കുക, പച്ചക്കറി കൃഷിയും പൂന്തോട്ടവും നിർബന്ധമാക്കുക, അന്തരീക്ഷ മലിനീകരണം തടയുക, പ്രകൃതിയെ സംരക്ഷിക്കാനായി വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുക.ആരോഗ്യമുള്ള വ്യക്തി, കുടുംബം, ഗ്രാമം, രാഷ്ട്രം എന്നതിലേക്കായി ആരോഗ്യസംരക്ഷണം വളരെ പ്രാധാന്യം അർഹിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങൾ രോഗങ്ങളിലേക്ക് നയിക്കുന്നു. ഔഷധ സസ്യങ്ങൾ നടുന്നത് ആത്മീയ പ്രാധാന്യമുള്ളതും രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്നതും സർവോപരി സാമൂഹിക സേവനത്തിന്റെ ഭാഗവുമാണ്.

'പ്രകൃതി സംരക്ഷണം' എന്നത് 'ജീവിത ശൈലി' ആയി മാറട്ടെ. മഴക്കാല രോഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും മുക്തി നേടുവാൻ....... നല്ലൊരു നാളേക്കായ്... കരുതലോടെയിരിക്കാം.......ശുചിത്വം പാലിക്കുക..



എം.മെഹബൂബ്
സംസ്ഥാന പ്രസിഡന്റ്



പി.എച്ച്. രാമചന്ദ്രൻ
സംസ്ഥാന ജന.സെക്രട്ടറി



ജേക്കബ്ബ് പീറ്റർ
സംസ്ഥാന ജന.സെക്രട്ടറി ചീഫ്



സാജു തോമസ്
സംസ്ഥാന സീനിയർ വൈസ് പ്രസിഡന്റ്



സാജു ജോയ്സൺ
സംസ്ഥാന ട്രഷറർ



മുഹമ്മദ് ഇക്ബാൽ ഖാൻ
സംസ്ഥാന ജന.സെക്രട്ടറി

ആശംസകളോടെ

**ലോക് ജനശക്തി പാർട്ടി (എൽ.ജെ.പി.)**
**എറണാകുളം ജില്ലാകമ്മിറ്റി**



ലെനിൻ മാത്യു
എറണാകുളം ജില്ലാ പ്രസിഡന്റ്

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar, Managing Editor: P. A Alexander. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com